COLLEGE MAGAZINE 2025-26



# ARTICLE 19

MALABAR CHRISTIAN COLLEGE, KOZHIKODE

**V.D.SATHEESAN**
CHIEF MINISTER
KERALAM


Message

I am pleased to extend my greetings to Malabar Christian College, Kozhikode, on the publication of its college magazine, “Article 19”, for the academic year 2025–26.

I hope that “Article 19” will provide a vibrant platform for the creative expressions, ideas and perspectives of the students and further enrich the academic life of the college.

My best wishes to the management, faculty, students and everyone associated with the publication. May the magazine be a meaningful and memorable reflection of the spirit of the institution.

**V. D. SATHEESAN**




...overnment Secretariat
...ram 695001
...r@kerala.gov.in

**ROJI M JOHN**
MINISTER FOR HIGHER EDUCATION

Room No. 401,
Annexe - 1
Government Secretariat
Thiruvananthapuram, Kerala
Ph: 0471-2327786
2327893

No. 397/M (H.Edn)/2026

3 September, 2026

## MESSAGE

I am happy to learn that Malabar Christian College, Calicut, is bringing out its college magazine, **"Article 19,"** for the academic year 2025–26.

With its proud legacy spanning more than a century, Malabar Christian College has been an enduring beacon of learning in Kerala, particularly in the Malabar region. Across generations, its classrooms have nurtured young minds, its corridors have carried the voices of generations of students, and its academic tradition has contributed meaningfully to the intellectual and social fabric of the State.

The very title, **"Article 19,"** evokes the spirit of freedom of thought and expression, reminding us of the importance of giving young minds the confidence and space to question, reflect, create, and speak.

I congratulate the editorial board and the entire college community for their dedicated efforts in bringing out this edition. May these pages capture not only the vibrancy of campus life, but also the curiosity, convictions, dreams, and aspirations of its students.

With regards,

Yours sincerely,

**Roji M John**



**M K RAGHAVAN**
**MEMBER OF PARLIAMENT**
(Lok Sabha)
KOZHIKODE, KERALA

Secretary
Congress Parliamentary Party
*24-25, Parliament House*
*New Delhi, 110 001*

सत्यमेव जयते

Member:
• Estimates Committee
• Standing Committee on Railways
• Coconut Development Board

804, Kaveri Apartment
Dr. B D Marg, New Delhi, 110 001

Ashoka, Madhuravanam Road
Civil Station PO, Kozhikode, 673 020

# MESSAGE

I am delighted to convey my warmest greetings to the students, faculty, and editorial team of Malabar Christian College on publication of your college magazine "Article 19" for the academic year 2025–26.

Choosing the title "Article 19" is both symbolic and profoundly relevant to our times. Article 19 of the Indian Constitution, which guarantees the fundamental right to freedom of speech and expression, stands as a cornerstone of our democratic ethos and reflects the enduring values of liberty, dissent, and the free exchange of ideas.

At a time when thoughtful discourse is essential for a healthy democracy, choosing a theme centered on freedom of expression underscores the crucial role our youth play in questioning systemic challenges and advocating for a more just society. Higher education institutions must remain vibrant spaces for open thought, critical inquiry and fearless articulation.

For over a century, Malabar Christian College has stood as a beacon of academic excellence and social enlightenment in northern part of Keralam. Its legacy in democratizing education and fostering egalitarian values has deeply enriched Kerala's social fabric, nurturing generations of progressive thinkers, and leaders.

I am confident that the creative writings and critical perspectives featured in this volume will inspire meaningful reflection.

I wish the magazine and everyone behind it all success.



(M K Raghavan)


Tel: 0495-2376622 | 0495-2376611 | 011-23355391 | Mob: 9013180178 | 9446063011
Email: calicutmp@yahoo.in | mk.raghavan@mpls.sansad.in

കോഴിക്കോടിന്റെ വിദ്യാഭ്യാസ, സാംസ്കാരിക, സാമൂഹിക ചരിത്രത്തിൽ ശ്രദ്ധേയമായ ഇടം നേടിയ മലബാർ ക്രിസ്ത്യൻ കോളേജിന്റെ പുതിയ മാഗസിന് ഹൃദയം നിറഞ്ഞ ആശംസകൾ.

1883–ൽ സ്ഥാപിതമായ മലബാർ ക്രിസ്ത്യൻ കോളേജ്, കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ ആദ്യകാല പ്രമുഖ സ്ഥാപനങ്ങളിലൊന്നാണ്. ഒരു നൂറ്റാിലേറെക്കാലത്തെ പാരമ്പര്യത്തിലൂടെ അറിവും മൂല്യബോധവും മാനവികതയും സമൂഹത്തോടുള്ള പ്രതിബദ്ധതയും തലമുറകളിലേക്ക് പകർന്നു നൽകിയ മഹത്തായ വിദ്യാഭ്യാസ സ്ഥാപനമാണ് ക്രിസ്ത്യൻ കോളേജ്. വിദ്യാഭ്യാസരംഗത്തും സാഹിത്യ–സാംസ്കാരിക മേഖലകളിലും സാമൂഹിക സേവന രംഗത്തും നിരവധി പ്രതിഭകളെ വാർത്തെടുക്കുന്നതിൽ ഈ കലാലയം വഹിച്ച പങ്ക് പ്രത്യേകം എടുത്തുപറയേതാണ്ടണ്.

കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് നവീന അറിവുകളെയും ആശയങ്ങളെയും സ്വീകരിക്കുമ്പോഴും, തന്റെ സമ്പന്നമായ പാരമ്പര്യവും മൂല്യങ്ങളും കാത്തുസൂക്ഷിക്കുന്നതാണ് ക്രിസ്ത്യൻ കോളേജിന്റെ സവിശേഷത. ഈ മഹത്തായ പാരമ്പര്യത്തിന്റെ തുടർച്ചയായി വിദ്യാർത്ഥികളുടെ സർഗാത്മകതയും ചിന്താശേഷിയും സാമൂഹിക പ്രതിബദ്ധതയും പ്രതിഫലിപ്പിക്കുന്ന വേദിയായി Article 19 എന്ന ഈ മാഗസിൻ മാറട്ടെ.

പുതിയ തലമുറയുടെ സ്വപ്നങ്ങൾക്കും ആശയങ്ങൾക്കും സർഗാത്മക കഴിവുകൾക്കും ഈ മാഗസിൻ മികച്ചൊരു വേദിയാകട്ടെ. 'Article 19' മാഗസിന്റെ അണിയറ പ്രവർത്തകർക്കും അധ്യാപകർക്കും പ്രിയപ്പെട്ട വിദ്യാർത്ഥികൾക്കും എല്ലാ വിജയങ്ങളും ആശംസിക്കുന്നു.



**അഡ്വ. കെ. ജയന്ത്**

എം.എൽ.എ., കോഴിക്കോട് നോർത്ത്

# Principal's Message

My dear Students, Teachers, Parents, Alumni, and Well-Wishers of the Malabar Christian College Community,

Warm greetings to you all, and welcome to this edition of our College Magazine.

It gives me immense pleasure to present "Article 19", a reflection of the vibrant life, creativity, achievements, and aspirations of our MCC community.

This year's theme, Article 19, celebrates the fundamental right to freedom of speech and expression. A college magazine is, in many ways, Article 19 in action a space to question, debate, disagree, create, write, paint, and express.

For 116 years, Malabar Christian College has upheld this spirit of freedom and education without discrimination. Our campus continues to be a place where ideas flourish and young minds find the courage to express themselves.

To every student who wonders, "Is my writing good enough?" your voice matters. Whether it is a single line or a four-page story, in English, Malayalam, or Manglish, your pen is your Article 19.

But freedom comes with responsibility. Be bold, but be kind. Be fearless, but be fair. Use your words to build, unite, and inspire.

I congratulate the editorial board and every contributor who has brought this magazine to life. These pages are not merely a collection of articles they are thoughts finding wings.

May MCC continue to learn, lead, and light the way.

Keep speaking. Keep writing. Keep questioning.
Your voice is your power. Use it well.

With pride and prayers,

**Dr.Sachin.P.James**
**Principal in Charge**
**Malabar Christian College, Calicut**



# Manager's Message

അറിവും മൂല്യബോധവും സർഗാത്മകതയും സാമൂഹിക പ്രതിബദ്ധതയും സമന്വയിപ്പിച്ചുകൊണ്ട് മുന്നേറുന്ന മലബാർ ക്രിസ്ത്യൻ കോളേജിന്റെ മറ്റൊരു മാഗസിൻ പുറത്തിറങ്ങുന്നതിൽ അതിയായ സന്തോഷവും അഭിമാനവും രേഖപ്പെടുത്തുന്നു.

ഒരു കോളേജ് മാഗസിൻ കേവലം അച്ചടിച്ച താളുകളുടെ സമാഹാരമല്ല. വിദ്യാർത്ഥികളുടെ ചിന്തകളുടെയും സ്വപ്നങ്ങളുടെയും കഴിവുകളുടെയും അനുഭവങ്ങളുടെയും പ്രതിഫലനമാണ് അത്. പഠനമുറികളുടെ പരിധികൾക്കപ്പുറം വിദ്യാർത്ഥികളിലെ സർഗാത്മകതയ്ക്ക് ചിറകുകൾ നൽകുകയും അവരുടെ ആശയങ്ങൾക്ക് വേദിയൊരുക്കുകയും ചെയ്യുന്നതിൽ മാഗസിനുകൾക്ക് വലിയ പങ്കുണ്ട്.

കാലത്തിന്റെ അതിവേഗ മാറ്റങ്ങൾക്കിടയിൽ, ഉന്നത വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അറിവ് പകരുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല. സത്യത്തെ അന്വേഷിക്കുന്ന, നീതിക്കുവേ നിലകൊള്ളുന്ന, സഹജീവികളോട് കരുണ കാണിക്കുന്ന, സമൂഹത്തോടും പ്രകൃതിയോടും ഉത്തരവാദിത്വം പുലർത്തുന്ന നല്ല മനുഷ്യരെ രൂപപ്പെടുത്തുക എന്നതും നമ്മുടെ ദൗത്യമാണ്. നമ്മുടെ വിദ്യാഭ്യാസ പാരമ്പര്യവും മൂല്യങ്ങളും ഇതിന് ശക്തമായ അടിത്തറ നൽകുന്നു.

പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റാനും, വ്യത്യസ്തതകളെ അംഗീകരിക്കാനും, സമൂഹത്തിന്റെ നന്മയ്ക്കായി തങ്ങളുടെ കഴിവുകൾ വിനിയോഗിക്കാനും നമ്മുടെ വിദ്യാർത്ഥികൾക്ക് കഴിയട്ടെ. അറിവിനൊപ്പം വിനയവും കഴിവിനൊപ്പം സ്വഭാവശുദ്ധിയും വിജയത്തിനൊപ്പം സാമൂഹിക ഉത്തരവാദിത്വവും കൈവരിക്കുന്ന ഒരു തലമുറയായി അവർ വളരട്ടെ.



**Mr. Sinoj Manjooran**
**Manager**
**Malabar Christian College, Calicut**



മലബാർ ക്രിസ്ത്യൻ കോളേജ് കൈവരിച്ച നേട്ടങ്ങളും തുടർച്ചയായ പുരോഗതിയും ഏറെ അഭിനന്ദനാർഹമാണ്. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കൂട്ടായ പരിശ്രമങ്ങളാണ് സ്ഥാപനത്തിന്റെ വളർച്ചയ്ക്കും മികവിനും പ്രധാനമായും വഴിയൊരുക്കുന്നത്.

"Article 19" യാഥാർത്ഥ്യമാക്കാൻ പ്രവർത്തിച്ച എഡിറ്റോറിയൽ ടീമിനും എല്ലാ സംഭാവനകർത്താക്കൾക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു. അവരുടെ ആത്മാർത്ഥമായ പരിശ്രമവും സമർപ്പണവും തീർച്ചയായും പ്രശംസനീയമാണ്.

വിദ്യാർത്ഥികൾക്ക് അവരുടെ ആശയങ്ങൾ പങ്കുവെക്കാനും കഴിവുകൾ പ്രകടിപ്പിക്കാനും നല്ല മാറ്റങ്ങൾക്ക് പ്രചോദനമാകാനും 'Article 19" ഒരു മികച്ച വേദിയായി മാറട്ടെ എന്ന് ആശംസിക്കുന്നു.

**അഹദ് സമാൻ**
യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ



# EDITORIAL BOARD

## FACULTIES





**Dr. Sachin P James**
Principal in Charge



**Dr. Akhil R Krishnan**
Staff Editor



**Dr. Biju Joseph**
Staff Advisor



**Dr.Suresh Puthenparambil**
Cultural in charge



**Saigeetha S**
Cultural in charge



**Christy Alex Varghese**
Editorial Board Member



**Dr. Shyama M P**
Editorial Board Member

## STUDENTS



**Sreekarthik Nambiar**
Magazine Editor



**Shifa Sherin**
Magazine Sub-Editor



Harinand



Fahad Koya



Sahal



Rithika Prasanth



Lakshmi P



Judet Margeret Isikya



Sahir T



Zaheen


# MCC UNION 2025-2026



**Sreerag PS**
Chairman



**Fathima N**
Vice Chairperson



**Muhammed Nihal KP**
General Secretary



**Megha Manoj**
Joint Secretary



**Abhilash C P**
General Captain



**Sreekarthik Nambiar**
Magazine Editor



Nihal Rahman K
**UUC**



Muhammed Sulthan KC
**UUC**



Anagha M G
**Fine Arts Secretary**



ADWAITH SHAJU
**1st DC Representatives**



Mhmd. Safraz M
**2nd DC Representatives**



Fadhi A
**3rd DC Representatives**



Sayish Krishna K
**PG Representative**



Helga Prasanth
**Zoology Association**




Sneha N T
**Chemistry Association**



Athulitha P
**Mathematics Association**



Adithyan M
**Physics Association**



Adithya A
**MCJ Association**



Adil B K
**Commerce Association**



Abhinandhana A
**Economics Association**



Anugrah P
**History Association**




Vishnupriya R V
**Malayalam Association**



Aysha Nashva M P
**English Association**



Sarang Shaiju P K
**B.Voc Association**


ഓരോ ചോദ്യവും ഒരു പുതിയ അന്വേഷണത്തിന്റെ
തുടക്കമാണ്.
ഓരോ സംശയവും ഒരു പുതിയ അറിവിലേക്കുള്ള
വാതിൽ തുറക്കുന്നു.
ആ അന്വേഷണങ്ങളുടെയും ചിന്തകളുടെയും
സർഗാത്മകമായ ആവിഷ്കാരമാണ്
ARTICLE 19

# സമത്വം സ്ത്രീപക്ഷമല്ല മനുഷ്യപക്ഷമാണ്



ഫെമിനിസം എന്ന വാക്ക് കേൾക്കുമ്പോൾ ഇന്നും പലരുടെയും മനസ്സിൽ ഉയരുന്ന ചിത്രം സ്ത്രീക്ക് വേണ്ടി മാത്രം സംസാരിക്കുന്ന പുരുഷനെ എതിർക്കുന്ന ഒരു ആശയമാണെന്നാണ്. എന്നാൽ യാഥാർത്ഥ്യത്തിൽ ഫെമിനിസം അതാണോ? ഫെമിനിസം ഒരു ലിംഗത്തിനെതിരെ നിൽക്കുന്ന ചിന്തയല്ല. മറിച്ച് അനീതിക്കെതിരെ നിൽക്കുന്ന മനുഷ്യചിന്തയാണ്. സമൂഹം സ്ത്രീയെ അടിച്ചമർത്തുന്നപോലെ തന്നെ പുരുഷനെയും ചില കർശനമായ പ്രതീക്ഷകളുടെ ചങ്ങലയിൽ പൂട്ടിയിടുന്നു.

'പുരുഷൻ കരയരുത്'

'വിഷമം കാണിക്കരുത്, എല്ലാം സഹിക്കണം'

എന്നിവ പുരുഷനോട് സമൂഹം ആവർത്തിച്ചുപറയുന്ന ഭംഗിവാക്കുകളാണ് എന്നതാണ് യാഥാർത്ഥ്യം. ഈ വാചകങ്ങൾ പലപ്പോഴും പുരുഷന്റെ ഉള്ളിലെ വേദനകളെ അടച്ചു പൂട്ടുകയാണ് ചെയ്യുന്നത്.

അടുത്തകാലത്തുണ്ടായ പല സംഭവങ്ങളും നമ്മെ ഈ കാര്യങ്ങളെക്കുറിച്ച് അഗാധമായി ചിന്തിപ്പിക്കുന്നു എന്നതാണ് സത്യം. അത് ഒരു മനുഷ്യന്റെ വേർപാട് മാത്രമല്ല സമൂഹത്തിന്റെ അധഃപതനം കൂടെയാണ്. സമൂഹത്തിൽ വളരുന്ന പരസ്പര അവഗണനയുടെ, അധികാരബോധത്തിന്റെ 'ഞാൻ ശരി' എന്ന അഹങ്കാരത്തിന്റെ ഭീകര ഫലമാണിത്. ഇവിടെ പ്രശ്നം സ്ത്രീയോ, പുരുഷനോ എന്നതല്ല. മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയാതെ പോകുന്ന മനോഭാവമാണ്.

സ്ത്രീകളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്തുന്നപോലെ എന്തുകൊണ്ട് പുരുഷന് വേണ്ടി ആയിക്കൂടാ...? അവരുടെ വേദന ചെറുതാക്കപ്പെടരുത്. ഫെമിനിസം ഒരു ലിംഗത്തിന്റെ വിജയത്തിനല്ല, നീതിയുടെ നിലനിൽപ്പിനാണ്. ഒരു സ്ത്രീയെ കേൾക്കുന്ന പോലെ അത് പുരുഷനെയും കൂടെ കേൾക്കുമ്പോഴാണ് അത് ഒരു സാമൂഹിക ബോധമായി മാറുന്നതും.

മനുഷ്യന്റെ വേദനകൾ പലപ്പോഴും ലിംഗത്തിനധിഷ്ഠിതമായാണ് ശ്രദ്ധിക്കപ്പെടുന്നതും വേണ്ട പരിഗണന ലഭിക്കുന്നതും. സ്ത്രീക്ക് എന്തുകൊണ്ട് മുൻഗണന നൽകുന്നു എന്ന ചോദ്യം പ്രസക്തമാണ്. അതിന് ഒരു ഒറ്റ ഉത്തരമേ ഉള്ളൂ, നൂറിൽ 94% വും പുരുഷന്മാരേക്കാൾ സ്ത്രീകൾ സമൂഹത്തിൽ നരകയാതനയും കൊടിയ വേദനകൾക്കും അതിക്രമങ്ങൾക്കും ഇരയാകുന്നു എന്നത്.

പക്ഷെ ഈ സ്ത്രീക്കൊപ്പം പുരുഷനും ഒരേ രീതിയിൽ ആക്രമിക്കപ്പെടുന്നുണ്ട്. ഫെമിനിസം സ്ത്രീകളെ ഉയർത്തുന്നതിനൊപ്പം പുരുഷന്മാരെ താഴ്ത്തേണ്ടതില്ല. ചിലർക്ക് ഇപ്പോഴുള്ള തെറ്റിദ്ധാരണ സ്ത്രീക്ക് വേണ്ടി മാത്രം നിലകൊള്ളുന്ന ഒന്നാണ് ഇത് എന്നതാണ്. ഇത് മുതലെടുക്കുന്ന പല സ്ത്രീകളും ഉണ്ട്. 'ഒരു സ്ത്രീക്ക് ശത്രു മറ്റൊരു സ്ത്രീ തന്നെയാണ്' എന്ന വസ്തുതയാണ് ഇവിടെ ഊന്നുന്നതും.

ചിലർക്ക് സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടിയുള്ള ശക്തമായ ശബ്ദമാണ് ഫെമിനിസം. മറ്റുചിലർക്ക് പുരുഷന്മാർക്കെതിരെയുള്ള ആരോപണമായി തോന്നുന്നു. എന്നാൽ യാഥാർത്ഥ്യത്തിൽ ഇത് ഇവരിന്റെയും അതിർവരമ്പുകൾക്കപ്പുറത്തുള്ള ഒരു മനുഷ്യബോധമാണ് എന്ന സത്യം പലപ്പോഴും നാം മറക്കുന്നു.

പല മനുഷ്യരുടെയും ആത്മഹത്യ വെറുമൊരു വ്യക്തിഗത ദുരന്തമായി മാത്രം കാണാൻ കഴിയില്ല.

അത് നമ്മുടെ സാമൂഹികഘടനയിലെ പല വിള്ളലുകളും തുറന്നു കാട്ടുന്നു. കേൾക്കപ്പെടാത്ത വേദന അവഗണിക്കപ്പെടുന്ന വികാരങ്ങൾ 'നീ സഹിക്കണം' എന്ന നിർദയമായ മനോഭാവം ഇവയെല്ലാം ചേർന്നാണ് ഒരാളെ ജീവിതത്തിൽ നിന്ന് പിന്മാറാൻ പ്രേരിപ്പിക്കുന്നത്.

ഫെമിനിസം ചരിത്രപരമായി സ്ത്രീകൾ അനുഭവിച്ച അനീതികൾക്കെതിരായ പ്രതികരണമായി ഉയർന്നു വന്നത്. അത് അനിവാര്യവും നീതിപൂർവ്വവുമായിരുന്നു. എന്നാൽ കാലം മാറുമ്പോൾ ആശയങ്ങളും വളരണം. സ്ത്രീകളുടെ വേദനയ്ക്ക് ശബ്ദമാകുന്ന ഫെമിനിസം, പുരുഷന്മാരുടെ മാനസിക പീഡനങ്ങളെ നിശബ്ദമാക്കുന്നുവെങ്കിൽ അത് സ്വന്തം ലക്ഷ്യത്തിൽ നിന്ന് വഴി തെറ്റുന്നതാണ്.

സ്ത്രീയെപ്പോലെ തന്നെ ഈ തുല്യാവകാശത്തിന് അർഹനല്ലേ പുരുഷനും? സ്ത്രീയും പുരുഷനും സമന്മാരാണ് ആ സമത്വം തന്നെയാണ് നിറവേറേണ്ടതും. സമത്വമുള്ളൊരു സമൂഹം ആഗ്രഹിക്കുന്ന ഓരോ യുവാവും ഫെമിനിസ്റ്റ് തന്നെയാണ്.





സ്ത്രീകളെ മനഃപൂർവ്വം ദുരുപയോഗം ചെയ്യുന്ന പുരുഷന്മാരുണ്ട് ഇല്ല എന്നല്ല എന്റെ വാദം. എന്നാൽ എല്ലാവരും ഒരുപോലെയല്ല എന്നതാണ്. സ്ത്രീകൾ ചിലപ്പോൾ സാമ്പത്തികലാഭത്തിനായും മറ്റും പുരുഷന്മാരിൽ സമ്മർദ്ദം ചെലുത്തി നിയമങ്ങൾ ദുരുപയോഗം ചെയ്യുന്നു. എന്നാൽ ഇത്തരം സംഭവങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുമ്പോൾ അത് സ്ത്രീ വിരുദ്ധതയായി മുദ്ര കുത്തുന്നതാണ് ആശ്ചര്യവും.

ശരിക്കും ഈ ചോദ്യം ചെയ്യൽ ഒരു ലിംഗത്തിനെതിരെയുള്ള നിലപാടല്ല. നീതിക്കായുള്ള ശബ്ദമാണ്.

ഞാനിവിടെ എല്ലാ സ്ത്രീകളെയോ പുരുഷന്മാരെയോ കുറ്റപ്പെടുത്തുകയല്ല. സത്യാവസ്ഥ വ്യക്തമാക്കി തരുക മാത്രമാണ് ചെയ്യുന്നത്. സ്വന്തം അവകാശങ്ങൾ അത് ലിംഗഭേദമില്ലാതെ ലഭ്യമാകേണ്ട അനിവാര്യതയാണിവിടെ മുഖ്യവിഷയം എന്ന് മനസ്സിലാക്കുക.

സ്ത്രീകൾ മുന്നേറുമ്പോൾ പുരുഷന്മാർ പിന്നിലാകണം എന്ന ആശയമല്ല. എല്ലാവർക്കും ഒരേ നിലയിൽ നിൽക്കാൻ കഴിയുന്ന ഒരു സമൂഹം സൃഷ്ടിക്കാനുള്ള ശ്രമമാണ്. സമത്വം ഭൂരിപക്ഷത്തിന്റെ വിജയമല്ല, മുഴുവൻ മനുഷ്യരുടെയും പുരോഗതിയാണ്.



Sneha P
3rd BA Economics

# വെന്തു നീറുന്ന മനുഷ്യർ

ജനങ്ങൾക്ക് വേണ്ടി, ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം. ഇന്ത്യ ഒരു ജനാധിപത്യ രാഷ്ട്രമാണ്. അത്തരത്തിൽ ഒരു ജനാധിപത്യ രാജ്യത്തുള്ള നീതി, ന്യായ വ്യവസ്ഥകൾ അവിടുത്തെ ജനങ്ങൾക്ക് വേണ്ടിയുള്ളതാണ്. എന്നാൽ ഇന്ന് സമൂഹത്തിലേക്ക് നാം സൂക്ഷ്മമായി നോക്കിയാൽ നമ്മെ ഭയപ്പെടുത്തുന്ന അവിശ്വസനീയമായ ഒരു യാഥാർത്ഥ്യം കാണാനാകും. പലപ്പോഴും ഈ നീതി ന്യായ വ്യവസ്ഥിതി തന്നെയാണ് സാധാരണക്കാരന്റെ ഏറ്റവും വലിയ ശത്രു.

പണവും സ്വാധീനവുമുള്ളവർ നിയമത്തിന്റെ പഴുതുകളിലൂടെ എളുപ്പത്തിൽ രക്ഷപെടുമ്പോൾ, യാതൊരു പിൻബലവുമില്ലാത്ത സാധാരണ ജനത ചെയ്യാത്ത കുറ്റത്തിന് അടക്കം ശിക്ഷിക്കപ്പെടുന്നു.

'ചിലന്തിവലയിൽ ചെറിയ പ്രാണികൾ കുടുങ്ങുകയും വലിയ വണ്ടുകൾ അത് തുളച്ചു പുറത്തുപോവുകയും ചെയ്യുന്ന' അവസ്ഥ.

അർഹതപ്പെട്ട അവകാശങ്ങൾക്കായി സർക്കാർ ഓഫീസുകൾ കയറി ഇറങ്ങുന്ന ഒരു പക്ഷം ജനതയെ നമുക്ക് എക്കാലത്തും കാണാനാകും. അവരുടെ ജീവിതം അതിനായി ഹോമിക്കപ്പെടേണ്ടിവരുന്ന മനുഷ്യർ.

നിയമങ്ങൾ പുസ്തകങ്ങളിൽ മാത്രം ഒതുങ്ങാതെ ഇത്തരത്തിലുള്ള സാധാരണ ജനസമൂഹത്തിലും എല്ലാ തരത്തിലും മാറേതുണ്ട്

അധികാരമുള്ളവർക്ക് മനുഷ്യത്വം ഉണ്ടാവുകയും പാവപ്പെട്ടവർക്ക് വേഗത്തിൽ നീതി കിട്ടുകയും ചെയ്യുമ്പോഴേ ഒരു നാട് യഥാർത്ഥത്തിൽ നന്നാവൂ.

'മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ'



Sooryamedha E
2nd BA Malayalam

# അവൾ

രാത്രിയുടെ ഏതോ ഒരു യാമത്തിൽ ഞാൻ എഴുന്നേറ്റു. എഴുന്നേറ്റു എന്ന് പറയുവാൻ സാധിക്കില്ല 'ഉറങ്ങിയെങ്കിൽ അല്ലേ എഴുന്നേൽക്കാൻ സാധിക്കൂ', ഞാൻ ആത്മഗതം ചെയ്തു. കട്ടിലിൽ അങ്ങനെ തിരിഞ്ഞും മറിഞ്ഞും ഉറക്കം കിട്ടാതെ കിടക്കുകയായിരുന്നു. കാരണം മനസ്സ് മുഴുവൻ അവളായിരുന്നു.

പക്ഷെ എപ്പോഴോ ഒന്ന് കണ്ണ് മയങ്ങിയിരുന്നു എന്ന് തോന്നുന്നു. അന്നേരം എന്തോ ഒരു സ്വപ്നം കണ്ടിരുന്നല്ലോ? എന്തായിരുന്നു കണ്ടത്? 'ഓ അത്...അത്...അവളെ തന്നെ ആയിരുന്നല്ലോ'. ഞങ്ങളുടെ പ്രണയകാലമായിരുന്നു ഞാൻ സ്വപ്നത്തിൽ കണ്ടത്. ഞാൻ ആദ്യമായി അവളെ കണ്ട ദിവസം ഇന്നും മനസ്സിൽ തങ്ങി നിൽക്കുകയാണ്. ഞാനെപ്പോഴും ഓർക്കും അത്.

ചെറുപ്പം മുതലേ, പെൺകുട്ടികളോട് പൊതുവേ ഇടപെടാൻ മടിയുള്ള ഒരു വ്യക്തി ആയിരുന്നല്ലോ താൻ. ഒരു പെൺകുട്ടിയോട് പോലും ജീവിതത്തിൽ അതുവരെയും യാതൊരു വിധത്തിലുള്ള താല്പര്യവും തോന്നിയിട്ടും ഇല്ല. 'പക്ഷെ അവൾ... അവൾ തീർച്ചയായും വ്യത്യസ്ത ആയിരുന്നു'.

വളരെ തീക്ഷ്ണത ഉള്ളത് ആയിരുന്നു അവളുടെ കണ്ണുകൾ. ആ തീക്ഷ്ണമായ കണ്ണുകളിൽ കൂടി ഉള്ള അവളുടെ ഓരോ നോട്ടവും തന്റെ ഉള്ളിലേക്ക് ആണ് തറച്ചു കയറിയത്. തന്നെ അവളിലേക്ക് അടുപ്പിച്ചത് അവളുടെ ആ കണ്ണുകൾ തന്നെയായിരിക്കണം. കാരണം ആദ്യമായി അവളെ കണ്ടപ്പോൾ എനിക്കു അവളുടെ കണ്ണുകൾ മാത്രമേ കാണുവാൻ സാധിച്ചിരുന്നുള്ളൂ. ഒരു ആശുപത്രി കിടക്കയിലെ പ്രണയമായിരുന്നുല്ലോ ഞങ്ങളുടേത്.

പലർക്കും ദുഃഖം സമ്മാനിച്ച കോവിഡ് എന്ന മഹാമാരിയുടെ കാലം, തന്റെ ജീവിതത്തിൽ പ്രണയത്തിന്റെ മൊട്ടുകൾ വിരിയിച്ച ഒന്നായിരുന്നു. പനിപിടിച്ചു ആശുപത്രി കിടക്കയിൽ കിടന്നിരുന്ന തന്റെ അടുത്തേക്ക് വരുവാൻ, സുഹൃത്തുക്കൾ പോലും മടിച്ചിരുന്ന കാലമായിരുന്നു അത്. നഴ്സുമാർ ശരിക്കും മാലാഖമാർ ആണെന്ന് എനിക്ക് മനസ്സിലായത് അപ്പോഴാണ്. അന്നവൾ ഒരു മാലാഖ കുട്ടിയെ പോലെ എന്റെ മുന്നിൽ വന്നത് ഞാൻ ഇപ്പോഴും ഓർക്കുന്നു. നഴ്സുമാരുടെ വെള്ള യൂണിഫോമും വെള്ള മാസ്കും ഇട്ടു വന്ന അവളുടെ തീക്ഷ്ണമായ കണ്ണുകൾ മാത്രമേ ഞാൻ കണ്ടിരുന്നൊള്ളൂ. അവൾ എന്നെ പരിചരിച്ചു... പരിഗണിച്ചു... സ്നേഹിച്ചു...

പിന്നീട് അവളെ കാണുമ്പോൾ തന്നെ എന്റെ പനിയും അസുഖവും ഒക്കെ കുറഞ്ഞതു പോലെ തോന്നി. എന്തോ അവൾ അടുത്ത് വരുമ്പോൾ ഒരു പൂർണ്ണത ലഭിക്കുന്നത് പോലെ. പലരെയും അനാഥരാക്കിയ കോവിഡ് കാലഘട്ടം തന്നെ ശരിക്കും സനാഥനാക്കുകയാണ് ചെയ്തത്. അച്ഛനും അമ്മയും മറിച്ച് ആരുടെയൊക്കെയോ കാരുണ്യത്താൽ യതീംഖാനയിൽ വളർന്ന തനിക്ക്, ജീവിതത്തിൽ ആരെങ്കിലും ഒക്കെ ഉണ്ട് എന്ന് തോന്നിയത് അവൾ ജീവിതത്തിലേക്ക് കടന്നു വന്നപ്പോഴാണ്. ഒരുപക്ഷേ ജീവിതത്തിലും ദൈവത്തിലും വിശ്വാസം വന്നത് പോലും അപ്പോഴാണ്. എത്രയോ രാത്രികളിൽ ഏകാകിയായി ഞാൻ അലഞ്ഞു തിരിഞ്ഞു നടന്നിട്ടുണ്ട്. ആ രാത്രികൾക്ക് പകരമായി കാലം തനിക്കുവേണ്ടി കാത്തുവെച്ച കാവ്യനീതി ആണ് അവൾ എന്ന് എനിക്കെപ്പോഴും തോന്നാറുണ്ടായിരുന്നു. .

ശരിക്കും അവളെന്നെ തിരിച്ചു പ്രണയിച്ചിരുന്നോ? അതോ അവൾക്ക് എന്നോട് ശരിക്കും അനുകമ്പ ആയിരുന്നോ? 'എനിക്ക് അറിയില്ല', പക്ഷെ ഒന്ന് എനിക്ക് അറിയാം. ഞാൻ അവളിലേക്ക് ഒരുപാട് അടുത്തിരുന്നു. ഇന്നത്തെ ന്യൂജനറേഷൻ പ്രണയം പോലെ അവൾ എനിക്ക് വെറുമൊരു നേരം പോക്കോ കാമമോ അല്ലായിരുന്നു. ഒരുപക്ഷേ എന്റെ കുട്ടിക്കാലത്ത് യതീംഖാനയിൽ അനുഭവിച്ച ഒറ്റപ്പെടലുകൾ കൊണ്ടാകാം; എനിക്ക് കാണുവാൻ സാധിക്കാതെ പോയ എന്റെ അമ്മയെയാണ് ഞാൻ അവളിൽ കണ്ടത്. ഞാൻ എല്ലാ കാര്യങ്ങളും അവളുമായി സംസാരിക്കുമായിരുന്നു. ഞാനെന്റെ ജീവിതപങ്കാളിയെ ആണ് അവളിൽ കണ്ടത്. സത്യത്തിൽ ഞാൻ എന്നെ തന്നെയാണ് അവളിൽ കാണാൻ ശ്രമിച്ചത്.



എന്റെ ജീവിതം തന്നെയായി മാറിയവൾ. ഞങ്ങൾ ഒരുമിച്ച് സ്വപ്നങ്ങൾ നെയ്യുവാൻ തുടങ്ങി. ജീവിതത്തിൽ ഒരിക്കലും ഞാൻ വലിയ ആഗ്രഹങ്ങൾ വെച്ച് പുലർത്തിയിരുന്നില്ല. എനിക്ക് പേടിയായിരുന്നു അങ്ങനെ വലിയ ആഗ്രഹങ്ങൾ വെയ്ക്കുവാൻ. കൂടുതൽ ഇഷ്ടപ്പെടുന്നത് എപ്പോഴും എന്നിൽ നിന്ന് അകന്ന് മാഞ്ഞു പോയിട്ടേ ഉള്ളൂ. പക്ഷേ അവളും ഒത്തൊരു ജീവിതം അത് ഞാൻ സ്വപ്നത്തിൽ താലോലിച്ചു. ഒരു ചെറിയ വീടും അവളും...അതായിരുന്നു ഞാൻ ആഗ്രഹിച്ച എന്റെ ലോകം.



അവൾ എപ്പോഴും പറയുന്നത് പോലെ, 'പക്ഷെ പ്രണയം അടുപ്പിൽ വെച്ച് വേവിച്ചാൽ ചോറ് ആവില്ലല്ലോ'. അവൾ പറയുന്നത് ശരിയാണെന്ന് എനിക്കും തോന്നി. അല്ലെങ്കിലും അവൾ പറയുന്നത് എപ്പോഴും ശരിയാണ് എന്ന് എനിക്ക് തോന്നുമായിരുന്നു. അതുകൊണ്ടാണല്ലോ അവൾ നേഴ്സ് ആയി പുറത്തുപോയി ജോലി ചെയ്യണം എന്ന് പറഞ്ഞപ്പോൾ, അത് നല്ലതിനായിരിക്കും എന്ന് ഞാൻ വിചാരിച്ചത്.

ശാന്തമായ കടലിൽ പൊടുന്നനെ വേലിയേറ്റം വരുന്നതു പോലെ എൻറെ ഫോണിൻറെ അലാറം മുഴങ്ങി. ഞാൻ ഉറക്കത്തിൽ നിന്നും ഞെട്ടി ഉണർന്നു. ഇൻറർനെറ്റ് ഓൺ ആക്കിയപ്പോൾ തന്നെ, ഫോണിൽ വാർത്തകളുടെ നോട്ടിഫിക്കേഷൻ വന്നു കൊണ്ടിരുന്നു. 'യുദ്ധം: കാണാതെപോയ മലയാളി നഴ്സുമാർക്ക് ആയി ഉള്ള തിരച്ചിൽ തുടരുന്നു' സ്ക്രീനിൽ ഈ വാർത്ത പൊന്തിവന്നു.

യുദ്ധങ്ങൾ എല്ലാ അർത്ഥത്തിലും നഷ്ടങ്ങൾ മാത്രമേ തരുന്നുള്ളു. നഷ്ടങ്ങൾക്കു മതവും സമുദായവും ഒന്നും ഇല്ല. നഷ്ടങ്ങൾ എപ്പോഴും നൊമ്പരം പെടുത്തുന്ന വേദനകൾ ആണ് സമ്മാനിക്കുന്നത്. അത് നഷ്ടപെടുന്നവർക്ക് മാത്രമേ മനസിലാക്കാൻ സാധിക്കുകയുള്ളൂ. ഞാൻ പലപ്പോഴും ചിന്തിക്കും എങ്ങനെയാണ് മനുഷ്യർക്കു ഇത്ര ക്രൂരത കാണിക്കാൻ സാധിക്കുന്നത്? ആശുപത്രികളെ പോലും വെറുതെ വിടാത്തത്?

അവൾ എന്ത് തെറ്റാണു ചെയ്തത്? ലോൺ എടുത്തു പഠിപ്പു പൂർത്തിയാക്കിയ അവളെ പോലെ ഉള്ളവർക്കു ഇവിടെ ജോലി ചെയ്താൽ തിരിച്ചു അടവിനു പോലും തികയില്ല. സ്വന്തം നാട്ടിൽ എന്തെങ്കിലും മാർഗ്ഗമുങ്കിൽ, ഇങ്ങനെ പുറത്തു പോയി കഷ്ടപ്പെടേണ്ടതില്ലല്ലോ?

ഞാൻ വിതുമ്പി. എൻറെ കണ്ണുകൾ നിറഞ്ഞു. ശബ്ദം ഇടറുന്നത് പോലെ എനിക്ക് തോന്നി. സർവ്വശക്തിയും സംഭരിച്ചുകൊണ്ട് ഞാൻ ഫോണെടുത്ത് അവളുടെ നമ്പറിലേക്ക് വീണ്ടും വിളിച്ചു. ഫോൺ കണക്ട് ആവുന്നില്ല. കഴിഞ്ഞ രണ്ടു ദിവസമായി അവളെ ഫോണിൽ കിട്ടുന്നില്ല. 'അവൾ... അവൾ എവിടെയാണ്?'

രണ്ടു ദിവസമായി ഞാൻ ഉറങ്ങിയിട്ടില്ല. പ്രതീക്ഷകൾ നഷ്ടപ്പെട്ടാൽ പിന്നെ ജീവിതം തന്നെ അർത്ഥ ശൂന്യമായി തോന്നും. 'ഇല്ല. ഞാൻ തളരില്ല' ഞാൻ എന്നെ തന്നെ സമാധാനിപ്പിച്ചു. ഞാൻ അവളുടെ വാട്സ്ആപ്പ് ഫോട്ടോ ഒന്നു കൂടെ എടുത്തു നോക്കി. അതിനു താഴെ സ്റ്റാറ്റസ് ആയി അവളുടെ പ്രിയ വരികൾ: 'നമ്മൾ ശ്രമിച്ചുകൊണ്ടേയിരിക്കണം. എവിടെയോ ഒരു മരപ്പച്ചയുണ്ട്. എത്തുമെന്ന് ഉറപ്പില്ല. എങ്കിലും പ്രതീക്ഷയോടെ നമ്മൾ സഞ്ചരിച്ചുകൊണ്ടിരിക്കണം...'



Christy Alex Varghese
Assistant Professor
Department of History

# നീതി



ഒരു മനുഷ്യൻ നീതി
അന്വേഷിച്ചു അലയുകയാണ്
പോലീസ് സ്റ്റേഷനിലും കോടതി
മുറികളിലും അവൻ കയറിയിറങ്ങി.
അവിടെ നീതി പണത്തിന്റെയും
അധികാരത്തിന്റെയും ചങ്ങലകളിൽ
പൂട്ടിയിട്ടിരിക്കുന്നതായി കണ്ടു
പോലീസ് സ്റ്റേഷൻ മുന്നിൽ ഉള്ള
ബൾബിന്റെ പ്രകാശത്തിന് മങ്ങലേറ്റിരിക്കുന്നു
അവിടേക്ക് വരുന്ന നിരപരാധികൾ
വഴിയറിയാതെ നട്ടം തിരിയുന്നു.
അവന്റെ മുകളിലൂടെ ചില പരുന്തുകൾ
പാറുന്നുണ്ടായിരുന്നു
അവന്റെ ഉള്ളിലെ മാംസത്തിന്റെ
അളവ് കുറവായതിനാൽ അവർ ഉപേക്ഷിക്കുന്നു
ആ മനുഷ്യൻ നടന്നുകൊണ്ടിരിക്കുകയാണ്
അവൻ നടന്ന ആ പാതയിൽ
ചില കാൽപ്പാടുകൾ കണ്ടു
തനിക്ക് മുമ്പേ ആ വഴിയിലൂടെ
സഞ്ചരിക്കേണ്ടി വന്ന നീതി ലഭിക്കാത്ത
ചില മനുഷ്യരുടേതായിരുന്നു അത്.




V M Arifudheen
2nd BA Malayalam

# ആ താരകം തിളങ്ങട്ടെ

രാത്രി ഏറെ വൈകിയിരുന്നു. ഇരുളിന്റെ നിശബ്ദതയിൽ എവിടെയോ ചീവിടുകളുടെ ശബ്ദം മുഴങ്ങി കേട്ടു. രാത്രിയുടെ ഭയാനകതയെ തള്ളിനീക്കി നിശാഗന്ധി അവിടമാകെ മണംപരത്തി. ജനാലയിലൂടെ ഇരുളിനെ കീറിമുറിക്കാൻ ശ്രമിക്കുന്ന ആ കുഞ്ഞുനക്ഷത്രത്തിളക്കം നോക്കി അവൾ അങ്ങനെ നിന്നു. ആ കുഞ്ഞുതാരകം അവളോട് എന്തോ മന്ത്രിക്കുന്നത് പോലെ അവൾക്ക് തോന്നി.

ആ അപ്പാർട്ട്മെന്റ് മുഴുവൻ നിദ്രയെ പുണരുമ്പോഴും ചന്ദ്രനില്ലാത്ത ആ രാവിൽ അവൾ മിഴികൾ അടക്കാതെ എന്തോ തേടിക്കൊണ്ടിരുന്നു. മനസ്സിന്റെ ഒഴുക്കിനെ നിയന്ത്രിക്കാൻ ആവാതെ അവൾ ആ മുറിയിൽ സ്തംഭിച്ച് അവശയായി നിന്നു. മനസ് ഉന്നയിക്കുന്ന ആയിരം ചോദ്യങ്ങൾക്ക് ഉത്തരം അവളുടെ മരണം തന്നെയാണെന്ന് അവൾക്ക് തോന്നി. രാത്രിയുടെ നിശബ്ദത പോലും അവളെ വേട്ടയാടിക്കൊണ്ടിരുന്നു.


കുട്ടിക്കാലം തൊട്ടേ സ്വന്തം വീട് അവൾക്ക് ഒരു തടവറയായിരുന്നു. ചെറുപ്പത്തിൽത്തന്നെയുള്ള അമ്മയുടെ മരണം, അച്ഛന്റെ രണ്ടാം വിവാഹം, രാണ്ടാനമ്മയിൽ നിന്നും നേരിട്ട അവഗണന എല്ലാം അവൾക്ക് വേദനയേറിയ ഓർമകൾ ആയിരുന്നു. ഒടുക്കം നിർബന്ധിച്ച് തന്നെയൊരു വിവാഹജീവിതത്തിലേക്ക് തള്ളിവിടുമ്പോഴും ജീവിതം ഇനിയും ഇരുട്ടറയിൽ ബന്ധിക്കാൻ പോവുകയാണെന്ന് അവൾ ഓർത്തിരുന്നില്ല. അയാളുടെ കെട്ടുതാലി ഒരു തൂക്കുകയർ പോലെ അവളുടെ സ്വപ്നങ്ങളെ വലിഞ്ഞുമുറുക്കി. ഏകാന്തതയുടെ കൂരിരുൾ അവൾക്ക് ചുറ്റും വ്യാപിച്ചിരുന്നു. ഇനിയൊരു സൂര്യോദയം അവൾക്ക് പ്രതീക്ഷയില്ലാത്തതായിരുന്നു. അവൾ പതിയെ അടുത്തുള്ള കണ്ണാടിക്ക് അരികിലേക്ക് നടന്നുനീങ്ങി. തന്റെ നീണ്ട കഴുത്തിൽ വലിഞ്ഞുമുറുകിയതായി തോന്നിയ ആ കുരുക്കുകയർ അവൾ വലിച്ചൂരി തന്നെ നോക്കി പുഞ്ചിരിക്കുന്ന ആ കുഞ്ഞുതാരകത്തെ സാക്ഷിയാക്കി ഇരുട്ടിലേക്ക് വലിച്ചെറിഞ്ഞു. നല്ല മകളാവാൻ ശ്രമിച്ചപ്പോഴും നല്ല പെണ്ണാവാൻ ശ്രമിച്ചപ്പോഴും നല്ല ഭാര്യയാവാൻ ശ്രമിച്ചപ്പോഴും തനിക്ക് ലഭിക്കാതെ പോയ അംഗീകാരവും ആവോളം കിട്ടിയ അവഗണനയും ഇനിയൊരു നല്ല ഞാൻ ആവുമ്പോൾ തനിക്ക് ലഭിക്കില്ല എന്ന് അവൾ ശ്വാസം കിട്ടാതെ പിടയുന്ന അവളുടെ മനസ്സിന്റെ ആത്മാവിന് ഉറപ്പ് നൽകി.ആ ജനലഴികളിലൂടെ ആ താരകത്തെ അപ്പോഴും അവൾക്ക് കാണാമായിരുന്നു അത് മുമ്പത്തെക്കാൾ ഏറെ തിളങ്ങുന്നുണ്ടായിരുന്നു. ചീവീടുകളുടെ ശബ്ദം കേൾക്കാതെയായിരുന്നു. മഴയ്ക്ക് മുമ്പുള്ളത് പോലെയുള്ള ഒരു തണുത്ത തെന്നൽ ജനലഴികളിലൂടെ ആ മുറിയിലേക്ക് ഇറച്ചുകയറി. അത് അവളെ ആവരണം ചെയ്ത പോലെ അവൾക്ക് തോന്നി. രാവിന്റെ ഏകാന്തതയിലേക്ക് ഒരു രാപ്പാടിയുടെ സ്വരം ഒഴുകിയിറങ്ങി. ആ സ്വരം തനിക്ക് വേണ്ടിയെന്ന പോലെ അവൾക്ക് തോന്നി. ഇനിയവൾ അവൾക്ക് വേണ്ടി പുനർജനിക്കട്ടെ എന്ന് പ്രകൃതി മന്ത്രിക്കുന്നത് പോലെ അവൾക്ക് തോന്നി. കിഴക്കൻചക്രവാളത്തിൽ അരുണകിരണങ്ങൾ ആകാശത്തെ പുണരാൻ വെമ്പി തുടങ്ങിയിരുന്നു.



Isha Rubi
1st BA Economics

# "Lost She, in Her"

When eyes meet together.....
Mind just connected
Eyes drop tears....
Not the tears,it's the pain inside
More than,



Simply its not her
Not her feeling
Not she shared
Not the people around her
Not the surroundings around her
It's just her
Her without she.



Rithunandha
2nd B.Sc. Chemistry



# നീതി ഇരകൾക്കും പ്രതികൾക്കും

*'അനീതിക്കും കള്ളങ്ങൾക്കുമെതിരെ,
സത്യത്തിനും കരുണയ്ക്കും വേണ്ടി
ശബ്ദമുയർത്താൻ ഒരിക്കലും ഭയപ്പെടരുത്.'*
***വില്യം ഫോക്നർ***

വർത്തമാനകാല ഇന്ത്യയിൽ നമ്മൾ ഓരോ ദിവസവും, ഓരോ മണിക്കൂറിലും നിരവധി വാർത്തകൾ കാണുകയും കേൾക്കുകയും ചെയ്യുന്നു. അവയിൽ ചിലത് വർഷങ്ങളോളം ജയിലിൽ കഴിഞ്ഞ ശേഷം കോടതി കേസ് വിശ്വസനീയമല്ലെന്നും വ്യാജപരാതിയുടെ സാധ്യതയുണ്ടെന്നും വിലയിരുത്തി ഒരാളെ കുറ്റവിമുക്തനാക്കുന്നതിനെക്കുറിച്ചുള്ളവയാണ് . ഇത്തരം സംഭവങ്ങൾ അപൂർവ്വമാണെങ്കിലും, അന്വേഷണം, വിചാരണ, അല്ലെങ്കിൽ നിയമസഹായത്തിലെ ഗുരുതര പിഴവുകൾ കാരണം നിരപരാധികൾ വർഷങ്ങളോളം ജയിലിൽ കഴിയേണ്ടിവന്ന സംഭവങ്ങൾ ഇന്ത്യൻ കോടതികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

നിയമം എല്ലാവരെയും സംരക്ഷിക്കാനാണ്. എന്നാൽ ചിലപ്പോൾ ഒരു ആരോപണം മാത്രം മതിയാകുന്നു ഒരാളുടെ ജീവിതം പൂർണ്ണമായും മാറിമറിയാൻ. ഒരാളെപ്പറ്റി പരാതി ഉയർന്നാൽ കോടതി സത്യം കണ്ടെത്തുന്നതിന് മുമ്പേ സമൂഹവും സോഷ്യൽ മീഡിയയും പൊതുയിടങ്ങളും പലപ്പോഴും സ്വന്തം വിധി പറഞ്ഞുകഴിഞ്ഞിരിക്കും. പിന്നീട് ആ വ്യക്തി നിരപരാധിയാണെന്ന് തെളിഞ്ഞാലും, നഷ്ടപ്പെട്ട മാന്യതയും വിശ്വാസവും അവസരങ്ങളും പഴയപോലെ തിരിച്ചു കിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്.

ഒരു കേസ് കോടതിയിൽ തീരാൻ മാസങ്ങളോ വർഷങ്ങളോ എടുക്കാം. ആ സമയത്തിനിടെ പലർക്കും ജോലി നഷ്ടപ്പെടാം, കുടുംബബന്ധങ്ങൾ തകരാം, മാനസികമായി തളരാം. ചിലപ്പോൾ ശിക്ഷയേക്കാൾ വലിയ വേദന കേസ് തന്നെ നൽകുന്നുവെന്ന് തോന്നൽ പോലും ഉണ്ടാകും.



ലന ജാസ്മിൻ
**2nd BBA**

'ആരോപണം മാത്രം ഒരാളെ കുറ്റവാളിയാക്കുന്നില്ല; അതിന് നിയമപരമായ തെളിവും ന്യായമായ അന്വേഷണവും ആവശ്യമാണ്. നീതി എന്നത് പരാതിക്കാരന് മാത്രം ലഭിക്കേണ്ട ഒന്നല്ല; പ്രതിക്കും നീതിയുള്ള അന്വേഷണവും സ്വന്തം ഭാഗം പറയാനുള്ള അവസരവും ലഭിക്കണം. കാരണം, നിയമം എല്ലാവർക്കും ഒരുപോലെയാണ്.'

അതേസമയം, യഥാർത്ഥ ഇരകൾക്ക് വേഗത്തിലും ന്യായമായും നീതി ലഭിക്കണം. അതിനൊപ്പം ഓരോ പരാതിയും മുൻവിധികളില്ലാതെ, തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രം അന്വേഷിക്കപ്പെടണം.

സമൂഹത്തിൽ സമ്പത്തും സ്വാധീനവും രാഷ്ട്രീയ ബന്ധങ്ങളും ഉള്ളവർക്ക് നിയമം കൂടുതൽ മൃദുവായും സാധാരണക്കാർക്ക് കൂടുതൽ കർക്കശമായും പ്രവർത്തിക്കുന്നുവെന്ന തോന്നൽ പലപ്പോഴും ഉയരാറുണ്ട്. ഈ ധാരണ ശരിയോ തെറ്റോ എന്നതിലുപരി, അത്തരമൊരു വിശ്വാസം ജനങ്ങളിൽ രൂപപ്പെടുന്നത് തന്നെ ഒരു ജനാധിപത്യത്തിന് അപകടകരമാണ്. നിയമം അധികാരമുള്ളവരെ സംരക്ഷിക്കാനല്ല, സത്യത്തെയും നീതിയെയും സംരക്ഷിക്കാനാണ് നിലകൊള്ളേണ്ടത്. അതുപോലെ തന്നെ, ഒരു നിരപരാധിയുടെ അവകാശങ്ങളും അന്തസ്സും സംരക്ഷിക്കുക എന്നത് നീതി ന്യായ വ്യവസ്ഥയുടെ അടിസ്ഥാന ഉത്തരവാദിത്തമാണ്. ഒരു നിരപരാധി പോലും അന്യായമായി ശിക്ഷിക്കപ്പെടരുത്; അതോടൊപ്പം ഒരു കുറ്റവാളിയും നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ച് രക്ഷപ്പെടാനും പാടില്ല.

ഒരു സാധാരണ പൗരനും ഏറ്റവും ശക്തനായ വ്യക്തിയും കോടതിയുടെ മുന്നിൽ ഒരേ നിയമത്തിനും ഒരേ മാനദണ്ഡത്തിനും വിധേയരാകുമ്പോഴും, ഓരോ കേസും മുൻവിധികളില്ലാതെ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്തപ്പെടുമ്പോഴുമാണ് നീതി യഥാർത്ഥ അർത്ഥത്തിൽ വിജയിക്കുന്നത്. സത്യം കണ്ടെത്തി യഥാർത്ഥ ഇരകൾക്ക് നീതി ഉറപ്പാക്കുകയും, അതേ സമയം ഒരു നിരപരാധിയും അന്യായമായി ശിക്ഷിക്കപ്പെടാതിരിക്കുകയും ചെയ്യുമ്പോഴാണ് നിയമം അതിന്റെ യഥാർത്ഥ ലക്ഷ്യം നിറവേറ്റുന്നത്.

ഓർക്കുക, ഒരു കുറ്റവാളി ശിക്ഷയിൽ നിന്ന് രക്ഷപ്പെടുന്നത് നിയമത്തിന്റെ പരാജയമായിരിക്കാം. എന്നാൽ ഒരു നിരപരാധി ശിക്ഷിക്കപ്പെടുന്നത് മനുഷ്യരാശിയുടെ പരാജയമാണ്. അതിനാൽ നിയമം എന്നും സത്യത്തിന്റെയും നിഷ്പക്ഷതയുടെയും മനുഷ്യത്വത്തിന്റെയും പക്ഷത്തായിരിക്കണം.

# Every Four Years, the Same Question: Why Has India Not Qualified for the



# FIFA World Cup?

Football's grand stage, the FIFA World Cup 2026, has kicked off on June 12th, with billions of people around the world tune in to watch the matches of their beloved superstars like Lionel Messi, Neymar Jr, Cristiano Ronaldo, etc. Even millions of football fans in India watch their favorite teams and players play, as this would most certainly be the last dance of some of the superstars mentioned above. As Indian fans watch them play, some groups of fans and football analysts from India and abroad ask this question every four years: "Why does the Indian national football team fail to qualify for the World Cup?" A thing to clearly point out is that many of the people who ask this question may not have even watched a match of our national football team or followed our top-tier domestic competition, the Indian Super League (ISL). If we start to mention the real problems, it will not end; it is a long list. Some Indian football fans blame cricket for being the reason why Indian football does not grow. Yes, Cricket is the most popular sport in India and has a huge viewership. It overshadows football by a long margin. We cannot compare the viewership statistics of the IPL (Indian Premier League) and the ISL. The ISL is nothing in front of the IPL. But cricket is not the real problem here. It is the years of mismanagement and corruption within our football federation, the AIFF (All India Football Federation). A true Indian football fan who tries to follow the matches of the The national team and our domestic league understands this situation. They do not ask this question every four years; they ask this question every time our players step onto the pitch. People who ask this question only every four years should raise it when the qualifiers for the FIFA World Cup 2030 begin in November 2027. One who asks this question only every four years should see the performances our players deliver on the pitch. If they do, they will understand why we are not playing in the World Cup. India is not good at football. We had our golden period in football during the 1960s. Our legends were good, but we have to remember that Asia did not have the level of competition during that time that it has today. This edition of the FIFA World Cup has been expanded to 48 teams; it was 32 teams until the last edition. That means from the Asian continent, 8.5 teams can qualify for the World Cup. Here, what 8.5 means is that eight countries can qualify directly and one can qualify through an intercontinental playoff against a country from another continent. During the time when 32 teams used to qualify, Asia had 4.5 slots, which were often filled by Japan, South Korea, Iran, Saudi Arabia, etc. This time, nine countries represent Asia on the world stage. Qatar, Iran, Saudi Arabia, Iraq, Jordan, Japan, South Korea, and Australia are among them.

While these countries represent Asia on the world stage, the Indian national team is nowhere near the top footballing nations in Asia. We have failed to qualify for the elite competition in Asia, the AFC Asian Cup 2027, which is being held in Saudi Arabia. Our national team was able to qualify for the Asian Cup in theprevious two editions continuously. The lack of grassroots football development, mismanagement of the budget by the AIFF, poor handling of the national team, lack of vision, and the list goes on. These factors are holding Indian football back. The budget allocated to football by the government is low compared to other sports within the country, and whatever funds the federation receives are spent without proper planning. In November 2025, the commercial deal between the AIFF and FSDL (a joint venture of Reliance and Star Sports) ended. FSDL, which conducted the ISL, backed out, pointing to the fact that the AIFF did not fully give its efforts toward football development and that FSDL was taking significant losses by conducting the league for 11 seasons. The new constitution of the AIFF, approved by the Supreme Court, further complicated the commercial deal negotiations, as the constitution clearly mentions that the top-tier league should be owned and operated by the football federation. The inability of the football federation to renew and discuss a commercial deal sooner put the entire Indian football ecosystem on a ventilator. After a delay of almost five months, with the intervention of the Sports Ministry, the clubs and federation came together to conduct the shortened league, which started in February 2026 and ended in May. Clubs had to face a lot of losses. The league, which was already not profitable for many clubs, fell further down. The operation of the ISL is crucial as it is the top of the Indian football hierarchy. For the long term, two bids were received by the AIFF to operate the ISL: one from Fancode, which was the broadcasting partner of the season that recently ended, and another from the UK-based company Genius Sports. The Fancode bid was supported by the clubs, but the AIFF did not give priority to it as the Genius Sports bid had more money attached to it. Clubs pointed out their concerns regarding potential losses in the revenue structure of the Genius Sports bid, while Fancode's revenue structure was more acceptable to the clubs.



A deadlock on this matter was solved by the Sports Ministry, which accepted the ISL clubs' proposal of a club-led league, while the operations would be overseen by the AIFF. This structure will be in place for the next four years. This is the current situation of our top-tier league. If the ISL ceases to function, the entire Indian football hierarchy will suffer. It will affect the second division, the I-League, and the leagues under the hierarchy. The dropping viewership of the ISL must be solved soon. Empty stadiums and a lack of interest in Indian domestic matches will further decline the Indian football ecosystem. Changes must be introduced to address these concerns. Regarding the national team, people who ask why India does not qualify for the World Cup should put pressure on the football federation now because, in March 2027, Round 1 of the FIFA World Cup qualifiers for 2030 will begin.

Our national team currently sits around the 138th position in the FIFA rankings. If we drop below 140, we may have to play from Round 1. Round 1 of the FIFA World Cup qualifiers is essentially a knockout playoff between lower-ranked teams. If we start from Round 1 and fail to win, we can already say goodbye to our qualification campaign even before it properly starts. FIFA World Cup qualifiers in Asia also provide an opportunity to qualify for the AFC Asian Cup if our team can reach the third round of the qualification process.

In the September window, our national team will play in the ASEAN Cup tournament. If we underperform there, we will drop further in the rankings, which could lead to our team ending up in Round 1 of the qualifiers. If we fall there and cannot move forward, the future of our national team until 2031 will be dark. This year our national team has two tournaments. One is the earlier-mentioned ASEAN Cup and the other is the SAFF Championship. Our main aim is toprevent the drop in our ranking. Under our current national team manager, Khalid Jamil, we are having one of our worst periods in recent years. Even though we cannot fully blame the manager for our team's current situation, as the factors behind our decline are much deeper, the hesitant approach toward changing player selection and playing style is not a good sign. So, the football federation should either change the existing coaching staff and manager or trust them and continue the process. They should make their stand clear regarding that and also regarding the structure of the ISL for the near future. According to current reports, the AIFF has submitted a proposal to change the name of the federation to FFB (Football Federation of Bharat). By engaging in such activities and making a joke of themselves, the AIFF should wake up. Small voices are not going to pressure the federation into taking steps, but if a large group of people, including those who comment every four years, start following Indian football, raising questions, and pressurizing the federation, some changes could happen.



Our federation, under the current president Kalyan Chaubey, announced Vision 2047 in 2023, where the federation stated its ambition of making the national team a top-10 side in Asia. But the problem is, as always, federation ambitions remain on paper and nothing materializes. It is a big dream for our nation to qualify for the World Cup at least once. If we want to get close to that dream in 15–20 years, we have to start working now. A huge portion of football fans in India do not follow the matches of our national team or our top-tier league. Even though our football is weak and often boring to watch, we still have to follow it. As more people watch, new criticism and questions regarding the current system will arise, which could serve as a driving force for change. The AIFF could seriously learn from Asian countries like Japan, which startedits long-term football vision decades ago and has worked efficiently toward its goals by developing youth talent, spending adequate funds on infrastructure, developing academies, and promoting local competitions. They are becoming a major challenger on the world stage. In the 2022 World Cup, they topped their group by defeating Germany and Spain. The Japanese model is something our federation could study and at least start implementing through small steps.



The budget that the federation receives should completely reach grassroots football development and infrastructure development. We should aim for higher-quality competitive matches for our national team and try to develop the domestic football product. This is the only way through which we are going to achieve something. It is also necessary that the government avoids its ignorance toward football in India by concentrating only on sports that are already successful. That is not the nature of a true sporting nation. Giving equal importance to the development of other sports are essential for becoming a sporting nation. On a concluding note, during the 1950 edition of the World Cup, the Indian national team had the opportunity to participate because of the insufficient number of teams.However, our federation misplaced its priorities during that time by giving more importance to the Olympics, and we also faced difficulties in arranging the travel costs for the team to go to Brazil, the host nation.

We didn't take up that opportunity. Today, we are nowhere near such an opportunity. Our authorities and administration has further weakened our football ecosystem. It is not because of a lack of talent that we fail in football, but because of poor selection systems and the lack of deeper talent development. Mismanagement by the federation, corruption, lack of interest from the government, and focusing only on sports that bring glory have all contributed to our current situation. The fans should start watching Indian football. They should demand accountability and improvement. Only when a large section of people does that can we bring major changes. For the near future, the AIFF and Indian clubs should focus on developing the domestic football product. One of the main reasons the ISL did not become fully successful was because some clubs did not give enough importance to grassroots development and academies. The existence of the ISL and the connected divisions in the Indian football hierarchy is essential for the survival of Indian football. The important issue of decreasing viewership over the years should be addressed and solved through structural changes. As for our national team, our immediate target must be to not fall below the 140th position in the FIFA rankings, progress as far as we can in the World Cup qualifiers and qualify for the 2031 AFC Asian Cup, which is our main target at the moment. For this to happen, the AIFF should quickly make some decisions. Other Asian countries like Malaysia and Indonesia have already implemented structural changes, while our football federation is still sleeping. That is a recipe for disaster. We need to achieve these near-term goals even to dream bigger. We must ensure our participation in the elite tournament of Asia to increase our level of competition before thinking about FIFA World Cup qualification. So, for people who ask the same question again, I have just one request: follow Indian football, raise your criticisms and questions, and demand improvement. If a large section of people starts doing that, there could be changes that will help us dream big.



Arjun Santhosh
1st MA History

# വിളക്ക്? വിലക്ക്


ഭഗവതിക്ക് സരസ്വതിക്ക്
ദേവിക്ക് കാളിക്ക്
കാവകത്തെ അമ്മമാർക്ക്
ആർത്തവത്തിന്റെ വേദന ചവച്ച്
ചുരുണ്ട് പുളഞ്ഞു മടങ്ങിക്കിടക്കാൻ ഇടമൊരുക്കിയത്
എവിടെയാണ്.???
ചുറ്റമ്പലത്തിന്റെ മതിലിനപ്പുറം
അദൃശ്യമായൊരു ചാപ്പ........!
അങ്ങനെയൊന്നുണ്ടോ???
മാസത്തിൽ ഏഴു ദിനങ്ങൾ
നട അടയ്ക്കുന്നതും ഇതുവരെ കണ്ടിട്ടില്ല...:
ആർത്തവരക്തം വീണ കറുത്ത
പൊൻപടികൾ ഒളിപ്പിച്ചു വെച്ചത്
എവിടെയാണ്?
പെണ്ണിന്റെ അടിവയറ്റിലെ ചൂടേറ്റ്
ഉരുകിയൊലിക്കുന്ന ദേവ വിഗ്രഹങ്ങൾ
വിളക്കി ഒരുക്കുന്നത് ആരാണ്..?
ഉരുകിയൊലിച്ച പ്രാണന്റെ രക്ത തുള്ളികൾ
കലർന്നു വറ്റിയ കുളങ്ങളിൽ വെള്ളം
നിറയ്ക്കുന്നത് ചത്ത മീനിനെ പെറുക്കി
കളയാൻ ഏൽപ്പിച്ചത് ആരെയാണ്...
അതൊന്നും എനിക്കറിയില്ല
അറിയാവുന്നവർ പറഞ്ഞുതന്നാൽ നന്ദി!
ഒന്നെനിക്കറിയാം മാറ്റിനിർത്താത്ത
അമ്മ വിളമ്പിയ ചോറുതിന്നിട്ട് എനിക്ക്
മാറ്റമൊന്നും വന്നിട്ടില്ല........ ഒരു
മനുഷ്യനിലേക്കുള്ള നേട്ടമല്ലാതെ...





Divin Surya KK
2nd MA Malayalam

# മനുഷ്യ ലഹരി



ഈ പുതുതലമുറയെ കാർന്നു തിന്നുന്ന നീചമായ വലിയ വിഷയം തന്നെയാണ് ലഹരി. ജനിച്ച് വീഴുന്ന കുഞ്ഞുപോലും അടിമയാക്കപ്പെടുന്നത് കണ്ടാൽ പോലും തിരിച്ചറിയാത്ത മഹാമാരിയായ ലഹരിയിലാണ്. ജീവിതത്തിലെ എല്ലാ സന്തോഷങ്ങളെയും ഒന്നടങ്കം നശിപ്പിച്ചു കളയാൻ മാത്രം ശക്തിപോരുന്ന വിഷം തന്നെയാണ് ലഹരി. അമ്മയെയും കുഞ്ഞിനെയും തിരിച്ചറിയാൻ സാധിക്കാതെ എന്ത് ക്രൂരതയും ലഹരിയ്ക്കുമേൽ അർപ്പിക്കാൻ നിർബന്ധിതരായി പോകുന്ന തലമുറയെ നമുക്ക് കാണാൻ സാധിക്കുന്ന കാഴ്ച വിദൂരമല്ല, നമ്മുടെ കൺവെട്ടത്ത് തന്നെയാണ്.

ഓരോ പുതുനാമ്പും എത്ര ശ്രദ്ധയോടുകൂടിയായിരിക്കും വളരുക അതിലേറെ ശ്രദ്ധ സ്വന്തം കുഞ്ഞിൽ നൽകിയ എത്രയോ മനുഷ്യജീവിതങ്ങൾ അറ്റുപോയതിന്റെ വ്യക്തമായ ഉത്തരം ലഹരി തന്നെയാണെന്ന് നമുക്ക് നിസംശയം പറയാൻ സാധിക്കും. എത്രയോ പേരുടെ പ്രതീക്ഷകളും സ്വപ്നങ്ങളും തകർക്കാൻ ഈ മൂന്ന് അക്ഷരത്തിന് സാധിക്കുന്നുണ്ടെങ്കിൽ അത് ചെറിയൊരു കാര്യമല്ല ഭൂമിയെ കാർന്നുതിന്നുന്ന വിഷം തന്നെയാണെന്ന് ഓരോ മനുഷ്യജീവനും തിരിച്ചറിയേതുണ്ട്.

മനുഷ്യന്റെ പുതുലഹരി ഒരിക്കലും ഒന്നിനെയും ആരെയും നശിപ്പിക്കാതെ മനുഷ്യനെ സ്വയം സ്നേഹിക്കാനും ഇഷ്ടമുള്ള നല്ലതെല്ലാം ചെയ്യുവാനുമുള്ള സ്വാതന്ത്ര്യമാകുന്ന ലഹരിയാകണം. നാശവും വിനാശവുമല്ല നല്ല തുടക്കവും വളർച്ചയുമുള്ള പുതുതലമുറയാകണം നമുക്ക് മുന്നിൽ വളർന്നു വരേതണ്ട്.

'Say no to drugs' എന്ന് ശബ്ദമുയർത്തി പറയാൻ പ്രാപ്തിയുള്ള പുതുതലമുറയെ വളർത്തിയെടുക്കുക എന്നത് നാം ഓരോരുത്തരുടെയും ഉത്തരവാദിത്വമായി മാറണം. സ്വയം സ്നേഹിക്കാൻ പഠിച്ച്, കുടുംബത്തെയും കൂട്ടുകാരെയും വളർത്താനും സമൂഹത്തിന് വേണ്ടതെല്ലാം നൽകുവാനും തയ്യാറാവുന്ന സമൂഹമാവണം നമ്മളുടെ ഓരോരുത്തരുടെയും ലക്ഷ്യം.

നല്ല നാളേയ്ക്കായി കാത്തിരിക്കുമ്പോൾ നല്ല മുന്നേറ്റങ്ങൾ ചെയ്യാനും തയ്യാറാവുന്ന സമൂഹമാണ് നമുക്കാവശ്യം. ആരെയും പഴിചാരാതെ കുറ്റപ്പെടുത്താതെ മുന്നോട്ട് പോയാലേ നല്ല നാളേയ്ക്കായി പുതുസന്ധിക്കായി പ്രവർത്തിക്കുന്നതിന് അർത്ഥമുണ്ടാകൂ. നല്ല പ്രതീക്ഷകളും പ്രതീകവും പ്രവർത്തനങ്ങളുമായി നമുക്ക് മുന്നേറാം.



Disa Dinesh
3rd BA History



# സി കെ ജാനുവുമായി

## മാഗസിൻ എഡിറ്റർ നടത്തിയ അഭിമുഖത്തിൽ നിന്നും

**നരിവേട്ട എന്ന സിനിമ സമൂഹത്തിൽ ഏതെല്ലാം രീതിയിൽ സ്വാധീനം ചെലുത്തി അല്ലെങ്കിൽ അത് ആളുകൾ ഏത് രീതിയിൽ ഉൾക്കൊണ്ടു അതിനെ പറ്റി ഒരു വാക്ക് പറയാൻ പറ്റുമോ??**

നരിവേട്ട സിനിമ ശരിക്കും റിലീസ് ആവുന്ന സമയത്ത് ഞാൻ ഇവിടെ ഉണ്ടായിരുന്നില്ല. ഞാൻ ഇന്ത്യക്ക് പുറത്തായിരുന്നു ഉണ്ടായിരുന്നത്. ഞാൻ ഇവിടെ വന്നതിനു ശേഷം ആ പടം കണ്ടു. അത് കണ്ടപ്പോൾ യഥാർത്ഥത്തിൽ സമരം വഴിതിരിച്ചു വിടുന്നതാണ് ആ സിനിമയിൽ അതിൽ ഉണ്ടായിരുന്നത്. മുത്തങ്ങയിൽ നടന്ന പ്രശ്നങ്ങൾ അതേപോലെ സിനിമയിൽ ചെയ്തിട്ടില്ല. അത് കൂടാതെ അതിനകത്ത് മുത്തങ്ങയിൽ നടന്ന സംഭവത്തെ തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുന്ന ഒരു തലം സിനിമയിൽ ഉണ്ടായിട്ടുണ്ട്. പോലീസ് അതിക്രമം നടത്തുന്ന സമയത്ത് ആളുകൾ അവിടെ പ്രൊട്ടക്റ്റ് ചെയ്യാൻ ശ്രമിക്കുന്നു. ഒരു കുഞ്ഞിനെ പ്രൊട്ടക്റ്റും ചെയ്യുന്നു. അതൊക്കെ യഥാർത്ഥത്തിൽ ഇല്ലാത്തതാണ്. ശരിക്ക് യഥാർത്ഥത്തെ മൂടി വെക്കുന്ന രീതിയിലാണ് സിനിമ വന്നത്. പിന്നെയാരു ആരോപണം ഒരാളെ കുഴിച്ചിട്ടിരുന്നതായി സിനിമയിൽ കാണിക്കുന്നുണ്ട്. അതൊക്കെ ശരിക്കും ഇല്ലാത്തതാണ്. അവിടെയന്ന് ജോലി ചെയ്തിരുന്ന ഒരാളാണ് വെടി കൊണ്ട് മരിക്കുന്നത്. ഒരു പോലീസായിരുന്നു അദ്ദേഹം. സിനിമയിൽ ആരോപണ പേരുടെ മരണം തെറ്റായിട്ട് വ്യാഖ്യാനിക്കുന്നതാണ്. പോലീസിന്റെ ഇടപെടൽ വളരെ ക്രൂരമായിരുന്നു. പോലീസ് ആളുകൾ ആണോ എന്ന് ചിന്തിക്കുന്ന രീതിയിൽ ഉള്ള ഇടപെടൽ ആയിരുന്നു യഥാർത്ഥത്തിൽ അവിടെ നടന്നത്. സിനിമ കാണുന്ന ആളുകൾക്ക് പോലീസ്കാർ അവരെ സഹായിച്ചു എന്ന മെസ്സേജ് ആണ് കൊടുക്കുന്നത്. വാസ്തവത്തിൽ അതല്ല നടന്നത്.

ഒരു സമരനായിക എന്ന രീതിയിലാണ് അറിയപ്പെടുന്നത്. പ്രത്യേകിച്ച് നോക്കുകയാണെങ്കിൽ അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾക്ക് വേണ്ടി സംസാരിക്കുന്ന, ആദിവാസി വിഭാഗങ്ങൾക്ക് വേണ്ടി സംസാരിക്കുന്ന ഒരു വ്യക്തിത്വവും. നിലവിൽ ഇപ്പോഴും നമ്മുടെ സമൂഹത്തിലേക്ക് നോക്കുകയാണെങ്കിൽ അറിഞ്ഞുകൊണ്ട് അല്ലെങ്കിലും ചെറിയ കുട്ടികൾക്കിടയിൽ പോലും ഒരു മാറ്റി നിർത്തൽ എനിക്ക് വ്യക്തിപരമായി തോന്നിയിട്ടുണ്ട്. നമ്മുടെ നാടുകളിൽ ഒക്കെ സ്കൂളുകൾ നോക്കുകയാണെങ്കിൽ അത് അവർക്ക് പഠിക്കാൻ സ്കൂളായി അല്ലെങ്കിൽ അവർക്ക് കഴിക്കാനുള്ള ഭക്ഷണമായി, അവരെ ചികിത്സിക്കാനുള്ള ഡോക്ടറായി, നിലവിലും ഈ സമൂഹത്തിൽ ഉണ്ടാവുന്ന അനീതികളെ കുറിച്ചുള്ള സമീപനം എന്താണ്? അവർ കൃത്യമായി മാറേണ്ട സമയം അതിക്രമിച്ചിട്ടില്ലേ...?

മാറേണ്ട സമയം എന്നേ അതിക്രമിച്ചു കഴിഞ്ഞു . പക്ഷേ ഇങ്ങനെയുള്ള സാമൂഹ്യ രാഷ്ട്രീയ വ്യവസ്ഥകൾക്ക് വേണ്ട വ്യവസ്ഥയാണ് ശരിക്കും കേരളം പോലെയുള്ള ഒരു സംസ്ഥാനത്തുള്ളത്. അപ്പോൾ അതിൻറെ ഭാഗമായി വന്ന ആളുകൾ അതിനെ ഒരു തുടർച്ചയായി തുടർക്കഥയാക്കി കൊണ്ട് പോകുന്ന രീതിയിലേക്ക് ആണ് പോയിക്കൊണ്ടിരിക്കുന്നത്. അതിൽ ഒരു വിരാമം ഉണ്ടാവാൻ ആരും ആഗ്രഹിക്കുന്നില്ല. എന്തൊക്കെ പറയുമ്പോഴും ചെയ്യുമ്പോഴും ഉള്ളിന്റെയുള്ളിൽ ഈ ആളുകൾ ഒക്കെ അങ്ങനെ ഉണ്ടാവണം എന്ന് ആഗ്രഹിക്കുകയും പുറമേ ജനങ്ങളുടെ മുന്നിൽ ഇങ്ങനെയൊക്കെ പറഞ്ഞാലെ നിലനിൽപ്പുള്ളൂ എന്ന് കൊണ്ട് പറയുകയും ചെയ്യുന്ന ഒരു രീതിയാണ് ശരിക്കും ഉണ്ടാവുന്നത്. അല്ലാതെ യഥാർത്ഥത്തിൽ ആത്മാർത്ഥമായിട്ട് ആളുകളുടെ ഇടയിൽ മാറ്റം ഉണ്ടാക്കണം ഇവർ മുൻനിരയിൽ ഉണ്ടാവണം അങ്ങനെയൊന്നും ആഗ്രഹിക്കുന്നില്ല. പ്രസംഗം ഒക്കെ നടത്തുമ്പോഴും ഉള്ളിൽ നാക്കിൻതുമ്പത്ത് പ്രബുദ്ധത എന്ന് പറയുമ്പോഴും ഉള്ളിന്റെയുള്ളിൽ ഇങ്ങനെയൊന്നും ആവരുത് എന്ന് വിചാരിക്കുന്ന ഒരു തലം ഉണ്ട് ശരിക്കും. അതു കൊണ്ടാണ് ഇത്തരം ഒരു അവസ്ഥ തുടർന്ന് തുടർന്ന് വരാനുള്ള സാധ്യത ഉണ്ടാവുന്നത്.

പ്രബുദ്ധത എന്നത് ?

പ്രബുദ്ധത എന്ന ഒന്നില്ല വെറുതെ വാക്കിൽ മാത്രം പറഞ്ഞ് തെറ്റിദ്ധരിപ്പിക്കുക എന്നതിൽ അപ്പുറം ഒരു പ്രബുദ്ധത ഒന്നുമില്ല.

വയനാട്ടിലേക്ക് വരുന്ന വഴിക്ക് ഒരുപാട് പ്രകൃതിരമണീയമായ സ്ഥലങ്ങൾ കണ്ടു പക്ഷേ പല സ്ഥലങ്ങളിലും ആളുകളുടെ ഇടപെടൽ കാരണം മോശമായ അവസ്ഥയാണ് കാണാൻ കഴിയുന്നത് അത്തരം കാര്യങ്ങളിൽ ഞങ്ങൾ കുട്ടികൾക്ക് എന്താണ് ചെയ്യാൻ കഴിയുക. അതിൽ എന്ത് ഉപദേശം ആണ് തരാനുള്ളത്.

നമ്മൾ എല്ലാവരും പ്രകൃതിയിൽ പിറവിയെടുത്ത മനുഷ്യർ ആണ്. മനുഷ്യർ മനുഷ്യരെ മനുഷ്യരായി അംഗീകരിക്കാനും ഒപ്പം നിൽക്കാനുള്ള ഒരു മനസ്സും നമുക്ക് ഉണ്ടാവണം എന്നുള്ളതാണ്. അതിൽ ജാതിപരമായിട്ട് ആദിവാസി, ദളിതർ ഇങ്ങനെ സമൂഹത്തിന്റെ താഴെത്തട്ടിൽ ഉള്ളവർ നമ്മുടെ ഒപ്പം നിൽക്കേണ്ടവർ അല്ല നമ്മൾ അതിന്റെയെല്ലാം മുകളിൽ നിൽക്കേണ്ടവർ ആണ് അവർ നമ്മളേക്കാൾ താഴ്ന്നവരാണ് എന്നെല്ലാം ഉള്ള ചിന്ത ഉണ്ടല്ലോ അതിനെയെല്ലാം ഇല്ലായ്മ ചെയ്യാൻ ശ്രമം നടത്തുക എന്നാണ് എനിക്ക് ശരിക്ക് പറയാൻ ഉള്ളത്. ആദിവാസി കുട്ടികൾക്ക് മറ്റു കുട്ടികളെ പോലെ സാമ്പത്തികവും സൗകര്യവും ഇല്ലാത്തതിന്റെ പേരിൽ മറ്റു കുട്ടികളോടൊപ്പം നിൽക്കാൻ അവർക്ക് പറ്റുന്നില്ല. എല്ലാത്തിലും മറ്റു കുട്ടികളിൽ നിന്ന് വ്യത്യസ്തരായി മാറുകയാണ്. ഇങ്ങനെയുള്ള അകലങ്ങൾ കുറയ്ക്കാൻ നിങ്ങളുടെയൊക്കെ ഇടപെടൽ എങ്ങനെ സാധ്യമാകും എന്ന് ചിന്തിക്കുന്നത് വളരെ നല്ലതായിരിക്കും. സ്കൂളിലെ ഉച്ചക്കഞ്ഞി വരെ ഈ വിഭാഗത്തിൽ ഉള്ളതാണ് നമ്മൾക്ക് ഉള്ളതല്ല നമ്മൾ ഒക്കെ അവരേക്കാൾ ഉയർന്നവർ അവർ കിട്ടിക്കുന്നത് കഴിക്കേണ്ടവരല്ല എന്ന മനോഭാവം കാരണം. ഈ ആദിവാസികളുടെ വീട്ടിൽ എപ്പോഴും ചോറ് കൊണ്ട് വരാൻ സാഹചര്യം ഉണ്ടെങ്കിൽ അവർ കൊണ്ട് വരും. അവരുടെ സാഹചര്യം ആണ് അവരെ സ്കൂളിലെ ഉച്ചക്കഞ്ഞി കഴിപ്പിക്കുന്നത്. ആ ഭക്ഷണം കഴിക്കുന്നവരെ താഴ്ത്തിക്കാണുന്ന പ്രവണത കാണാം. ഇതൊക്കെ ഇല്ലായ്മ ചെയ്യണം. എല്ലാവരെയും മനുഷ്യരായി അംഗീകരിച്ചാൽ എല്ലാ കുട്ടികളും ഒരുപോലെയാണ്. ഒപ്പം നിൽക്കേണ്ടവർ ആണ്. അവരെയും നമ്മൾ ചേർത്തു പിടിക്കേണ്ടതുണ്ട്. ജാതിപരമായി ചിന്തിക്കുന്നത് കൊണ്ടാണ് വേർതിരിവ് മനോഭാവം ഉണ്ടാവുന്നത്. മറ്റു കുട്ടികൾ ഉപയോഗിക്കുന്ന വസ്തുക്കൾ ഉപയോഗിക്കാനും ഒന്നും ഉള്ള സാഹചര്യം ആദിവാസി കുട്ടികൾക്ക് ഇല്ല. ഇത് അവരുടെ ഇടയിൽ ഒരു അപകർഷതാ ബോധം ഉണർത്തും. മറ്റു കുട്ടികൾക്ക്, ഒപ്പം എങ്ങനെ ഇടപെടുക എന്ന ഒരു തോന്നൽ ഉണ്ടാവും. പക്ഷേ മറ്റു കുട്ടികൾ അവരെ കൂട്ടിപ്പിടിച്ചാൽ മെല്ലെ മെല്ലെ അവരുടെ അപകർഷതാ ബോധം കുറയ്ക്കും.

ആദിവാസി വിദ്യാർത്ഥികളെയൊക്കെ പ്രത്യേകിച്ച് ആദിവാസി യുവതലമുറയെ മുൻനിരയിലേക്ക് കൊുവരാൻ വേണ്ടി നമുക്ക് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ എന്തൊക്കെയാണ്. അവരുമായി സംവദിക്കുക എന്നതിൽ ഉപരി നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും..

സംവദിക്കുക എന്നതിൻ ഉപരി കുട്ടികളെ എന്ന നിലയിൽ നിങ്ങൾക്ക് എത്രമാത്രം സാധിക്കും എന്നുള്ളത് എനിക്കറിയില്ല. ആദിവാസി സമൂഹത്തിൽ പലയാളുകൾക്കും സാമ്പത്തികമായ പ്രശ്നങ്ങൾ കാരണം സ്കൂളുകളിൽ ഒന്നും വരില്ല. സ്കൂളിലേക്ക് വരാൻ ഉള്ള സാമഗ്രികൾ ഒന്നും ഇല്ലാത്തതിന്റെ പ്രശ്നമാകാം. സ്കൂളുകളിലേക്ക് ഉള്ള ചിലവുകൾ ഒക്കെ ബുദ്ധിമുട്ടായി വരുമ്പോൾ അവർ എളുപ്പം വിചാരിക്കുന്നത് ഇത് നിർത്തിയാൽ പിന്നെ ബുദ്ധിമുട്ട് ഉണ്ടാവില്ലല്ലോ എന്നാണ്. അത്തരം ആളുകളെയൊക്കെ കണ്ടെത്തി ഒരു കൂട്ടായ്മയിലൂടെ അവരെ മുൻനിരയിലേക്ക് കൊണ്ടുവരാൻ അങ്ങനെയുള്ള ശ്രമം ഒക്കെ നടത്തുന്നത് വളരെ നല്ലതായിരിക്കും. കുട്ടികൾക്ക് ഒരു പിന്തുണ കൊടുത്ത് ഞങ്ങളിൽ ഒരാൾ ആണ് നിങ്ങൾ നിങ്ങൾ മുൻനിരയിലേക്ക് വരണം അങ്ങനെ ഒരു പ്രചോദനം കൊടുത്താൽ അവരുടെ അവസ്ഥയെ മെല്ലെ മെല്ലെ മാറ്റി കൊണ്ടുവരാൻ പറ്റും.

ഒരുപാട് സർക്കാരുകൾ മാറിമാറി വന്ന സമയത്ത് ആദിവാസി വിഭാഗത്തിന് വേണ്ടി ഒരുപാട് തുകകൾ ചിലവഴിക്കുകയും അതുപോലെ ഭൂമി വിതരണം പോലുള്ള പരിഷ്കരണം കൊണ്ട് വരികയും ഒക്കെ ചെയ്തിട്ടുണ്ടായിരുന്നു. പക്ഷേ അതൊന്നും കാര്യമായി ഫലപ്രാപ്തിയിൽ എത്തിയതായി തോന്നുന്നില്ല അപ്പോൾ എന്താണ് ഇത്തരം പരിഷ്കരണങ്ങൾക്ക് ഒക്കെ ഒരു വിലങ്ങുതടിയായി നിൽക്കുന്നത് എങ്ങനെയാണ് നമുക്ക് ആദിവാസി വിഭാഗങ്ങളെ സാമ്പത്തികമായി സുരക്ഷിതരായ ഒരു തലത്തിലേക്ക് എത്തിക്കാൻ കഴിയുന്നത്?

ശരിക്കും ഇത്തരം പരിഷ്കരണങ്ങൾ എല്ലാം ഒരു പൊളിറ്റിക്കൽ അജയുടെ ഭാഗമായി നടക്കുന്ന ഒരു പ്രക്രിയയാണ്. ഇവരെ അന്ധരായി നിർത്തിയാൽ മാത്രമേ ഇവരെ ചൂഷണം ചെയ്യാൻ പറ്റുകയുള്ളൂ. ആദിവാസി ജനതയെ സ്വത്വബോധം ഇല്ലാത്തവരായി നില നിർത്തിയാൽ മാത്രമേ മറ്റുള്ളവർക്ക് ഇവരെ ചൂഷണം ചെയ്യാൻ പറ്റുകയുള്ളൂ. സ്വന്തമായി ഒരു സ്വത്വബോധവും ഉപജീവനമാർഗവും ഉണ്ടെങ്കിൽ ആരുടെയും അടിമകളായി അവരെ നിർത്തിക്കാൻ കഴിയില്ല. ആ സ്വത്വബോധവും ഉപജീവനമാർഗവും ഇല്ലാതിരുന്നാലേ ഇവിടുത്തെ ചില രാഷ്ട്രീയ പാർട്ടികൾക്കും ചൂഷണം ചെയ്യാൻ സാധിക്കൂ. ഭൂമി പോലെയുള്ള സംവിധാനം കിട്ടി അവിടെ അവർ കൃഷി ഇറക്കി അതിനകത്ത് ആവശ്യത്തിന് വരുമാനം കിട്ടിക്കഴിഞ്ഞാൽ സർക്കാർ ഗ്രാന്റുകൾ ഒന്നും കിട്ടിയില്ല എങ്കിലും ഈ കൃഷി വിഭവങ്ങളിലൂടെ കുട്ടികളെ പഠിപ്പിച്ച് ഒരു ഉന്നതതലത്തിൽ എത്തിക്കാൻ അവർക്ക് കഴിയും. അതില്ലെങ്കിൽ സർക്കാർ ആനുകൂല്യങ്ങളും പ്രതീക്ഷിച്ച് ഇരിക്കേണ്ടി വരും. സർക്കാരിന്റെ പദ്ധതി ആണെങ്കിൽ ഇപ്പോൾ പാസ് ആവേണ്ട പദ്ധതി രണ്ട് വർഷം കഴിഞ്ഞാലെ പാസ് ആവൂ. രണ്ട് വർഷം പഠനം നിർത്താൻ ആവില്ലല്ലോ. അതോടു കൂടി അവർ ബുദ്ധിമുട്ടിൽ ആവുകയാണ്. സർക്കാർ ചെയ്യുന്ന കാര്യങ്ങൾ കൃത്യ സമയത്ത് നടക്കുന്ന സംവിധാനം ഉണ്ടാവണം. എന്നാലെ അതുകൊണ്ട് പ്രയോജനം ഉള്ളൂ. ഒരു കോളേജിൽ ചേരേണ്ട സമയത്ത് അടക്കേണ്ട തുക ഗവൺമെന്റ് ഗ്രാന്റായി കയ്യിൽ വരുമ്പോൾ രണ്ട് വർഷം കഴിയും. അപ്പോഴത്തേക്കും ചേരേണ്ട സമയം കഴിഞ്ഞിട്ടുണ്ടാകും.

സിസ്റ്റം വളരെ സ്ലോ ആണ് എന്ന് അഭിപ്രായംപെടുന്നുണ്ടോ

അതെ സിസ്റ്റം വളരെ സ്ലോ ആണ്. അത് മാത്രം അല്ല ഈ വിഭാഗത്തിന് ഇത്ര സൗകര്യം ഒക്കെ മതി എന്ന കണക്കുകൂട്ടലാണ് സിസ്റ്റത്തിൽ. എല്ലാ കാര്യങ്ങളും കൃത്യ സമയത്ത് നടന്നാലെ മാറ്റം രൂപപ്പെടുകയുള്ളൂ

ആദിവാസികളുടെ വിദ്യാഭ്യാസ ശതമാനം എങ്ങനെയാണ് ?

ഇന്നത്തെ തലമുറ വിദ്യാഭ്യാസമുള്ളവരാണ്. പണ്ടുകാലത്ത് ഭൂരിഭാഗം പേരും വിദ്യാഭ്യാസമില്ലാത്തവരായിരുന്നു. സ്വന്തമായി കൃഷി ചെയ്തായിരുന്നു ഉപജീവന മാർഗം കണ്ടെത്തിയിരുന്നത്. എന്നാൽ പിന്നീടവർ ഭൂരാഹിത്യം മൂലം ഭൂവുടമകളുടെ കീഴിൽ ജോലി ചെയ്യാൻ നിർബന്ധിതരായി.

ഇപ്പോഴും ഇത് തുടരുന്നുവോ?

അതെ . ഇപ്പോഴും ഭൂവുടമകളുടെ ഭൂമിയിൽ ആദിവാസി വിഭാഗങ്ങൾ കൃഷി ചെയ്യുന്നു. മികച്ച കൃഷിക്കാരനുള്ള അവാർഡ് വാങ്ങിയ പല കൃഷിക്കാരുടെയും ഭൂമിയിൽ കൃഷി ചെയ്യുന്നത് ആദിവാസി വിഭാഗക്കാരാണ്. അവരുടെ ജോലിക്ക് കൂലി നൽകുക മാത്രമാണ് ഭൂവുടമകൾ ചെയ്തിരുന്നത്. പല ഭൂവുടമകൾക്കും കൃഷിയെക്കുറിച്ച് കൂടുതലൊന്നും അറിയില്ല, എന്നാൽ ആദിവാസി വിഭാഗത്തിന് കൃഷിയെക്കുറിച്ച് കൃത്യമായ ബോധ്യമുണ്ട്.

ചെയ്യുന്ന ജോലിക്ക് ന്യായമായ വേതനം ലഭിക്കുന്നുണ്ടോ?

തുച്ഛമായ കൂലിയാണ് ലഭിക്കുന്നത് . അവരുടെ അധ്വാനത്തിന് ന്യായമായ കൂലി ലഭിക്കുന്നില്ല. ആദിവാസി വിഭാഗങ്ങളുടെ അധ്വാനത്തിൽ ഭൂവുടമകൾ തങ്ങളുടെ ലാഭം കൊയ്യുന്നു.





# UNITED STATES POWER PLAY IN VENEZUELA



After all the threats and warnings, the United States launched Operation "Absolute Resolve," which led to the capture of Venezuelan president Nicolás Maduro and his wife, Cilia Flores, on January 3rd, 2026. United States Delta Force and the 160th The Special Operations Aviation Regiment led the operation. They bombed the defense infrastructure in the capital city of Caracas and, According to some sources, the operation caused heavy casualties among Maduro's security forces, and reports indicate that several U.S. service members were injured and at least one helicopter was damaged during the mission. For months, U.S. President Donald Trump has been targeting the Venezuelan president, Nicolás Maduro. The U.S. captured oil tankers from Venezuela, accused Maduro of smuggling drugs into the U.S., and bombed ships near Venezuela, calling them "drug boats," which led to casualties in those strikes. In his current term, President Trump has given sharp responses to Maduro, accusing him of Manipulating elections and oppressing the population and the opposition, while calling for leadership change in the country. Even though we know that Maduro is an authoritarian dictator who has rigged every institution in Venezuela, suppressed the opposition in the country, and has been linked with drug trafficking and cartels, attacking a country and capturing its president is a violation of the basic principle of sovereignty. Everyone knows the fact that the U.S. didn't interfere in Venezuela to establish perfect democracy and to free it from dictatorship; it has always been to control the oil industry of the country, which forms the backbone of the Venezuelan, economy. Venezuela represents almost 17-18% of the world's oil reserves; removal hostile leadership was always in the U.S. interest. Maduro is likely to remain in the dark for the foreseeable future. The face of the opposition in Venezuela, María Corina Machado, is a strong ally of U.S. President Donald Trump. She was banned from contesting the 2024 presidential elections. Edmundo González ran against Maduro in the presidential elections and is considered the right hand of Machado. This election has been widely seen as a rigged one where Maduro won.





The U.S. provided training to the Venezuelan military, shared intelligence with them, and even conducted naval exercises together. Venezuela was a valuable ally for the U.S. at the time, as it was a relatively stable democracy with abundant oil reserves. American oil companies played a dominant role in developing Venezuela's petroleum industry, and Venezuela became one of the United States' most important oil suppliers during much of the mid-20th century.All changed after Hugo Chávez was elected as president in 1999. He moved away from Washington and criticized foreign influence in the country; he pressured the U.S. to withdraw its military mission from the country and started to move towards Russia, China, and Iran. The United States was not going to ignore this; they attempted to overthrow Hugo Chávez in a coup in 2002, but it failed. Hugo Chávez had a more socialist approach and was very popular with Venezuelans. In 2004, oil prices suddenly increased, which boomed the Venezuelan economy. Chávez used money from the oil trade for social welfare activities, which kept him in power until 2013.Nicolás Maduro is his successor. During his tenure, oil prices sharply decreased, which created problems for the oil-dependent economy, leading to inflation and the fall of the currency. Maduro also followed the Chávez playbook of maintaining popularity through welfare activities, but a troubled economy and tightened sanctions from the United States restricted it. Maduro appointed people loyal to him in every key governing institution to maintain his rule. During Joe Biden's tenure as U.S. President, he offered sanctions relief in exchange for reforms and conducting elections freely. But as every dictator does, Maduro rigged the 2024 elections as addressed earlier, and the U.S. and its allies again imposed sanctions due to this.

So, for the time being, Venezuelan vice president Delcy Rodríguez will be the acting president of Venezuela. Even though Machado is a Trump supporter, Trump was disappointed after she received the Nobel Peace Prize; he had been expecting and campaigning to win the Nobel Peace Prize himself. Since then, he has expressed concerns over Machado's actual ground support in the country. As I mentioned earlier, Machado presented her Nobel Peace Prize to Trump, a move some critics view as a desperate strategic gamble or even a symbolic bribe to regain his favor during their meeting at the White House on January 15, 2026. Trump has warned Delcy Rodríguez that if she does not act according to U.S. interests, she will face an extreme version of what Maduro went through. There are reports suggesting that Venezuelan Vice President Delcy Rodríguez may have engaged in back-channel talks with the United States ahead of Maduro's capture. Delcy Rodríguez is in a tough spot now, as she should balance U.S. interests and the supporters of Maduro in the regime, or else she could be in trouble. There are three probabilities of what could happen next: one is a smooth transition to a democratic process, the next one is the continuity of this system, and the last one is total collapse. We should not forget the fact that only Maduro is removed; the system is the same one he left behind. There are strong military and civilian leaders that could take advantage of this power vacuum, which could lead to inner conflict and result in total chaos. With Maduro's removal, one of the biggest losses is for Russia, who will lose a key ally in Latin America, and China, who exports a large percentage of cheap, sanctioned Venezuelan oil. History tells us that U.S. interventions never end in a good way; let's wait and see if Venezuela will become another chapter offailed U.S. interventions.



Arjun Santhosh
1st MA History

# സൗന്ദര്യത്തിന്റെ പക്ഷപാതം: എന്തുകൊണ്ടാണ് "ആകർഷകമല്ലാത്ത" ജീവികൾ പിന്നിലാകുന്നത്?



Adith M T
2nd B.Sc. Zoology

വംശനാശഭീഷണി നേരിടുന്ന ജീവികളെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് ആദ്യം വരുന്നത് ഏതാനും പരിചിതമായ ജീവികളാണ്. മുള തിന്നുന്ന പാണ്ഡ, മരക്കൊമ്പിൽ ചുറ്റിപ്പിടിച്ചിരിക്കുന്ന കോല, കാട്ടിലൂടെ ഗാംഭീര്യത്തോടെ നടക്കുന്ന കടുവ, അല്ലെങ്കിൽ തെളിഞ്ഞ കടലിലൂടെ നീന്തുന്ന കടലാമ. ഇന്ന് വന്യജീവി സംരക്ഷണത്തിന്റെ പ്രതീകങ്ങളായി മാറിയവരാണ് ഇവ. ഡോക്യുമെന്ററികളിലും ഫണ്ട് റൈസിങ് ക്യാമ്പയിനുകളിലും സ്കൂൾ പ്രോജക്ടുകളിലും സോഷ്യൽ മീഡിയയിലുമെല്ലാം ഇവ നിറഞ്ഞുനിൽക്കുന്നു. ഇവയെ സംരക്ഷിക്കാൻ ലോകമെമ്പാടും കോടിക്കണക്കിന് രൂപ ചെലവഴിക്കപ്പെടുന്നു. എന്നാൽ ലോകം ഈ പരിചിത ജീവികളെ രക്ഷിക്കാൻ ശ്രമിക്കുമ്പോൾ, വംശനാശഭീഷണി നേരിടുന്ന ആയിരക്കണക്കിന് മറ്റു ജീവിവർഗ്ഗങ്ങൾ ആരുടെയും ശ്രദ്ധയില്ലാതെ പതിയെ അപ്രത്യക്ഷമാവുകയാണ്. കാരണം അവ നമ്മുടെ കാഴ്ചപ്പാടിൽ വിരൂപമാണ്. ചിലത് ചുളിവുകൾ നിറഞ്ഞവയാണ്. ചിലത് വഴുപ്പുള്ളവ. ചിലത് അമിതമായി രോമം നിറഞ്ഞവ. ചിലതിന് വിചിത്രമായ രൂപമാണ്. മറ്റു ചിലതാകട്ടെ നമുക്ക് തീർത്തും അപരിചിതരാണ്. അതുകൊണ്ടുതന്നെ അവയ്ക്ക് പൊതുവെ മനുഷ്യരുടെ സ്നേഹവും കരുതലും ലഭിക്കാറില്ല. പലരുടെയും ജീവിതത്തിൽ ഇവയുടെ പേര് പോലും കേട്ടിട്ടില്ല. എന്നാൽ ഈ അവഗണിക്കപ്പെടുന്ന ജീവികളിൽ പലതും പ്രകൃതിയിൽ ചെയ്യുന്ന ജോലി, നമ്മൾ ഏറെ വിലമതിക്കുന്ന ജീവികളുടേതിന് തുല്യമോ അതിലും പ്രധാനപ്പെട്ടതോ ആണ്. അപ്പോൾ ഒരു അസ്വസ്ഥമാക്കുന്ന ചോദ്യം ഉയരുന്നു. നമ്മൾ സംരക്ഷിക്കുന്നത് യഥാർത്ഥത്തിൽ പ്രകൃതിയെയാണോ? അതോ നമുക്ക് മനോഹരമായി തോന്നുന്ന ജീവികളെ മാത്രമാണോ?

വന്യജീവി സംരക്ഷണത്തിന്റെ അടിത്തറ ശാസ്ത്രമാണെങ്കിലും, അതിന് പൊതുജനങ്ങളുടെ പിന്തുണ ലഭിക്കുന്നത് പലപ്പോഴും വികാരങ്ങളുടെ അടിസ്ഥാനത്തിലാണ്. മനഃശാസ്ത്രത്തിൽ ഇതിനെ 'സൗന്ദര്യ പക്ഷപാതം' (Beauty Bias) എന്ന് വിളിക്കുന്നു. സുന്ദരമായി തോന്നുന്ന കാര്യങ്ങൾക്ക് നമ്മൾ സ്വാഭാവികമായി കൂടുതൽ വില നൽകുന്ന ഒരു പ്രവണതയാണിത്. മനുഷ്യരോടും വസ്തുക്കളോടും മാത്രമല്ല, വന്യജീവികളോടുള്ള നമ്മുടെ സമീപനത്തെയും ഈ പക്ഷപാതം സ്വാധീനിക്കുന്നു. പാണ്ഡ, കോല, ആന, കടുവ തുടങ്ങിയ ജീവികളെ 'കരിസ്മാറ്റിക് മെഗാഫൗന' (Charismatic Megafauna) എന്നാണ് വിളിക്കുന്നത്. വലിയ ശരീരവും ആകർഷകമായ രൂപവും വികാരങ്ങൾ പ്രകടമാക്കുന്ന മുഖവുമുള്ള ഇവയെ ആളുകൾക്ക് എളുപ്പത്തിൽ ഇഷ്ടപ്പെടാൻ കഴിയും. അതുകൊണ്ടുതന്നെ ഇവയ്ക്ക് മാധ്യമങ്ങളുടെ ശ്രദ്ധയും സാമ്പത്തിക സഹായവും പൊതുജനങ്ങളുടെ സഹാനുഭൂതിയും ധാരാളമായി ലഭിക്കുന്നു. ഇവയെ സംരക്ഷിക്കേണ്ടത് തീർച്ചയായും അത്യാവശ്യമാണ്. പക്ഷേ ഇതിന്റെ നിഴലിൽ, അതേ ഭീഷണി നേരിടുന്ന അനേകം ജീവികൾ ആരും ശ്രദ്ധിക്കാതെ പോകുന്നു. അതിന് ഒരു നല്ല ഉദാഹരണമാണ് അയെ-അയെ (Aye-aye). മഡഗാസ്കറിൽ മാത്രം കാണപ്പെടുന്ന ഈ രാത്രിസഞ്ചാരിയായ പ്രൈമേറ്റിന് വലിയ കണ്ണുകളും വലിപ്പമേറിയ ചെവികളും അസാധാരണമായി നീണ്ട വിരലുകളുമുണ്ട്. ഈ വിചിത്രമായ രൂപം കാരണം ചില പ്രാദേശിക വിശ്വാസങ്ങളിൽ ഇതിനെ ദുർഭാഗ്യത്തിന്റെ പ്രതീകമായി കരുതുകയും കൊല്ലുകയും ചെയ്തിട്ടുണ്ട്. എന്നാൽ മരത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന ലാർവകളെ പുറത്തെടുത്ത് ഭക്ഷിക്കുന്നതിലൂടെ വനങ്ങളെ കീടബാധയിൽ നിന്ന് സംരക്ഷിക്കുന്നതിൽ ഈ ജീവി പ്രധാന പങ്ക് വഹിക്കുന്നു. മറ്റൊരു ഉദാഹരണമാണ് സ്റ്റാർ-നോസ്ഡ് മോൾ (Star-nosed Mole). നക്ഷത്രത്തിന്റെ ആകൃതിയിലുള്ള അതിന്റെ മൂക്ക് കണ്ടാൽ പലർക്കും അറപ്പ് തോന്നും. പക്ഷേ അതേ മൂക്ക് തന്നെയാണ് അതിന് അതിവേഗത്തിൽ ഇരയെ കണ്ടെത്താനുള്ള കഴിവ് നൽകുന്നത്. മണ്ണിനടിയിൽ ജീവിക്കുന്ന ചെറുജീവികളെ ഭക്ഷിക്കുന്നതിനാൽ ഭൂമിക്കടിയിലെ ജീവലോകത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്താനും ഇത് സഹായിക്കുന്നു. ബ്ലോബ്ഫിഷ് (Blobfish) ഇതിലും കൗതുകകരമായ ഒരു ഉദാഹരണമാണ്. 'ലോകത്തിലെ ഏറ്റവും വിരൂപമായ മത്സ്യം' എന്ന പേരിലാണ് ഇത് പലപ്പോഴും അറിയപ്പെടുന്നത്. പക്ഷേ ആ ചിത്രം യഥാർത്ഥ രൂപമല്ല. ആഴക്കടലിലെ വലിയ മർദ്ദത്തിൽ ജീവിക്കുന്ന ഈ മത്സ്യത്തെ ഉപരിതലത്തിലേക്ക് കൊണ്ടുവരുമ്പോൾ മർദ്ദം പെട്ടെന്ന് കുറയുന്നു. അതുകൊണ്ടാണ് അതിന്റെ ശരീരം വികൃതമായി കാണപ്പെടുന്നത്. സ്വന്തം ആവാസവ്യവസ്ഥയിൽ ഇത് സാധാരണ മത്സ്യങ്ങളെപ്പോലെ തന്നെയാണ് കാണപ്പെടുന്നത്. ഇവ മാത്രമല്ല, അനേകം പ്രാണികൾ, ഉഭയജീവികൾ, പല്ലികൾ, വിരകൾ, വവ്വാലുകൾ, കഴുകന്മാർ തുടങ്ങി ആയിരക്കണക്കിന് ജീവികൾ മനുഷ്യരുടെ ശ്രദ്ധയിൽപ്പെടാതെ ജീവിക്കുന്നു. ഇവ വിളകളിൽ പരാഗണം നടത്തുന്നു. ചത്ത സസ്യങ്ങളെയും ജീവികളെയും അഴുകിച്ച് മണ്ണിലേക്ക് പോഷകങ്ങൾ തിരിച്ചെത്തിക്കുന്നു. വിത്തുകൾ പരത്തുന്നു. കീടങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നു. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്താൻ ആവശ്യമായ അനേകം ജോലികൾ ഇവ നിശബ്ദമായി ചെയ്യുന്നു. ഇവ ഇല്ലാതായാൽ പ്രകൃതിയുടെ പ്രവർത്തനങ്ങൾ പതിയെ തകരാൻ തുടങ്ങും. ഏറ്റവും മനോഹരമായ ജീവികളെ ആശ്രയിച്ചല്ല ഒരു ആവാസവ്യവസ്ഥ നിലനിൽക്കുന്നത്. ഓരോ ജീവിക്കും അതിന്റേതായ ഒരു പ്രത്യേക ഉത്തരവാദിത്തമുണ്ട്. പരാഗണം നടത്തുന്ന ജീവികൾ ഇല്ലാതായാൽ സസ്യങ്ങൾക്ക് പെരുകാൻ പ്രയാസമാകും. ചത്തവയെ അഴുകിപ്പിക്കുന്ന ജീവികൾ ഇല്ലാതായാൽ പോഷകങ്ങൾ മണ്ണിലേക്ക് തിരിച്ചെത്തില്ല. വേട്ടക്കാരായ ജീവികൾ ഇല്ലാതായാൽ ഇരകളുടെ എണ്ണം നിയന്ത്രണമില്ലാതെ വർദ്ധിക്കും. ഇങ്ങനെ ഓരോ ജീവിയും ഒരു വലിയ ജീവജാല ശൃംഖലയിലെ അനിവാര്യമായ കണ്ണിയാണ്. അതുകൊണ്ടുതന്നെ, ഏറ്റവും ചെറിയതോ ഏറ്റവും ശ്രദ്ധിക്കപ്പെടാത്തതോ ആയ ഒരു ജീവിവർഗ്ഗം പോലും ഇല്ലാതാകുന്നത് മുഴുവൻ പ്രകൃതിയെയും ബാധിച്ചേക്കാം.

സൗന്ദര്യ പക്ഷപാതം മനുഷ്യരുടെ അഭിപ്രായങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല. വന്യജീവി സംരക്ഷണത്തിനായി ലഭിക്കുന്ന സാമ്പത്തിക സഹായത്തെയും അത് സ്വാധീനിക്കുന്നു. ഫ്രാൻസിലെ പാരീസ് സൂളജിക്കൽ പാർക്കിൽ നടത്തിയ ഒരു പഠനത്തിൽ, ജിറാഫ്, ജാഗ്വാർ തുടങ്ങിയ ജനപ്രിയ ജീവികൾക്ക് പൊതുജനങ്ങളിൽ നിന്ന് ലഭിച്ച സംഭാവന, കഴുകന്മാരെയും ടാറന്റ്?? പോലുള്ള ജീവികളെയും അപേക്ഷിച്ച് 46 മടങ്ങ് കൂടുതലായിരുന്നു. ഒരു ജീവിയുടെ പരിസ്ഥിതിയിലെ പ്രാധാന്യമല്ല, അതിന്റെ രൂപമാണ് പലപ്പോഴും സംരക്ഷണത്തിനുള്ള പിന്തുണ തീരുമാനിക്കുന്നതെന്ന് ഈ പഠനം വ്യക്തമാക്കുന്നു. ഈ പക്ഷപാതം നിയമപരമായ സംരക്ഷണത്തിലും പ്രതിഫലിക്കുന്നു. യൂറോപ്പിലെ ചിത്രശലഭങ്ങളെക്കുറിച്ചുള്ള ഒരു പഠനം, കൂടുതൽ നിറങ്ങളുള്ളതും ആകർഷകമായി തോന്നുന്നതുമായ ചിത്രശലഭങ്ങൾക്ക് സംരക്ഷണപദ്ധതികളിൽ കൂടുതൽ പ്രാധാന്യം ലഭിക്കുന്നതായി കണ്ടെത്തി. അതേസമയം, ശ്രദ്ധിക്കപ്പെടാത്ത അനേകം പ്രാണികൾക്ക് സമാനമായ പരിഗണന ലഭിക്കുന്നില്ല. കടൽജീവികളിലും ഇതേ വിരോധാഭാസം കാണാം. 2,400–ലധികം പവിഴപ്പുറ്റുമത്സ്യങ്ങളെ അടിസ്ഥാനമാക്കി നടത്തിയ എ ഐ (Artificial Intelligence) പഠനത്തിൽ, മനുഷ്യർ 'വിരൂപം' എന്ന് വിലയിരുത്തിയ മത്സ്യങ്ങളാണ് പരിണാമചരിത്രത്തിൽ ഏറ്റവും പഴക്കമുള്ളതും ആവാസവ്യവസ്ഥയുടെ നിലനിൽപ്പിന് കൂടുതൽ പ്രാധാന്യമുള്ളതും എന്ന് കണ്ടെത്തി. മനുഷ്യർ ഏറ്റവും മനോഹരമെന്ന് കരുതിയ പല മത്സ്യങ്ങൾക്കും പകരക്കാരായ മറ്റു ജീവികൾ ഉണ്ടായിരുന്നു. എന്നാൽ 'വിരൂപം' എന്ന് വിലയിരുത്തപ്പെട്ട ചില ജീവികൾക്ക് അത്തരം പകരക്കാരില്ലായിരുന്നു. അതേസമയം, സൗന്ദര്യം ചിലപ്പോൾ ഒരു ജീവിക്ക് അനുഗ്രഹമല്ല, ശാപവുമാകാം. ലോകമെമ്പാടുമുള്ള 4,000–ലധികം പക്ഷികളെ ഉൾപ്പെടുത്തി നടത്തിയ ഒരു പഠനം, കൂടുതൽ നിറങ്ങളുള്ള പക്ഷികൾക്ക് വംശനാശസാധ്യത കൂടുതലാണെന്ന് കണ്ടെത്തി. കാരണം, അവയുടെ ഭംഗി തന്നെയാണ് അവയെ അനധികൃത വളർത്തുപക്ഷി വ്യാപാരത്തിന്റെ പ്രധാന ലക്ഷ്യമാക്കുന്നത്.

അതിനാൽ, ചില ജീവികൾ ഭംഗിയില്ലാത്തതുകൊണ്ട് അവഗണിക്കപ്പെടുമ്പോൾ, മറ്റു ചില ജീവികൾ അതീവ മനോഹരമായതുകൊണ്ടുതന്നെ അമിതമായ വേട്ടയാടലിന് ഇരയാകുന്നു. എന്നാൽ ഈ പക്ഷപാതം മാറ്റാൻ കഴിയുമെന്നാണ് മനഃശാസ്ത്ര പഠനങ്ങൾ സൂചിപ്പിക്കുന്നത്.

ഒരു 'ആകർഷകമല്ലാത്ത' ജീവി ഗുരുതര വംശനാശഭീഷണിയിലാണെന്ന് ആളുകളെ അറിയിക്കുമ്പോൾ, അതിനോടുള്ള സഹാനുഭൂതിയും സംരക്ഷണത്തിനുള്ള സാമ്പത്തിക പിന്തുണയും ഗണ്യമായി വർദ്ധിക്കുന്നതായി പരീക്ഷണങ്ങൾ കാണിക്കുന്നു. അതുപോലെ, സാധാരണ ശ്രദ്ധിക്കപ്പെടാത്ത ജീവികളെ ഫലപ്രദമായി പരിചയപ്പെടുത്തുകയും അവയുടെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്താൽ, ജനങ്ങൾ അവയുടെ സംരക്ഷണത്തിനും തുല്യമായി പിന്തുണ നൽകാൻ തയ്യാറാകുന്നു.ഈ അവഗണനയ്ക്ക് മറുപടിയായി ചില സംഘടനകളും രൂപംകൊണ്ടിട്ടുണ്ട്. 'അഗ്ലി ആനിമൽ പ്രിസർവേഷൻ സൊസൈറ്റി' (Ugly Animal Preservation Society) പോലുള്ള സംഘടനകൾ ഭംഗിയില്ലെന്ന പേരിൽ അവഗണിക്കപ്പെടുന്ന ജീവികളുടെ സംരക്ഷണത്തിന് വേണ്ടി ബോധവൽക്കരണം നടത്തുന്നു. അതുപോലെ, 'EDGE of Existence' പോലുള്ള ശാസ്ത്രീയ പദ്ധതികൾ ഒരു ജീവിയുടെ സൗന്ദര്യം നോക്കിയല്ല, പരിണാമചരിത്രത്തിൽ അതിന് എത്രമാത്രം പ്രത്യേക സ്ഥാനമുണ്ടെന്നും അത് നഷ്ടപ്പെട്ടാൽ പ്രകൃതിക്ക് എത്ര വലിയ നഷ്ടമുണ്ടാകുമെന്നുമാണ് വിലയിരുത്തുന്നത്. പ്രകൃതിയെ സംരക്ഷിക്കേണ്ടത് കണ്ണുകൊണ്ട് ഇഷ്ടപ്പെട്ട ജീവികളെ മാത്രമല്ല, ഭൂമിയുടെ ജീവവൈവിധ്യത്തെ മുഴുവനുമാണെന്ന് ഇവ നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരുപക്ഷേ, വന്യജീവികളെ സംരക്ഷിക്കുന്നതല്ല സംരക്ഷണപ്രവർത്തനങ്ങളുടെ ഏറ്റവും വലിയ വെല്ലുവിളി. അവയെ നമ്മൾ എങ്ങനെ വിലമതിക്കുന്നു എന്ന കാഴ്ചപ്പാട് മാറ്റുന്നതായിരിക്കാം അതിലും വലിയ വെല്ലുവിളി. സൗന്ദര്യം ശ്രദ്ധ നേടുകയും, രൂപം നമ്മുടെ കരുതലിനെ തീരുമാനിക്കുകയും ചെയ്യുന്നിടത്തോളം, അനേകം ജീവിവർഗ്ഗങ്ങൾ ലോകം അവയുടെ പേര് പോലും അറിയുന്നതിനുമുമ്പ് ഭൂമിയിൽ നിന്ന് അപ്രത്യക്ഷമാകും. അവയ്ക്ക് പ്രാധാന്യമില്ലാത്തതുകൊണ്ടല്ല അത്. സംരക്ഷിക്കപ്പെടാൻ അർഹമായ ജീവിയുടെ രൂപത്തെക്കുറിച്ചുള്ള നമ്മുടെ സങ്കൽപ്പത്തിൽ അവ ഒരിക്കലും ഒതുങ്ങിയില്ല എന്നതാണ് കാരണം. ഒരുപക്ഷേ, യഥാർത്ഥ ചോദ്യം 'ഏതൊക്കെ ജീവികളാണ് വംശനാശഭീഷണി നേരിടുന്നത്?' എന്നതല്ല. മറിച്ച്, എന്തുകൊണ്ടാണ് ചില ജീവികൾ ലോകത്തിന്റെ പോരാട്ടത്തിന്റെ പ്രതീകങ്ങളാകുമ്പോൾ, മറ്റു ചില ജീവികൾ ആരും ശ്രദ്ധിക്കാതെ വംശനാശത്തിലേക്ക് മറയുന്നത്?

# SOLITARY VOICE

In the cities where the buildings rise
Tall and gaunt,
To witness the people in their rush hours.
Along the streets that leaves no inch
to pause or breathe,
but to move and move again

Among the crowd,  within ourselves
It stays; the utter silence
that answers neither to the hunger of a child
nor the scream of a woman
The needful calls for action ; yet no response
Like the light that travels into a void....

While the media and politicians
chase the headlines
The needful remains invisible-
uncounted and unheard.
Their voices fails to fall into the ears of the
world
That is too loud to listen.

When the whole world celebrates its growing
beauty,
Their voices seems to swallow the lightest
Hearts that pass through the crowded
currents
never touches the silence they leave behind.
They waits to be lifted from the miseries- that
bind them
Trapped within the maze that never finds its
end....






Namitha P
2nd  B.Sc. Chemistry

# ചുവര്

എല്ലാ കൂട്ടുകാർക്കും എന്നോട് അസൂയയാണ്,
ഞാൻ ക്യാമ്പസിൽ ആണല്ലോ.
കണ്ട മുഖങ്ങൾ തന്നെ കണ്ടും
കേട്ട തെറികൾ തന്നെ കേട്ടും
മറ്റുള്ളവരെല്ലാം വിഷാദത്തിലാണ്.
വഴിവക്കിൽ സ്വാതന്ത്ര്യത്തിൽ കഴിയുന്നവനാകട്ടെ
മുറുക്കി തുപ്പിയതിന്റെ ചവർപ്പും
വിസർജനത്തിന്റെ ദുർഗന്ധവും.....
എനിക്ക് ഭാഗ്യമുണ്ട്
എന്നാൽ........
അധ്യാപകൻ ജാതി നോക്കി കുട്ടിയുടെ സ്പർശനത്തെ കഴുകി
അകറ്റുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ?
വരാന്തകളിലെ കപട രാഷ്ട്രീയത്തിന്റെ ധ്വനി
നിങ്ങൾ കേട്ടിട്ടുണ്ടോ?
കാരണം ഏതുമില്ലാതെ മുറിഞ്ഞു പോകുന്ന ബന്ധങ്ങൾ
കണ്ടിട്ടുണ്ടോ?
എഴുതിത്തീരാത്ത അസൈൻമെന്റ്കളിൽ എഴുതിവെച്ച
സ്വപ്നങ്ങളെ കണ്ടിട്ടുണ്ടോ?
അകലാൻ മാത്രമായി അടുക്കുന്നവരെ കണ്ടിട്ടുണ്ടോ...?
പിരിഞ്ഞു പോകുമ്പോൾ കണ്ണീർ വാർക്കുന്നവരെ കണ്ടിട്ടുണ്ടോ?
ഗുരുവിന്റെ പക്ഷപാതം കേട്ടിട്ടുണ്ടോ?
ചോദ്യം ചെയ്യപ്പെടാത്ത വേദനിപ്പിക്കുന്ന '"തമാശകൾ"
കേട്ടിട്ടുണ്ടോ?
നിറത്തിന്റെ, ഉയരത്തിന്റെ, മുഖത്തിന്റെ, സൗന്ദര്യത്തിൽ
പടർന്നുകയറുന്ന തീക്ഷ്ണ യൗവ്വനത്തെ കണ്ടിട്ടുണ്ടോ??
ക്ലെത്തിനുമപ്പുറം ഇത് ജീവിതമാണെന്ന് മനസ്സിലാക്കുമ്പോൾ
ഉണ്ടാകുന്ന നീറ്റൽ അറിഞ്ഞിട്ടുണ്ടോ
ഉത്തരമില്ലാത്ത ജീവിതത്തിന്റെ തമാശകൾ കേട്ടിട്ടുണ്ടോ....?
ഞാൻ കേട്ടിട്ടുണ്ട്
ഞാൻ കണ്ടിട്ടുണ്ട്
അനീതി ചോദ്യം ചെയ്യാനാവാതെ....
അനങ്ങാതെ.....



Krishnendu R
2nd BA Malayalam



# RAGEBAIT


Dhyan P
3rd B.Sc. Chemistry

People have started judging others based on their Instagram highlights.
Someone looks at a profile and decides who that person is by their pictures, captions, or followers.
But Instagram isn't real life. It's a space where people pretend to be rich, pretend to be happy, pretend to be okay.
Yeah, you might say, "I know all this already."
But do we really understand it?
What if the person you're judging is just shy to post something?
What if they simply don't want to share their private life?
A person with no bio and no profile picture is often treated as mysterious or introverted. But what if they're just scared scared of being judged, laughed at, or misunderstood?
We forget that not posting doesn't mean not living.
Some people post every moment; others keep their moments safe in their memory.
We all show what we want others to see a highlight reel, not the whole story.
Most people post vibrant, colorful pictures and yes, it's a platform to share. But what if someone doesn't feel confident in their looks? What if they choose not to post because they think they're "not good enough"?
Even I've judged people by their clothes, accessories, or highlights.
Many pretend to be rich but are they really?
They post pictures with cars or bikes, but are those truly theirs?
Even if someone owns a small car, they hesitate to post it because they fear being judged.
We all want to dress well, right?
But we laugh at someone who doesn't follow the latest trend.
What if they don't like that trend?
What if they can't afford it?
What if they just feel comfortable in their own style?
It's funny how we talk about "being real" but only accept what fits our idea of perfection.

# HOMEBOUND 2025 REVIEW

In an industry often driven by spectacle, escapism, and unoriginal storytelling, Homebound emerges as a rare cinematic work that prioritizes truth over comfort. Directed by Neeraj Ghaywan, the film is a quietly powerful exploration of friendship, systemic inequality, and the fragile nature of hope in modern India. It is not merely a film that tells a story, it observes, absorbs, and reflects lived realities with an almost documentary-like honesty. Set against the socio-economically strained backdrop of North India, the narrative follows two childhood friends, Chandan Kumar and Mohammed Shoaib Ali, portrayed by Vishal Jethwa and Ishaan Khatter. Their shared ambition, to secure a position in the police force, acts as the central thread that binds the story. Yet, this aspiration is far from a simple career goal, it represents dignity, stability, and an escape from the suffocating structures of caste and religious discrimination that define their lives.

What makes Homebound particularly striking is it's refusal to dramatize it's themes in a conventional manner. There are no exaggerated confrontations, no melodramatic breakdowns engineered for applause. Instead, Ghaywan employs restraint as his most powerful tool. The struggles faced by the protagonists unfold organically, often in silence or in brief, quiet exchanges. This minimalism allows the audience to engage more deeply, filling in emotional gaps with their own understanding of reality. The screenplay is meticulously layered, offering a narrative that feels both intimate and expansive. Every scene carries weight, not through heroism but through authenticity. The dialogues are sparse yet meaningful, often revealing more through pauses than through words. The pacing, deliberately unhurried, mirrors the stagnation experienced by the characters, young men caught in a system that offers little mobility despite relentless effort.




Performances form the emotional backbone of the film. Vishal Jethwa's portrayal of Chandan is deeply captivating he captures the quiet frustration of a man burdened by expectations he may never fulfill. His performance is marked by subtle shifts, glances, hesitations, restrained anger that speak volumes. On the other hand, Ishaan Khatter delivers what can arguably be considered one of the most mature performances of his career. His Shoaib is layered with vulnerability, resilience, and an ever-present awareness of his identity in a society that constantly reminds him of it. Supporting characters, though limited in screen time, significantly enrich the narrative.




Adheep P
2nd BA Economics

Janhvi Kapoor appears in a restrained role that contrasts sharply with the protagonists' reality, representing privilege that is both detached and faintly aware. Meanwhile, characters played by seasoned actors such as Shalini Vatsa ground the film further, highlighting the often-overlooked emotional labor within marginalized households. These roles are not ornamental they contribute meaningfully to the film's thematic depth.

Visually, Homebound is a masterclass in realism. The cinematography avoids aestheticizing poverty, instead presenting environments as they are raw, unfiltered, and deeply lived-in. The rural landscapes, narrow alleys, and modest interiors are captured with an eye for detail that enhances immersion. There is a deliberate absence of visual glamour, reinforcing the film's commitment to authenticity. The use of natural light and handheld camera movements further amplifies the sense of immediacy. Sound design and music are used sparingly, yet effectively. The film largely relies on ambient sound, distant conversations, environmental noise, and silence to build atmosphere. This choice allows emotional moments to resonate without manipulation. When music does appear, it is subtle and discreet, complementing rather than dominating the narrative.

A significant turning point in the film arises with the onset of the COVID-19 pandemic, which is woven seamlessly into the storyline. Rather than serving as a dramatic plot twist, the pandemic acts as an extension of the characters' struggles. It complicate existing inequalities, disrupts fragile plans, and forces the protagonists into situations that test not only their resilience but also their bond. These sequences are among the most haunting, capturing a period of uncertainty with remarkable sensitivity. At it's core, Homebound is a meditation on friendship.

The relationship between Chandan and Shoaib is portrayed with a rare authenticity that avoids both idealization and cynicism. Their bond is shaped by shared dreams, mutual dependence, and unspoken tensions. As the narrative progresses, the film subtly explores how external pressures, societal, economic, and personal can strain even the strongest of relationships. This evolution is handled with nuance, making their journey deeply affecting.

The climax of the film is deliberately subdued, avoiding conventional notions of resolution. There are no triumphant victories or neatly tied conclusions. Instead, the film offers a moment of quiet reckoning one that feels both inevitable and profoundly moving. It is in this suppression that Homebound finds it's greatest strength, leaving the audience with a lingering sense of reflection rather than closure. In the broader context of Indian cinema, Homebound stands as a significant work that challenges narrative norms while remaining deeply accessible. It does not seek to entertain in the traditional sense instead, it compels the viewer to engage, question, and empathize. The film's impact lies not in spectacle but in its unwavering commitment to truth.

Ultimately, Homebound is an essential cinematic experience, one that demands patience, attention, and emotional investment. It is a film that does not shout to be heard but speaks in a voice so honest that it is impossible to ignore. In doing so, it reaffirms the power of cinema as a medium not just for storytelling, but for understanding the world we live in.

# മൗനത്തിന്റെ ശബ്ദം



Aparna Raj M
1st BA History



നിശ്ചലമായ രാത്രി വാനിൽ
നക്ഷത്രങ്ങൾ ചിരിച്ചുനിൽക്കും,
മൗനത്തിന്റെ ആഴത്തിൽ എങ്ങോ
ഹൃദയം കഥ പറയുന്നോണം.
മറഞ്ഞുപോകുന്ന നാളുകൾക്കൊപ്പം
സ്വപ്നങ്ങൾ പറന്നു പോകുമ്പോൾ,
ഓർമ്മകളുടെ മൃദുലതയിൽ
നീ എന്നിൽ നിലനിൽക്കും.
കാറ്റിൽ ചുംബനമായി നീ
എന്നെ തേടി വരുമോ വീണ്ടും?
മഴത്തുള്ളി പോലെ ഹൃദയത്തിൽ
നിന്റെ സ്നേഹം പതിയുമോ?
ജീവിതം ഒരു യാത്രയാണെങ്കിൽ,
നീ അതിലെ ദീപശിഖ,
അന്ധകാരം മാറി നിൽക്കുമ്പോൾ
എന്നെ നീ തെളിച്ചിടുന്നവൾ.

# ഭയം

എന്നെ എന്തോ ഭയപ്പെടുത്തുന്നു. എന്താ? എന്തിനാണ് എന്നൊന്നും എനിക്കറിയില്ല. ചിന്തിച്ചു എന്തിനെയാണ് ഞാൻ ഭയക്കുന്നതെന്ന്. 'സമൂഹത്തെ' ഉത്തരം അതായിരുന്നു.

എന്തിനു വേണ്ടി? എന്തുകൊണ്ട് ഇവിടം എന്നെ ഭയപ്പെടുത്തുന്നു എന്നതായിരുന്നു അടുത്തത്. ഉത്തരം കിട്ടി, ഇവിടുത്തെ നിയമം. മനുഷ്യജീവൻ അത് ആണോ പെണ്ണോ കുഞ്ഞുങ്ങളോ പ്രായമായവരോ എന്നിങ്ങനെ പ്രായഭേദമന്യേ കൊല്ലുകയോ കൊല്ലാതെ കൊല്ലുകയോ ചെയ്യുന്നവരെ സംരക്ഷിച്ചു കൊണ്ട് ഇരയെ കുറ്റപ്പെടുത്തുന്ന ഈ സമൂഹത്തിന്റെ, കത്തിച്ചു ചാരമാക്കേണ്ട നിയമമാണ് എന്നെ ഭയപ്പെടുത്തുന്നത്. ഒരിക്കൽ ഞാൻ പറഞ്ഞിരുന്നില്ലേ തന്റെ മുന്നിലെ അനീതികൾക്കുമുമ്പിൽ നിസ്സഹായതയോടെ കറുത്ത തുണിയാൽ കണ്ണുകൾ മുറുക്കെ അടച്ചിരിക്കുകയാണ് ഇവിടുത്തെ നീതി ദേവത.

ഇനി ഞാനൊന്ന് ചോദിക്കട്ടെ,

'ആഴ്ന്നിറങ്ങുന്ന അനീതികളുടെ വേരിൽ പടർപ്പുകൾ യാഥാർത്ഥ്യങ്ങളെ ഇരുട്ടിൽ മൂടിയാൽ, ആ ഇരുട്ടിനെ ഭയക്കുമോ അതോ ഇരുട്ടിനെ കീറിമുറിച്ച് യാഥാർത്ഥ്യത്തിന്റെ പ്രതീക്ഷയുടെ വെളിച്ചത്തെ തേടുമോ?'



PV Jas Khaleekha
2nd M.Sc. Zoology

# വേരറ്റവർ



Fathima Swahba Chemban
1st BA English

കീറിപ്പറിഞ്ഞ വസ്ത്രങ്ങളും നഗ്നമായ പാദങ്ങളുമായി ആ ബാലൻ തെരുവിലൂടെ ഓടിക്കൊണ്ടിരുന്നു.

അവന്റെ ശ്വാസത്തിന് കരിമരുന്നിന്റെയും കരിഞ്ഞ മാംസത്തിന്റെയും ഗന്ധമായിരുന്നു .

വിയർപ്പും തെരുവിലെ ചാരവും കലർന്ന് ആകെ വികൃതമാണവന്റെ മുഖം .

ആ കണ്ണുകൾ ചുറ്റും എന്തിനെയോ ഭ്രാന്തമായി തിരഞ്ഞു. യുദ്ധമവസാനിച്ചിട്ട് മാസങ്ങളായി.

'ഇനി സമാധാനത്തിന്റെ ദിനങ്ങൾ' എന്ന തലക്കെട്ട് ലോകം മുഴുവൻ കൊട്ടിയാഘോഷിച്ചു.

നേതാക്കൾ വിലകൂടിയ സ്യൂട്ടുകളണിഞ്ഞ്, ശീതീകരിച്ച കൊട്ടാരങ്ങളിൽ ഒത്തുകൂടി , പരസ്പരം ആലിംഗനം ചെയ്തു.

വെടിയുകളാൽ മുറിവേറ്റ ചുമരുകളിൽ നിന്നും രക്തമിപ്പോഴും നിലച്ചിട്ടില്ല.

ഒരു കാലത്ത് കുഞ്ഞുങ്ങളുടെ പൊട്ടിച്ചിരികളും കളിതമാശകളും നിഴലിച്ചിരുന്ന വഴിയോരങ്ങൾ ഇന്ന് നിശബ്ദമാണ്. നേതാക്കളുടെ അഹന്തയും അധികാരമോഹവും കാരണം ഒരു ജനതയ്ക്ക് നഷ്ടമായത് അവരുടെ പ്രിയപ്പെട്ട മനുഷ്യരെ മാത്രമല്ല; ആ കുഞ്ഞുങ്ങളുടെ ബാല്യവും, നല്ലൊരു ഭാവിയുമാണ്.

ജനവാസമുണ്ടെന്ന് തോന്നിക്കുന്ന ഒരോ വാതിലുകൾക്ക് മുന്നിലും അവന്റെ പാദങ്ങളുടെ വേഗത കുറഞ്ഞു.

വിശപ്പ് തളംകെട്ടിയ ആ കുഞ്ഞുമിഴികൾ ഓരോ ജനാലയിലേക്കും ഉറ്റുനോക്കി.

ഭരണാധികാരികളുടെ പൊരുത്തക്കേടുകൾ സൃഷ്ടിച്ച ദുരന്തത്തിന്റെ ജീവിക്കുന്ന രക്തസാക്ഷികളായിരുന്നു ഓരോ ജനാലകൾക്ക് പിന്നിലും.

ഓരോ വാതിലിലും അവനൊരു പ്രതീക്ഷയെ തേടി. പക്ഷേ ആ തെരുവിനും അവനെപ്പോലെ എല്ലാം നഷ്ടമായിരിക്കുന്നു. ആശുപത്രികളിൽ മരുന്നുകളില്ല. യുദ്ധം തകർത്ത വിദ്യാലയങ്ങളുടെ അവശിഷ്ടങ്ങൾക്കിടയിൽ ഓരോ കുഞ്ഞിന്റെയും സ്വപ്നങ്ങളുണ്ടായിരുന്നു. സ്വന്തം വിശപ്പടക്കാൻ പോലും മനുഷ്യർ പരസ്പരം പോരടിച്ചു കൊണ്ടിരിക്കുന്ന തെരുവിലൂടെ അലയുന്ന ഒരനാഥബാലനെ ശ്രദ്ധിക്കാൻ ആർക്കാണ് സമയം?

അധികാരികൾക്ക് യുദ്ധം വെറുമൊരു കച്ചവടം മാത്രമാണ്, എത്ര പേർ മരിച്ചു, എത്ര ആയുധങ്ങൾ വിറ്റുപോയി എന്ന കണക്കുകൾ മാത്രമാണവർക്ക് വേണ്ടത് . എന്നാൽ അതെല്ലാം ബാധിച്ച ജീവിതങ്ങളുടെ വെന്തുനീറുന്ന യാഥാർത്ഥ്യങ്ങൾ ആരും മനസ്സിലാക്കിയിരുന്നില്ല.

'ശാന്തിയുടെ നാളുകളെ വരവേൽക്കാം' എന്ന അധികാരത്തിന്റെ ഉച്ചഭാഷിണി ശബ്ദങ്ങളെല്ലാം എന്നോ നിലച്ചിരുന്നു . യുദ്ധം നിലച്ചെങ്കിൽ എന്തുകൊണ്ടാണ് വിശപ്പ് മാത്രം അണയാത്തത്? ഷെല്ലുകൾ പൂർണമായും നിർത്തലാക്കിയെങ്കിൽ തന്റെ നഗരം എന്തു കൊണ്ടാണിന്നും നിലവിളിക്കുന്നത് ? അവൻ മാത്രമല്ല അവിടെ ശേഷിച്ച ഓരോരുത്തരും സ്വയം ചോദിച്ചു കൊണ്ടേയിരുന്നു. യുദ്ധമവസാനിച്ചു എന്ന് പ്രഖ്യാപിക്കാൻ എളുപ്പമാണ്. എന്നാലതിന്റെ ഇരകൾക്ക് ജീവിക്കാൻ വേണ്ടതെല്ലാം ലഭിച്ചിട്ടുണ്ടോയെന്ന് ആരും അന്വേഷിക്കാറില്ല.

സൂര്യൻ അസ്തമിച്ചു. നഗരത്തിന്മേൽ ഇരുട്ടിന്റെ കരിമ്പടം വീണു. തണുപ്പ് ശരീരത്തിലേക്ക് പടരാൻ തുടങ്ങിയപ്പോൾ, ശൂന്യമായ തന്റെ വയറിനെ ഇരു കൈകൾ കൊണ്ടും തലോടികൊണ്ട് പാതിതകർന്നൊരു കെട്ടിടത്തിന്റെ നിഴലിൽ അവൻ ചുരുണ്ടുകൂടി. രക്തത്തിന്റെയും ചാരത്തിന്റെയും ഗന്ധം പേറുന്ന മുഷിഞ്ഞ പൊടിക്കാറ്റ് എവിടെ നിന്നോ ഒരു പത്രത്താളിനെ കൊണ്ടുവന്നു .അത് വായുവിൽ വട്ടമിട്ടു പറന്ന്, ഒടുവിൽ അവന്റെ കാൽകീഴിൽ വന്നു വീണു. അവൻ പതിയെ കണ്ണുകൾ തുറന്നു. 'പുനർനിർമ്മാണം പുരോഗമിക്കുന്നു' എന്ന ചുവന്ന തലക്കെട്ടിലേക്ക് മൗനമായി അവൻ ഉറ്റുനോക്കി.



# A proud MCCian, I remain.



Justice R. Basant

Yes, I am a proud MCCian. I am always proud of my alma mater. Not a day passes in my life even now when I do not think of my alma mater and compliment myself for the divine opportunity to be part of this campus. For me, this campus has been dear and very special. Thirteen of the first Nineteen years of my life were spent here on this campus. This campus houses not only the Malabar Christian College, but the Malabar Christian College High School too. I walked into this campus as a student of standard three in the year 1957 and walked out of it as a 19 year old graduate in 1970. As I keep repeating always, I seem to have left a part of me in this campus and I seem to be carrying a part of this campus always in my mind always. There has been a very special relationship between me and my alma mater. We in MCC have a proud legacy. The founders of this institution were missionaries from Basel, Germany. The Kerala model of development which has been appreciated internationally, owes inter alia to the contribution of missionaries to the cause of the spread of literacy and education.

Geographic coastal location, opportunity to interact with various cultures, the empowered women in a matrilineal society, the impact created by social reformers like Sri Narayana Guru, the influence of revolutionary thought on the Kerala mindset, have all contributed to the making of the composite Kerala personality and society today. My alma mater was one of the leaders that carried the light of learning and education to the masses in Malabar without any distinction of religion, caste, colour, and social backwardness. Universal education was offered to all by my alma mater. Remember, those were days when educating the unempowered, less fortunate, backward classes was considered a sin in many parts of Mother India. We in MCC are proud torch bearers of that legacy. When in 1957, I walked into the MCC High School, it was a poor man's educational institution. Providence Girls High School where my sister and Aunts were all studying, tolerated boy students only up to standard two. We boys all had to go out of the school at the end of class two. The nearest was always the best, and I was sent to MCC High School where with some influenced by my parents, I secured admission as the 51st student in class three. It was a culture shock for me to get into that class with 51 students. 51 urchins packed and crowded into that small classroom. There used to be invariable absenteeism of 5% to 10%. And if on one day all students were to turn up, some of us would have been left to sit on the floor without benches and desks. It was the cross section of a humble society. The children of our milkman, the baker, the barber, the grocer, the butcher, the coconut climber, they were all there with me in that classroom. The very plebeian ambiance and the atmosphere in the class were indeed intimidating for me on that day, coming from a better atmosphere in my earlier school. Many of my friends were ill-clad, and me with my shoes, tucked-in shirt, etc, was found very amusing by many of them. I was at the butt end of all ridicule and funny jokes by that evening. To the shock and surprise of my kin, they found me the next day refusing to wear shoes and tucked in shirts. Me, with my really modest lower middle class background, was easily a privileged and affluent classmates to many of them. I may not have experienced hunger for want of food ever, but I remember, at least some of my classmates didn't choose to go to their nearby homes during lunch breaks because there was no lunch waiting for them there. Yes, it was a cultural shock for me, but with that came many lessons which were not there in the curriculum. The greatest teacher in life is experience and I proudly recall the various lessons that I learned naturally as worthy gifts from my school. Infrastructure does not make a great school or institution, but its teachers do. We had many teachers in the school who were great. The names of Mrs. Karunakaran, Mr. V. K. Easaw, and A. R. Vishwanath Iyer live with me in my mind fresh even after about six decades. There were many others too, but I pick up one name from the elementary classes, one from the middle school, and one from high school. All three were teacher award winners at the state and national level. I have several incidents to remember the glory of my teachers.


I remember the wrath of Mrs. Karunakaran against textbook makers for making a lesson on cow in Malayalam, it said, “cow gives us milk, we drink milk, if I don't drink milk, my mother would weep.” She had all compassion for the poor mothers, who would hear this lesson being read aloud at homes when they are not able to provide ordinary meals to their children. Easaw Master was one who always wanted to be a teacher, pursued his passion and became one. He had a great vision of equity and justice. Long before I heard about inter and intra - generational equity and justice later in life, I had heard this statement from Easaw Master in that middle school class that “if the whole wealth of the world were ‘m’ and its population ‘n’, anyone who enjoys significantly more than m/n share of the wealth on the planet, is a sinner, exploiter, or at least not fair and just. With God given faculties he arrogates to himself what legitimately belongs to others.” Today, revolutionaries, liberation theologists, or constitutional socialists can easily sell the idea to Easaw master’s students.

Vishwanath Iyer was in a class by himself. Of all what he taught, said and explained, two things appear to stay with me. He felt that the Almighty has created different people differently. Not all were given equal or identical faculties and competence. Those who were blessed with higher and better faculties/ circumstances have the duty to use it for common good and not for self-aggrandisement. Long before the modern welfare state came out with the midday meal scheme for the less privileged students, my school had a midday meal fund for poor boys.



The teachers (and at times the senior students who also joined) would stage a drama every year. Tickets used to be sold for those dramatic performances - on first day for students (it was actually a full dress rehearsal) for a very nominally priced ticket, and on the next day for the public for higher denomination donation tickets. We students could sell those tickets and claim a commission / percentage of the money collected. I remember the inspirational talk that Vishwanath Iyer sir gave to us as to why and how charity must begin at home and those inspired by the idea of midday meal fund for the less fortunate ought to contribute their commission also to the fund. Quite many students of my class were inspired thus to contribute their commission (priced pocket money for them) to the fund. A great institution is made and judged not by the infrastructure it has, the luxurious ambiance of its atmosphere; not even merely by the academic standards it achieves, but really, by the quality of the values that it is able to instill in its students, by the quality of the teachers, the value system that the gurus pass on and which live with the children.


My school may not have contributed national or international leaders for the community, but it had certainly planted good values. idealism, compassion, concern, and the principles of equity and justice in the minds of many ordinary citizens it produced. College was indeed a difficult ball game. College attracted good students from far and near. Many like us, were coming from Malayalam medium schools. In the college overnight, the medium of instruction switched to English. We were all at sea. We belonged to (as a very, very successful old student, scientist produced by the MCC High School, mentioned at an alumni meeting recently) the group that came to know that English had a spoken version too, only after when we stepped into the college. The quality of the teachers was a strong point there also. I remember Unni Nair sir, my teacher in the chemistry department who came to the Pre degree class and assured us all who came from the Malayalam medium schools that “You need not worry. Once you get over the initial language difficulties during the first term, you'll be able to do as well or outdo your colleagues from the other better schools during the second term. Because, what was important was the idea and concepts and not the language in which it is expressed. It is enough even if you have the basic communication skills



The ideas  are important.” I remember the great comfort and ease that we all experienced from Sir's words during those days. In my city, students used to have cliches about products of colleges. The slaves of ____ college, the bookworms of ____ college, the hooligans of ____ college, the rowdies of ____ college. The sportsmen of ____ college etc used to be touted, but my college always yearned to get the title “ The gentlemen of MCC.” Yes, that was what the college attempted to make out of its students - gentlemen of the Malabar Christian College. Eyebrows may be raised now that I am referring to “gentlemen”. Those days MCC was certainly catering primarily to boy students only. Hardly 10% of the students used to be girls even during my time. Gender equivalence was not there at all. You'll be shocked to know that the alumni was for a long time known as “Old Boys Association” until the winds of change compelled us to accept a change of name to OSA (Old Students Association) and later AMCC (Alumni of MCC). Today when I visit the college I see that admission is purely merit based and the girl students heavily outnumber the boy students. I remember with pride that while principals of all known colleges those days were men, we in the MCC had the privilege of having a lady principal - Mrs. Lancelet Thomas, known fondly as Victoria Madam. Something which was very uncommon those days. I have rosy fragrant memories of my life in college for 5 years, 2 years in PDC with biology, physics and chemistry and later 3 years in the degree class with chemistry main and physics and mathematics subsidiaries. English was compulsory for all and I was in the group that chose Hindi as my second language.  Since we had a paper in social studies for PDC, we had interaction with the teachers of the humanities division also. The teachers in my college in all the departments were such titans that students like me can narrate the names of all teachers in all departments of our times even today without missing any name. I remember my own chemistry department headed by Professor Krishna Iyerand his dutiful team of Ramachandran Master, Haridas Menon Master, Unni
Nair Master, Sridharan Nair Master, Venugopalan Master and Subramaniam Master. The discipline and the pursuit of academic excellence in the The chemistry department was enviable and used to be the pride of our college. Professor W. H. Macaden of the English Department was a personality that left deep impressions in my mind. Not only my English teacher, he was the Naval NCC officer in the college sub - unit where I started as a cadet and ended up as the cadet captain. It was a dream to be mentored and groomed by him. His sense of discipline, idealism, love for his students/cadets and willingness to stand and fight for his principles have all in great measure touched and impacted students like me. Thank you MCC. We students owe so much to our alma mater. We remain proud MCCians, grateful to our alma mater always.

# Exploration of Outer Space:

## Benefits, Possibilities, Challenges



**Jayaram Kolangara,**
Former Deputy Director,
Special Projects Office, ISRO HQ.

**Space impacts every facet of 21st century day- to- day life:**

Space-based systems have become critical infrastructure across business, security, communication, navigation, and disaster management. A new era—"New Space"—has arrived, characterized by rapid commercialization and large constellations of satellites transforming global connectivity and operations.

Space based Systems (Satellites) play a crucial role to improve lives across the globe in today's Digital Economy, facilitating instant access to infotainment as also a plethora of data based supply and service platforms. Every industry today depends one way or the other on space based systems and services to take forward their enterprise - be it agriculture, health care, security and safety, banking and insurance, infotainment and content delivery, global trade and the like; the list is endless. Satellites further deliver disaster warnings, help and guide you to navigate seamlessly over unknown terrains and frontiers, help fishermen venture out to the seas in safety and security reassured of the right place to go and fish, assess crop yields and health, and enhance road and rail safety.

A new era - the "New Space" has emerged, and we are today at a turning point in the history of space exploration - the cusp of a revolution in which large constellations of thousands of small satellites are being launched into the skies. The established industrial space sector is being challenged. Increased competition and new capabilities are changing the market place for ever. Everyone working in the space sector will be affected and impacted by the "New Space"!

Space exploration began with Sputnik in 1957 and the Apollo 11 moon landing in 1969. Governed by UN frameworks like the Outer Space Treaty, space activities focus on scientific research, Earth observation, disaster response, and international cooperation.

Further initiatives under the aegis of UN culminated in the adoption in the UN General Assembly of 1967, the Treaty on Principles Governing the Activities of States in the Exploration and Peaceful Uses of Outer Space, including the Moon and Other Celestial Bodies (Treaty on Outer Space). Coming into force effective the 10th of October 1967, the Treaty on Outer Space provides the basic framework on international space law, including the cardinal principles of governance.

Seven decades since the first ever man made satellite was launched into space, outer space is more crowded than ever today. Space is no longer the vast, empty void once it was. Human influence in Space has boomed especially in the last two decades, vastly increasing the number of objects launched into orbit. Space is changing by the minute and in a perpetual state of flux today, owing to the tremendous number of human activities. Space is no more a distant luxury but an accessible utility for every citizen.
From the early years of outer space exploration monopolized by the USA & USSR, many more countries and private entities have of late entered the space exploration arena. As of early 2026, over 70 countries have active space agencies, with over 100 nations registering satellites in orbit. However, only 16 countries possess independent space launch capabilities, and fewer than 10 are actively engaged in deep space exploration (Moon, Mars, or deep space probes), with the US, China, Russia, India, and Japan being major players.

More than 60 years of human activities in outer space has resulted in great benefits and accomplishments for humanity at large.
A continuous flow of social benefits improving the quality of life on earth.
Better understanding of our universe and solar systems through scientific exploratory missions.

India in Outer Space: A saga of self-reliance:

The Indian Space Research Organisation (ISRO) has established India as a leading spacefaring nation through cost-effective and ambitious missions like Chandrayaan, Mangalyaan, and Aditya-L1. India actively provides global commercial launch services via PSLV and LVM3.
India's Space odyssey has been a journey of self-actualization, self-discovery and self-reliant struggle under a technology denial regime by adversaries and friends alike, culminating in our breaking into the top six amidst the global space faring nations. Today we stand shoulder to shoulder with the top global powers that be, in the development of innovative and cost effective systems and technologies heralding the concept of economic access to space for all. We have built and eminently demonstrated capabilities in the entire gamut of outer space exploration, be it Launch Vehicles, Satellites, Mission Planning & Analysis, Mission Operations & Management, Scientific Missions to the Cislunar space - and beyond.
India has emerged as the trusted global partner in space exploration, with more than 400 foreign satellites so far having been launched aboard the India launch vehicles, be it the PSLV or the LVM3. The most recent and applauded heavy lift launches include the ISRO-NASA joint venture Earth Observation satellite NISAR and the US Industry built Blue Bird Block-II communication satellite into precise LEO.
The year 2025 has especially been memorable for ISRO in terms of the Launch Vehicle Mark 3(LVM3) missions, as also the sojourn to the International Space Station (ISS) by our own astronaut Shubhanshu Shukla in preparation for the forthcoming manned Gaganyaan mission. It was a moment of great pride and inspiration for every Indian; young and old alike, when the Tri-Color was displayed aboard the ISS by Shubhanshu in live conversation with our honorable Prime Minister.
Under India's 2023 Space Policy, IN-SPACe facilitates private sector participation while ISRO focuses on core, futuristic technology development including Gaganyaan human spaceflight and the Bharatiya Antariksh Station.
In summary, India's Space endeavor is more than rockets and Satellites. It is about a Nation discovering new ways and means to see itself. The salute by astronaut Shubanshu aboard the ISS, the mesmerizing -faultless - and enchanting landing on the southern tip of Moon by Chandrayaan-3, 350 + startups from every nook & corner of the country developing Space Systems, young students gleefully participating in and organizing space Olympiads and events, and the Space Based Systems smoothly - silently - and efficiently serving the National Security as well as citizen services, are all part of the same story and script for a resurgent, new and brave Bharath !.

## Global Space Economy:

The Space Industry is emerging as one of the most lucrative industry globally. The global space economy today is worth hundreds of billions of dollars. In the balance sheet of national priorities, space is a critical investment ; since it yields cascading dividends for job creation, technology transfer, expanded entrepreneurship, international partnerships, shared research & development, and, much more !.
The global space economy, projected to surpass $1.8 trillion by 2035, is rapidly expanding, with India positioning itself as a major player. Currently valued at approximately US $8.4 - $13 billion, India's space sector holds around 2% share of the global market. India aims to increase this to 8%–10% (US $ 44 Billion) by 2030–2033. This would still be a small fraction of the Global Space economy, leaving the option to us to innovate and leapfrog into a higher growth trajectory!

## "The New Space": Implications, Challenges

While New Space makes possible global Internet access, Tele-communications & Broadcasting, and a plethora of services improving the quality of life on earth, it also threatens - as rapid increase in space traffic may dramatically increase the probability of collisions in outer space threatening its sustainability. Outer space is more crowded than ever today. Thousands of Operational satellites, dead satellites, spent rocket boosters and stray hardware all coexists and fly by each other at tremendous speeds. The probability of collision is very high and the consequent debris scenario threatening. Hundreds of million dollars are spent every year in maneuvering functional satellites out of harm's way in orbit. The issue of Space debris is therefore a topic of great global concern.
Innovative technologies, responsible behavior, and importantly international collaborations are fundamental to ensuring that future in space is sustainable. Defining the future of space is "preserving the usability of space" as enshrined in the 10th of October 1967 UN Treaty on Outer Space.
Achieving ambitious exploration goals are driven largely by the need to enable reliable, safe and sustained operations of crew and machines in the harsh environment of outer space. Grand Challenges of space exploration as identified by the National Aeronautics & Space Administration (NASA), USA include:
Autonomous systems and long-duration space travel.
Next-generation space transportation, in-space refueling, and orbital debris mitigation.

## Outer Space beckons:

Future space exploration endeavors demand active curiosity, open minds, and a determination to resolve challenges as they present themselves. This is where the young and inquisitive student community has a challenging and rewarding future!



# സ്വർഗ്ഗത്തിൽ നിന്നൊരു ഡയറിക്കുറിപ്പ്

ഹായ്, എന്റെ പേര് അനാമിക, എല്ലാവരും അനിയെന്ന് വിളിക്കും. എനിക്ക് ഇന്ന് 20 വയസ്സാകും, പക്ഷെ അത് ആഘോഷിക്കാൻ ഞാൻ ഇന്ന് അവിടെയില്ല, ഭൂമിയിലില്ല. എന്റെ വീട്ടുകാർ എന്നെയോർത്ത് കരയുന്നുണ്ടാകും. അവരുടെ കൂടെ ഞാൻ ഇല്ല, മാറി നിന്നിട്ട് ഒരു മാസം ആയിട്ടേ ഉള്ളൂ. സങ്കടം ഉണ്ട് പക്ഷെ എന്തു പറയാൻ ഇതാവും എന്റെ വിധി.

എനിക്ക് 18 വയസ്സുള്ളപ്പോൾ പെട്ടെന്ന് ഉണ്ടായ ഒരു ക്ഷീണം കാണിക്കാനായാണ് എന്നെയും കൊണ്ട് അച്ഛനും അമ്മയും ആശുപത്രിയിൽ പോയത്. അവിടുന്ന് കാണിച്ചു ഇറങ്ങുമ്പോൾ പോയതിനേക്കാൾ വേഗത കുറവായിരുന്നു. ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു അതിഥി, എങ്ങനെ എന്നെ കണ്ടുപിടിച്ചെന്നു പോലും എനിക്കറിയില്ല, ഞങ്ങളുടെ ഇടയിലേക്ക് കടന്നുവന്നു, ക്യാൻസർ. മരണത്തെ ഇന്ന് ഞാൻ അഹങ്കരിക്കുന്ന എന്റെ ഈ ജീവിതം നാളെ എനിക്ക് നഷ്ടമാകുമെന്ന് എനിക്ക് ഉൾക്കൊള്ളാൻ സാധിച്ചിരുന്നില്ല. ഭയമായി. കടന്നു പോകുന്ന ഓരോ രാത്രി കഴിയുമ്പോഴും, നാളെ ഞാൻ ഇല്ലാതാകുമെന്ന സത്യം എനിക്ക് ഉൾക്കൊള്ളാൻ വളരെ ബുദ്ധിമുട്ടായിരുന്നു. പക്ഷെ ഈ രണ്ടു വർഷം കൊണ്ട് ഞാൻ അതിനെ ജീവിതത്തിന്റെ ഭാഗമാക്കി, വരാനുള്ളത് വഴിയിൽ തങ്ങില്ല എന്നു മാത്രം കരുതി. അതിനെനിക്ക് കൂട്ടായത് എന്റെ വീട്ടുകാരും എന്റെ കൂട്ടുകാരും പിന്നെ എന്നെ എല്ലാത്തിലും ചേർത്തു നിർത്തിയ ദൈവത്തിനും തുല്യം സ്നേഹിച്ച അവനും. കണ്ണു നനയാതെ എനിക്കവരെ പറ്റി പറയാൻ സാധിക്കില്ല. എന്റെ വേദനകളിൽ അവർ തന്ന ആശ്വാസം അത്ര വലുതായിരുന്നു.

ഞാനൊന്നു
ചോദിക്കട്ടെ, എപ്പോഴെങ്കിലും
സ്വന്തം ജീവിതത്തെ ഭാഗ്യമായി കണ്ടിട്ടുണ്ടോ നിങ്ങൾ? എങ്ങനെ
കാണാനാ, മറ്റുള്ളവരുടെ ജീവിതവുമായി സ്വന്തം ജീവിതത്തെ
താരതമ്യപ്പെടുത്തുന്ന കൂട്ടത്തിൽ ഒരിക്കലെങ്കിലും നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? മരണത്തിലേക്കുള്ള
തങ്ങളുടെ യാത്ര മാറ്റിനിർത്താനായി പോരാടുന്ന ഞങ്ങളെ. എല്ലാം കാണാനും ഓടാനും ചാടാനും
ഒക്കെ സ്നേഹിച്ച ആളുടെ കൈകോർത്ത് നടക്കാനും കൊതിക്കുന്നതാണ് എന്റെ ഭാഗ്യമെന്ന്
നിങ്ങൾക്കറിയാമോ. നിങ്ങളെയും കുറ്റം പറയാൻ കഴിയില്ല. ഒരിക്കൽ ഞാനും
ഇതുപോലെയായിരുന്നു. ഈ രോഗം എന്നെ സ്നേഹിക്കുന്നതിനു മുന്നേ വരെ. അവളെപ്പോലെ
മെലിഞ്ഞിട്ടാണല്ലോ, മുടിയില്ലല്ലോ, കണ്ണുകൾ കറുത്താണല്ലോ എന്ന് തുടങ്ങി എന്റെ കുറവുകളെ
കളെയോർത്ത് ഞാൻ മറ്റൊരാളുമായി താരതമ്യം ചെയ്തു വെറുത്തു തുടങ്ങി. അതിനാലാവും
എന്റെ സ്വപ്നങ്ങളെ കാതിൽ പറഞ്ഞിരുന്ന തൊട്ട് ക്യാൻസർ എന്ന ഈ പ്രേമ രോഗി
എന്നെ വിട്ടുപോകാതെ ചേർത്തു പിടിച്ചത്.

ഞാനും
നിങ്ങളെ
പോലെ ഒത്തിരി എല്ലാവരെയും
സ്വപ്നങ്ങൾ ഉള്ള
പെൺകുട്ടിയായിരുന്നു. പഠിക്കണം, ജോലി വാങ്ങണം, അമ്മയെയും
അച്ഛനെയും പൊന്നുപോലെ നോക്കണം, വീടു വയ്ക്കണം, സ്നേഹിച്ച പുരുഷനെ കല്യാണം
കഴിക്കണം, അങ്ങനെയങ്ങനെ 2 കുഞ്ഞുങ്ങളും കുഞ്ഞു കുടുംബവും. ഒടുക്കം അവസാന ശ്വാസം വരെ
അവന്റെ കൈകൾ ചേർത്തു കോർത്ത് പിടിച്ച് മരിക്കണം. എന്നാൽ എല്ലാം എന്റെ ആഗ്രഹം മാത്രമായി മാറി.
ഇന്ന് ഈ മരിച്ചവരുടെ ലോകത്തു നിന്ന് എന്റെ പ്രിയപ്പെട്ടവരെ കാണുമ്പോൾ ഉള്ളിൽ ഒരുപോലെ സങ്കടവും സന്തോഷവും
തോന്നുകയാണ്. എനിക്ക് നിങ്ങളോടെല്ലാം പറയാനുള്ളത് ഒന്നു മാത്രമാണ്. ജീവിതം നിങ്ങൾക്കെന്താണോ അത് മനസ്സിലാക്കി.
നിങ്ങൾ തടിച്ചതാണോ മെലിഞ്ഞതാണോ എന്നുള്ളതിനെ കാര്യമാക്കാതെ ഉള്ള സമയം കൂടെയുള്ളവരെ ചേർത്തു പിടിക്കണം.
ഒന്ന് ചിന്തിച്ചു നോക്കുക. നിങ്ങൾക്കെന്താണെങ്കിലും നിങ്ങൾക്കുവേണ്ടി വിയർപ്പൊഴുക്കുന്ന ഒരച്ഛനും അമ്മയും
നിങ്ങൾക്കുണ്ട്. അവരെ ആഘോഷിച്ച് സന്തോഷിപ്പിക്കൂ. ജീവിക്കുക.
ഒരു നാളെ എന്തു സംഭവിക്കുമെന്ന് ആർക്കും പറയാൻ സാധിക്കില്ല. നാളെ എഴുന്നേൽക്കുമോ എന്നു പോലും അറിയില്ല,
അതിനാൽ ഓരോ നിമിഷവും ആസ്വദിച്ചു ജീവിക്കുക, സ്വയം കുറപ്പെടുത്താതിരിക്കുക. ജീവിതം ഒന്നേയുള്ളൂ അത്
ആരോഗ്യപരമായി ഇഷ്ടമുള്ളവരുടെ കൂടെ ജീവിച്ചു തീർക്കുക. ഇനിയൊരു ജന്മമുണ്ടെങ്കിൽ ഇവർ നമ്മുടെ ഒപ്പം
ഉണ്ടാകുമോയെന്ന് ഉറപ്പില്ലല്ലോ. സ്വന്തം ശരീരത്തെയും ജീവിത യാഥാർത്ഥ്യത്തെയും തിരിച്ചറിയുന്നവർക്കേ
മറ്റൊരാളുടെ അവസ്ഥയിലും ചേർത്തു നിർത്താൻ സാധിക്കൂ.
എന്നാ ഞാൻ പോകട്ടെ. പിന്നെ അപ്പഴേ പറഞ്ഞതൊന്നു പറയാതെ. ജീവിക്കുക
താരതമ്യപ്പെടുത്താനല്ല, സ്വയം എന്താണെന്ന് തിരിച്ചറിഞ്ഞുകൊണ്ട്.



Aswathi P T
3rd B A Malayalam

# കണ്ടിട്ടും കാണാതെ

എന്ത് എഴുതണം എന്ന് ഏറെ ചിന്തിച്ചു, ചുറ്റും കണ്ണോടിച്ചപ്പോൾ ഓർത്തു നമ്മളെക്കുറിച്ച് തന്നെയാവാമെന്ന്, ഞാനും നിങ്ങളും അടങ്ങുന്ന നമ്മുടെ മനുഷ്യസമൂഹത്തിന്റെ എന്നെ അലട്ടിയ ഒരു പ്രശ്നത്തെക്കുറിച്ചാണ് ഇവിടെ കുത്തിക്കുറിക്കുന്നത്.

പ്രതികരണ ശേഷിയുള്ള തലമുറ, ശബ്ദിക്കുന്ന യുവത്വം, തെറ്റിനു നേരെ വിരൽ ചൂണ്ടുന്ന സമൂഹം അങ്ങനെയൊക്കെ നാം നമുക്കു ചുറ്റും നടക്കുന്ന അനീതികൾക്കും അസമത്വങ്ങൾക്കുമെതിരെ ശബ്ദിക്കുമ്പോഴെല്ലാം നാം ഇങ്ങനെയുള്ള വിശേഷണങ്ങൾ മാധ്യമങ്ങളിലൂടെ കേൾക്കുന്നു. അല്ല, കേൾക്കുന്നത് വിശ്വസിച്ച് നാം സ്വയം സംതൃപ്തിയടയുന്നു എന്ന് പറയുന്നതാവും കൂടുതൽ ഉചിതം. സത്യത്തിൽ നാം അങ്ങനെ അനീതികൾക്കെതിരെ വാതോരാതെ ഗർജ്ജിക്കുന്ന ഒരു സമൂഹമാണോ? അല്ലെന്നും, അത് വെറുമൊരു അർദ്ധ സത്യം മാത്രമാണെന്നുമാണ് എന്റെ പക്ഷം.

നമ്മൾ സംഘടിക്കും, പ്രതികരിക്കും. പക്ഷെ ഇതെല്ലാം ചില പ്രത്യേക പ്രശ്നങ്ങൾക്ക് വേണ്ടി മാത്രം. ശേഷിക്കുന്നവയ്ക്ക് നേരെ നാം ബോധപൂർവ്വം കണ്ണടയ്ക്കും, അവയെ ചവറ്റുകുട്ടയിലേക്ക് വലിച്ചെറിയും.

അതെ, ഞാൻ പറഞ്ഞു വരുന്നത്, എന്നെ ഏറെ അലട്ടുന്ന ആ പ്രശ്നം എന്നത് "Selective Outrage" എന്നത് തന്നെയാണ്.

സംഭവം വളരെ ലളിതമാണ്, ചില പ്രത്യേക വ്യക്തികളോ, പ്രസ്ഥാനമോ അതുമല്ലെങ്കിൽ പ്രത്യേക പ്രശ്നമോ അനീതിക്ക് വഴിവെക്കുമ്പോൾ മാത്രം, ശബ്ദിക്കുക. ഉദാഹരണങ്ങൾ നിരവധിയാണ്, ഏറ്റവും അടുത്ത് NEET പരീക്ഷാ പേപ്പർ ചോർച്ചയ്ക്കെതിരെ യുവാക്കളുടെ രോഷം അലകടലായപ്പോൾ നമ്മളോരോരുത്തരും അവർക്കൊപ്പം നിന്ന് സംസാരിച്ചു, അധികാരികളെ ചോദ്യം ചെയ്തു, പ്രതിഷേധിച്ചു. വളരെ നല്ല കാര്യം തന്നെ പക്ഷെ എന്തുകൊണ്ട് നമ്മളാരും ഇങ്ങ് കേരളത്തിൽ നടന്ന PSC പരീക്ഷാ ക്രമക്കേടുകൾക്കെതിരെ പ്രതികരിക്കുന്നില്ല? ജാർഖണ്ഡിൽ നടക്കുന്ന വിദ്യാർത്ഥി പ്രക്ഷോഭത്തിനായി പ്രതിഷേധിക്കുന്നില്ല? നാവിറങ്ങിപ്പോയതാണോ? അല്ല, മനപ്പൂർവം  വായടച്ച് പിടിച്ചതാണ്.

പലസ്തീനിലെ യുദ്ധവും കുഞ്ഞുങ്ങളുടെ മരണവുമെല്ലാം തീർച്ചയായും നമ്മൾ ചർച്ച ചെയ്ത് പ്രതികരിച്ചേ മതിയാകൂ, പക്ഷെ ബംഗ്ലാദേശിലേയും, ടിബറ്റിലേയും,സുഡാനിലെയും കൂട്ടക്കൊലകൾക്കെതിരെകൂടി അതേ ആർജ്ജവത്തോടെ പ്രതികരിച്ചെങ്കിൽ മാത്രമേ സാമൂഹിക ജീവികൾ എന്ന നിലയിൽ മനുഷ്യരുടെ ധാർമ്മിക മൂല്യം പൂർണ്ണമാവുകയുള്ളൂ.

തിരഞ്ഞെടുത്ത ചില വാർത്തകൾ മാത്രം ചർച്ച ചെയ്യപ്പെടുകയും ബാക്കിയുള്ളവയെ ചവറ്റുകുട്ടയിലാക്കുകയും ചെയ്യുന്ന പ്രവണത ധാർമ്മികമായ അധഃപതനത്തിന് മാത്രമല്ല, സാമൂഹികമായ ധ്രുവീകരണത്തിനും കാരണമാകും എന്നത് പേടിപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമാണ്.

എന്റെ സഹപാഠികളോട് എനിക്കൊന്നേ പറയാനുള്ളൂ, നമ്മളിൽ ഭിന്നത വരുത്താതെ, ആര് തെറ്റ് ചെയ്താലും അത് ചൂണ്ടിക്കാണിക്കാനുള്ള ആർജ്ജവം ഉണ്ടാവുക. എങ്കിൽ മാത്രമേ ഒരു സമൂഹമെന്ന നിലയിൽ നമുക്കിനിയും മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ.



**Sreekarthik Nambiar**
2nd BA Economics

# എന്റെ ഷോപ്പിംഗ് അപാരത

മൂന്നുമണിക്ക് ഉറക്കം ഞെട്ടി എഴുന്നേറ്റതിനുശേഷം എത്ര ശ്രമിച്ചിട്ടും ഉറക്കം വന്ന് പുണർന്നില്ല. മനുവേട്ടന്റെ കയ്യിൽ ഒന്ന് മുറുക്കിപ്പിടിച്ച് ചേർന്ന് കിടന്നാൽ ഉറക്കത്തിലേക്ക് വഴുതിവീഴും എന്ന് അറിയാം; പക്ഷെ ചെയ്തില്ല. മൂപ്പർ വേറെ അർത്ഥം കണ്ടു വല്ലാതെ അങ്ങ് ചേരാൻ വന്നു കളയും.

കല്യാണത്തിനു മുമ്പ് അമ്മയുടെയും അച്ഛന്റെയും നടുവിൽ ഉറങ്ങാൻ കിടന്നിരുന്ന എനിക്ക് ഉറക്കം വരാനായി ചേർത്തു പിടിക്കാൻ രണ്ടു കൈകൾ ഉണ്ടായിരുന്നു. ഇപ്പോൾ സമയവും സന്ദർഭവും നോക്കി വേണം കൈ പിടിക്കാൻ. മണ്ഡലവ്രതം ആയതിനാലും നല്ല തലവേദന ഉള്ളതിനാലും കൈകോർത്തു പിടിക്കാൻ പോയില്ല.

റിസർച്ച് വർക്ക് നോക്കാൻ ഉള്ള മൂഡില്ല. എന്നാൽ പിന്നെ ശ്രീകാർത്തിക്ക് ചോദിച്ച കഥ അങ്ങ് എഴുതിയേക്കാം! അച്ഛൻ മാത്രം പാടി കേട്ടിട്ടുള്ള 'കഥവരുന്നു, കവിതവരുന്നു; കടലാസെവിടെ?പേനയെവിടെ?' എന്ന വരികൾ മനസ്സിലൂടെ ഒന്ന് ഓടിപ്പോയി.

സ്ഥിരമായിട്ടുള്ള കുഞ്ഞി പരിഭവങ്ങൾക്കിടയിൽ 'എന്റെ ഇഷ്ടങ്ങൾ എന്തെല്ലാന്നറിയോ ' എന്ന എന്റെ ചോദ്യം ആവണം ഞാൻ ഇനി എഴുതാൻ പോകുന്ന കാര്യങ്ങൾ മനസ്സിലേക്ക് തികട്ടി തന്നത്.

ഞാൻ രണ്ടാം ക്ലാസ്സിൽ ആയിരിക്കും; അമ്മയുടെയും അച്ഛന്റെയും കൂടെ പോയി എനിക്കിഷ്ടപ്പെട്ട ഡ്രസ്സ് എടുക്കുന്നത് ആദ്യമായിട്ടാണ്. എന്തായാലും തറവാട്ടിലാണ് താമസം. ചുരിദാർ ആയിരുന്നു വാങ്ങിയത്. അപ്പച്ചിമാർ ചുരിദാർ ഇട്ടു കാണുമ്പോൾ, മുതിർന്ന ആളാവാൻ ഉള്ള ഒരു ഇഷ്ടത്തിന്റെ ഭാഗമായിരിക്കാം അന്ന് ആ ചുരിദാർ എനിക്കിഷ്ടമായത്. ചുരിദാർ ആ കടയിലെ ഒരു ഏട്ടൻ എനിക്ക് ഇട്ടു തന്നതും, ഞാൻ നാണം കൊണ്ട് കളിച്ച കളികളും തറവാട്ടിൽ എല്ലാവർക്കും ചിരി വിഷയമായത് ഓർമ്മയുണ്ട്

അതിനാൽ ആവാം പിന്നീട് ഡ്രസ്സ് വാങ്ങാൻ പോവാൻ ഇഷ്ടമായിരുന്നില്ല. കുട്ടികളെ കളിയാക്കുമ്പോൾ ആരും അവരുടെ കുഞ്ഞു നൊമ്പരം അറിയാറില്ലല്ലോ! അമ്മ വാങ്ങിത്തരുന്ന വസ്ത്രങ്ങൾ അമ്മയുടെ ഇഷ്ടങ്ങൾ അതു മാത്രമായിരുന്നു പിന്നീട്. ഞാൻ പത്താംക്ലാസിൽ പഠിക്കുമ്പോഴാണ് അതിനൊരു മാറ്റം ഉണ്ടായത്.

എനിക്കിഷ്ടമുള്ള ഒരു ഡ്രസ്സ് ഞാനും അമ്മയും പോയി എടുത്തു. എസ് എം സ്ട്രീറ്റിലെ ഏതോ ഒരു കടയാണ്. എനിക്ക് പാകമാണോ എന്ന് വെച്ച് നോക്കുന്നതിനിടയിൽ കടയിൽ നിന്ന പയ്യൻ എന്റെ മാറിൽ ഒരു നുള്ള്(മാറെന്നൊന്നും പറയാറായിട്ടില്ല). ആ ഞെട്ടൽ ഇപ്പോഴും ഇടയ്ക്ക് വരാറുണ്ട്. എസ് എമ്മി ലൂടെയുള്ള തിരക്കിനിടയിൽ തുടയ്ക്കൊരു നുള്ളും കിട്ടി. എന്റെ ഡ്രസ്സ് അമ്മ തന്നെ എടുത്താൽ മതിയെന്ന മഹത്തായ തീരുമാനത്തിന് പിറകിൽ ഇങ്ങനെ ഒരു കാര്യം ഉള്ളത് അമ്മയ്ക്ക് പോലും അറിയില്ല. ഒന്നും പറയാനോ പ്രതികരിക്കാനോ അറിയാത്തതിൽ ഇപ്പോൾ വേദിക്കുന്നു.

എനിക്ക് ജോലി കിട്ടിയതിന്റെ ചിലവിൽ ഡ്രസ്സ് വാങ്ങാൻ എന്റെ ഉറ്റ സുഹൃത്ത് റാബിയെയും കൂട്ടി പോകേണ്ടിവന്നു. ആദ്യശമ്പളം കിട്ടിയ വകയിൽ അമ്മയ്ക്ക് വാങ്ങുന്ന സാരി അമ്മയെ കൊണ്ട് വാങ്ങിപ്പിക്കാൻ പറ്റില്ലല്ലോ! 'കോട്ടൺ ആണോ' 'സില്ക് ആണോ' സിൽക്കിൽ തന്നെ 'ബനാറസ് ആണോ' എന്ന ചോദ്യങ്ങൾക്ക് മുന്നിൽ ഞാൻ പതറിയപ്പോൾ ആണ് ഷോപ്പിംഗ് ന്റെ എബിസിഡി എനിക്ക് അറിയില്ലെന്ന സത്യം ഞാൻ തിരിച്ചറിഞ്ഞത്.

പിന്നീട് ഞാനെന്റെ ഇഷ്ടത്തിന് ഡ്രസ്സ് വാങ്ങിയത് കല്യാണതലേന്നത്തെ സാരിയാ...

കല്യാണത്തിനു ശേഷമെങ്കിലും സ്വന്തം ഇഷ്ടത്തിന് ഡ്രസ്സ് എടുക്കണം എന്ന് കരുതിയിരുന്നതാ. അഞ്ചു മിനിറ്റുകൊണ്ട് ഡ്രസ്സ് എടുക്കണം എന്ന് ഡെഡ് ലൈൻ തരുന്ന കുറിപ്പ് (തുടക്കത്തിൽ പറഞ്ഞ മനുഏട്ടൻ!). അതോടെ തീർന്നു എന്റെ ഷോപ്പിംഗ് മോഹം. ഇപ്പോൾ ഓൺലൈനിൽ ആരെല്ലാമോ ഇട്ടു നിൽക്കുന്ന ഫോട്ടോ നോക്കി ക്ലിക്ക് ചെയ്യും, സാധനം വീട്ടിലെത്തും. അതാണ് ഇപ്പോഴത്തെ എന്റെ ഷോപ്പിംഗ്.

എന്നാൽ ഓരോ ക്ലിക്കിനും പിന്നിലും, ഒരു ഡ്രസ്സ് എടുക്കാൻ പോലും അറിയാത്തവളാക്കി മാറ്റിയതിന്റെ നൊമ്പരം ഉണ്ടായിരുന്നു.



**ശ്യാമ എംപി**
**അസിസ്റ്റന്റ് പ്രൊഫസർ**
**ഗണിതശാസ്ത്രവിഭാഗം**
**മലബാർ ക്രിസ്ത്യൻ കോളേജ്**

# Empowering StartupsThrough Knowledge



Sharath Sundar M
UGC Librarian

In today's digital world, startups have become a major force driving innovation, employment, and economic growth. Every successful startup begins with an idea, but turning that idea into reality requires reliable information, research, and continuous learning. This is where digital libraries and online knowledge portals play an important role. They provide entrepreneurs with easy access to quality information that helps them make informed decisions and overcome challenges.Unlike traditional libraries that mainly focus on printed books, digital libraries offer millions of electronic resources, including books, research papers, journals, reports, theses, videos, and learning materials.

These resources are available anytime and anywhere, making knowledge more accessible than ever before. For entrepreneurs, especially those starting with limited resources, digital libraries serve as valuable learning and research platforms. One of the most significant digital library initiatives in India is the National Digital Library of India (NDLI). Developed under the Ministry of Education, NDLI provides access to millions of educational resources covering science, engineering, management, agriculture, medicine, humanities, and many other subjects.

Startup founders can use these materials to understand emerging technologies, study market trends, improve technical skills, and learn from existing research before launching new products or services. Another valuable platform is the Startup India Portal, launched by the Government of India to promote entrepreneurship. It acts as a one stop platform where entrepreneurs can access information about company registration, funding opportunities, tax benefits, intellectual property rights, mentorship programs, and government schemes.

For first time for entrepreneurs the portal simplifies many procedural requirements, making it easier to start and manage a business. The MIT DSpace Repository demonstrates how institutional repositories can support innovation. It provides open access to research papers, technical reports, theses, and academic publications created at the Massachusetts Institute of Technology. Such repositories allow entrepreneurs to learn from advanced research, discover innovative solutions, and gain inspiration for developing new products and technologies. Although many entrepreneurs are unaware of these repositories, they contain valuable knowledge that can support research based startups.

Digital libraries do much more than provide information. They support entrepreneurs by offering research materials, business guidance, policy information, technical knowledge, and skill development resources. These platforms help startups reduce the cost of information gathering while improving the quality of decision-making. Entrepreneurs can explore market opportunities, understand customer needs, learn about legal requirements, and identify funding options through reliable digital resources. Despite these advantages, several challenges remain. Many startup founders are not aware of the resources available through digital libraries and knowledge portals. Some platforms contain information that is difficult for non academic users to understand, while others lack content specifically organized for entrepreneurs. Better awareness programs, user friendly interfaces, multilingual content, and collaboration between libraries and startup incubators can significantly improve the usefulness of these services. Libraries have the potential to become innovation hubs rather than simply places for reading. They can organize entrepreneurship awareness programmes, create startup information corners, conduct

workshops on business information literacy, and collaborate with incubation centres and entrepreneurship development cells. Librarians can also guide students in identifying reliable information sources, market research tools, and government support schemes that are essential for new businesses. As India continues to strengthen its startup ecosystem, digital libraries will play an increasingly important role in supporting innovation. By providing access to trusted knowledge, encouraging lifelong learning, and connecting entrepreneurs with valuable information resources, libraries can contribute significantly to the success of future startups. The transformation of libraries into active knowledge partners will not only benefit entrepreneurs but also strengthen education, research, and national development.

# COCKROACH JANTA PARTY





Ayisha Hanna C
2nd BA Economics

**2026 May-15 ന് ഇന്ത്യൻ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ഒരു പരാമർശം ഉയർത്തി. അത് ഇങ്ങനെയാണ്:**

*"There are youngsters like cockroaches, who don't get any Employment and don’t have any place in profession. Some of them become Social media. Some of them becomeRTI. Some of them become Activists and they start attacking Everyone."*

രാജ്യത്തെ വലിയൊരു ശതമാനത്തോളം വരുന്ന തൊഴിൽ രഹിതയുവാക്കളെ കൂറകളോടും പരാദ ജീവികളോടും ഉപമിച്ചുകൊണ്ടുള്ള ഇന്ത്യൻ ചീഫ് ജസ്റ്റിസിന്റെ പരാമർശം രാജ്യത്തെ വലിയൊരു മുന്നേറ്റത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. ഈ അധിക്ഷേപം പുറത്ത് വന്നതോടെ അഭിജിത്ത് ദീപ്കെ എന്ന രാഷ്ട്രീയ നിരീക്ഷകൻ ഈ അധിക്ഷേപത്തെ മറ്റൊരു തലത്തിലേക്ക് തിരിച്ചു വിട്ടു. ഈ പരാമർശം നടത്തി ഒരാഴ്ചക്കുള്ളിൽ കോക്രോച്ച് ജനതാപാർട്ടി അഥവാ CJP എന്ന പേരിൽ ഒരു പാർട്ടി നിലവിൽ വന്നു. നിലവിൽ ഭരണത്തിൽ ഇരിക്കുന്ന BJP യുടെ ഓൺലൈൻ അനുയായികളെക്കാൾ ഇരട്ടി പേരാണ് ഇൻസ്റ്റഗ്രാമിലും മറ്റ് സമൂഹ മാധ്യമങ്ങളിലും കോക്രോച്ച് ജനതാ പാർട്ടിക്ക് പിന്തുണയുമായി പ്രത്യക്ഷപ്പെട്ടത്.

Voice of Lazy and unemployed (മടിയന്മാരുടെയും തൊഴിലില്ലാത്തവരുടെയും ശബ്ദം) എന്ന മുദ്രാവാക്യത്തിലൂടെയും, Anti-corruption political satire (അഴിമതി വിരുദ്ധ രാഷ്ട്രീയ അക്ഷേപഹാസ്യം) എന്ന പൊളിറ്റിക്കൽ ഐഡിയോളജിയിലൂടെയും അവർ തങ്ങളുടെ ആശയങ്ങൾ പ്രകടിപ്പിക്കുന്നു. ശുചീകരണ പ്രവർത്തനങ്ങളും മറ്റുമായി പാറ്റകളുടെ വേഷവുമായി പൊതുവിടങ്ങളിൽ പ്രത്യക്ഷപ്പെടാനും ആരംഭിച്ചിട്ടുണ്ട്. നിലവിൽ രാജ്യത്ത് നടത്തുന്ന കാര്യങ്ങളുടെ പശ്ചാത്തലം പരിശോധിച്ചാൽ ജനങ്ങൾക്ക് കടുത്ത അമർഷം ഉണ്ടെന്ന് തന്നെയാണ് സൂചിപ്പിക്കുന്നത്.

ഇന്ത്യയിലെ തൊഴിലില്ലായ്മ ലക്ഷക്കണക്കിന് യുവാക്കളുടെ ജീവിത സാഹചര്യമാണെന്ന യാഥാർത്ഥ്യത്തെയാണ് ഇത് ശരിവെക്കുന്നത്. ബിരുദങ്ങളുണ്ടായിട്ടും ജോലി ഇല്ലാത്തവർ നിരവധിയാണ്. ചീഫ് ജസ്റ്റിസ് തന്നെ 'വ്യാജ ബിരുദങ്ങളുടെ ലോകം' എന്ന് വിശേഷിപ്പിക്കുകയുണ്ടായി.

എങ്ങനെ അത്തരമൊരു സാഹചര്യങ്ങളിലേക്ക് ഇന്ത്യൻ യുവത എത്തിപ്പെട്ടു എന്നത് അന്വേഷിക്കേണ്ടതാണ്. സ്വന്തം വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുയോജ്യമായ ജോലി കണ്ടെത്താനാവാതെ ഉഴലുന്ന യുവാക്കൾ നിശബ്ദമായി നേരിട്ടുകൊണ്ടിരിക്കുന്ന മാനസിക സമ്മർദ്ദം ചിന്തിക്കാവുന്നതിലും കഠിനമാണ്.

തൊഴിൽ രഹിതരായ യുവാക്കളും വിവരാവകാശ ആക്ടിവിസ്റ്റുകളും പാറ്റകളാണെന്ന ചീഫ് ജസ്റ്റിസിന്റെ വാക്കുകൾക്ക് അവർ ജീവൻ നൽകി. പാറ്റകൾ എന്ന് വിളിച്ച് അപമാനിക്കാൻ ശ്രമിച്ചപ്പോൾ പാറ്റകൾ എന്ന വിളിയെ അഭിമാനമായി കണ്ട് ഞങ്ങൾ പാറ്റകൾ എന്ന് സമ്മതിച്ചു. ഇതൊരു തരത്തിൽ ഒരു രാജ്യത്തിന്റെ യുവതയെ Dignity ഇല്ലാത്തവരായി ചാപ്പകുത്തിയ ഭരണകൂടത്തിന് ആ രാജ്യത്തെ യുവാക്കൾ നൽകിയ മറുപടിയാണ്. ഇവർ ഭരണകൂടത്തിന്റെ അഴിമതിയും യുവജനതയുടെ തൊഴിലില്ലായ്മയും ചർച്ചാവിഷയമാക്കുന്നു.

രാജ്യത്ത് നിലനിൽക്കുന്ന വർഗീയതയെ തുറന്ന് കാണിക്കാൻ ശ്രമിക്കുന്നു. കോക്രോച്ച് ജനതാ പാർട്ടി പ്രധാനമായും 5 ആവശ്യങ്ങൾ മുന്നോട്ട് വെക്കുന്നു. ഈ ആവശ്യങ്ങൾ ഒന്നും നിസ്സാരവൽക്കരിക്കാവുന്നതല്ല എന്ന് അവയുടെ സ്വഭാവത്തിൽ നിന്ന് മനസ്സിലാക്കാം:

വിരമിച്ച ചീഫ് ജസ്റ്റിസുമാർക്ക് രാജ്യസഭാ സീറ്റ് നൽകരുത്

യഥാർത്ഥ വനിതാസംവരണം (33% നിന്ന് 50% ലേക്ക് ഉയർത്തണം)

മാധ്യമ കുത്തകകൾക്കെതിരായ നടപടി

കൂറുമാറ്റ നിരോധനം

നിയമപരമായി സാധുവായ വോട്ട് ഇല്ലാതാക്കപ്പെട്ടാൽ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറെ UAPA പ്രകാരം അറസ്റ്റ് ചെയ്യണം

എന്നിവയാണ് ഇവർ മുന്നോട്ട് വെച്ച ആവശ്യങ്ങൾ. ഭരണകൂടം എവിടെയാണ് ജനങ്ങളെ കൈവിട്ടത് എന്നതിന്റെ കൃത്യമായ രൂപരേഖയാണ് ഈ ആവശ്യങ്ങളിൽ കാണാൻ സാധിക്കുന്നത്.

CJPയിൽ അംഗത്വം എടുക്കാനുള്ള യോഗ്യത എന്ന് പറയുന്നത് – തൊഴിലില്ലാത്തവർ, മടിയന്മാർ, നിരന്തരമായി സമയം ഓൺലൈനിൽ ചിലവഴിക്കുന്നവർ എന്നിവരാണ്. അംഗത്വ പ്രക്രിയയിൽ മതം, ജാതി, ലിംഗഭേദം എന്നിവ പരിഗണിക്കുന്നില്ല എന്ന് പാർട്ടി പറയുന്നു.

2026 ജൂണിൽ കോക്രോച്ച് ജനതാപാർട്ടി പല സംസ്ഥാനങ്ങളിലായി പ്രതിഷേധങ്ങൾ സംഘടിപ്പിച്ചു. സംഘടിക്കാൻ തുടങ്ങി. നീറ്റ് പേപ്പർ ചോർച്ചയിലും, സി.ബി.എസ്.ഇ ഓൺ–സ്ക്രീൻ മാർക്കിംഗിലെ ക്രമക്കേടിലും കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാന്റെ രാജി ആവശ്യപ്പെട്ടുകൊണ്ടാണ് പ്രതിഷേധങ്ങൾ തുടങ്ങിയത്. പിന്നീട് ജൂൺ 20 ന് വിദ്യാർത്ഥികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ലഡാക്കിലെ പ്രശസ്തനായ എഞ്ചിനീയറും, വിദ്യാഭ്യാസ പരിഷ്കർത്താവും, പരിസ്ഥിതി പ്രവർത്തകനുമായ സോനം വാങ്ചുക് നിരാഹാര സമരം ആരംഭിച്ചു. ഇതോടെ പ്രതിഷേധം ശക്തമാവുകയും ഇന്ത്യയിലെ പലഭാഗത്തുനിന്നും വിദ്യാർത്ഥികൾ ഉൾപ്പെടെ ഡൽഹിയിലെ ജന്തർ മന്ദിറിൽ ഒരുമിച്ച് കൂടുകയും ചെയ്തു. ഇതിനെ ഡൽഹി പോലീസ് ശക്തമായ രീതിയിൽ പ്രതിരോധിച്ചെങ്കിലും ഒന്നും ചെയ്യാൻ സാധിച്ചില്ല. സമരം വലിയ ചർച്ചയാവുകയും സമരത്തിന്റെ രീതിമാറുകയും ചെയ്തതോടെ 2026 ജൂലൈ 25 ന് കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ രാജിവെച്ചു. ഇത് രാജ്യത്തിന്റെ സമാധാന സ്ഥിതിയെ പുനഃസ്ഥാപിച്ചു.

'ഒരു ജനാധിപത്യത്തിന് രോഷാകുലരായ വോട്ടർമാരെ അതിജീവിക്കാനായേക്കാം, എന്നാൽ ഈ സംവിധാനം തങ്ങളുടെ ഭാവിയെ സഹായിക്കില്ലെന്ന് ഉറച്ച് വിശ്വസിക്കുന്ന ഒരു യുവതലമുറയെ അനന്തകാലം അതിജീവിക്കാനാകില്ല', എന്ന് ഒരിക്കൽ കൂടി ഇന്ത്യൻ ജനങ്ങൾ തെളിയിച്ചിരിക്കുന്നു.

'ജയ് ഹിന്ദ്'

# വികസനത്തിന്റെ മുഖംമൂടിയും ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയും

"ഒരു രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ അളക്കേണ്ടത് അതിന്റെ ആകാശചുംബികളായ കെട്ടിടങ്ങളുടെ ഉയരം കൊണ്ടല്ല; ഏറ്റവും സാധാരണക്കാരന്റെ ജീവിതത്തിന്റെ ഉയരം കൊണ്ടാണ്."




ഇന്ത്യ ഇന്ന് ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാണ്. വളർച്ചയുടെ നിരക്കുകളിൽ രാജ്യം മുന്നേറുന്നു. പുതിയ എക്സ്പ്രസ് ഹൈവേകൾ, അതിവേഗ ട്രെയിനുകൾ, ഡിജിറ്റൽ ഇടപാടുകൾ, സ്റ്റാർട്ടപ്പുകളുടെ വളർച്ച, ബഹിരാകാശ ദൗത്യങ്ങൾ, ആഗോള നിക്ഷേപ സമ്മേളനങ്ങൾഇതെല്ലാം ചേർന്ന് ഒരു പുതിയ ഇന്ത്യയുടെ ചിത്രം ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നു. ഈ ചിത്രം ആകർഷകമാണ്. എന്നാൽ ഓരോ ചിത്രത്തിനും ഒരു മറുവശമുണ്ട്. സാമ്പത്തികശാസ്ത്രം നമ്മെ പഠിപ്പിക്കുന്നത് കണക്കുകൾ വിശ്വസിക്കുന്നതിന് മുമ്പ് സമൂഹത്തെ വായിക്കാനാണ്.

ഒരു സാമ്പത്തികശാസ്ത്ര അധ്യാപകനെന്ന നിലയിൽ എനിക്ക് തോന്നുന്നത്, ഇന്ത്യയുടെ ഇന്നത്തെ സമ്പദ്‌വ്യവസ്ഥ പ്രതീക്ഷകളുടെയും വൈരുധ്യങ്ങളുടെയും സംഗമസ്ഥാനത്താണ് നിൽക്കുന്നത് എന്നതാണ്. ഒരു വശത്ത് വളർച്ചയുടെ ആഘോഷം നടക്കുമ്പോൾ, മറുവശത്ത് ലക്ഷക്കണക്കിന് മനുഷ്യർ ഇന്നും ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾക്കായി പോരാടുകയാണ്. അതുകൊണ്ട് "ഇന്ത്യ വളരുന്നുണ്ടോ?" എന്ന ചോദ്യത്തേക്കാൾ പ്രധാനമാണ് "ആരാണ് വളരുന്നത്?" എന്ന ചോദ്യം.

സമ്പദ്‌വ്യവസ്ഥയുടെ വിജയത്തെ പലപ്പോഴും ജി.ഡി.പി. എന്ന ഒറ്റ സൂചികയിലൂടെ വിലയിരുത്തുന്നു. എന്നാൽ ജി.ഡി.പി. രാജ്യത്തിന്റെ ഉൽപ്പാദനത്തിന്റെ അളവ് മാത്രമാണ് പറയുന്നത്; ജനങ്ങളുടെ ജീവിതത്തിന്റെ ഗുണമേന്മയെക്കുറിച്ച് അത് നിശ്ശബ്ദമാണ്. ഒരു ഗ്രാമത്തിലെ കർഷകന്റെ വരുമാനം കുറഞ്ഞാലും, ഒരു വിദ്യാർത്ഥി പഠനം നിർത്തിയാലും, ഒരു തൊഴിലാളി ചികിത്സ ലഭിക്കാതെ ബുദ്ധിമുട്ടിയാലും ജി.ഡി.പി. വളർന്നേക്കാം. അതുകൊണ്ട് വളർച്ചയും വികസനവും ഒരേ അർഥമുള്ള വാക്കുകളല്ല.

ഇന്ത്യയുടെ ഏറ്റവും വലിയ ശക്തി യുവജനങ്ങളാണ്. എന്നാൽ ഇന്ന് ആ യുവത്വം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി തൊഴിലില്ലായ്മയാണ്. ഉന്നത വിദ്യാഭ്യാസം നേടിയ അനേകം യുവാക്കൾ തൊഴിൽ തേടി വർഷങ്ങളോളം കാത്തിരിക്കുകയാണ്. ലഭിക്കുന്ന ജോലികളിൽ പലതും താൽക്കാലികവും സുരക്ഷിതമല്ലാത്തതുമാണ്. സാമ്പത്തിക നയങ്ങളുടെ ലക്ഷ്യം തൊഴിൽ സൃഷ്ടിക്കലായിരിക്കണം. കാരണം തൊഴിൽ എന്നത് വരുമാനം മാത്രമല്ല; അത് വ്യക്തിയുടെ ആത്മാഭിമാനവും സാമൂഹിക സുരക്ഷയും കൂടിയാണ്.




കാർഷിക മേഖല ഇന്ത്യയുടെ ചരിത്രവും സംസ്കാരവും ജീവിതരീതിയും രൂപപ്പെടുത്തിയ മേഖലയാണ്. എന്നാൽ ഇന്ന് കൃഷി അനിശ്ചിതത്വത്തിന്റെ മറ്റൊരു പേരായി മാറുകയാണ്. മഴയുടെ ക്രമം തെറ്റുന്നു, കാലാവസ്ഥ മാറുന്നു, ഉൽപ്പാദനച്ചെലവ് ഉയരുന്നു, വിപണിവില സ്ഥിരമല്ല. കർഷകൻ ഉൽപ്പാദിപ്പിക്കുന്ന ഭക്ഷണമാണ് നഗരങ്ങളെ ജീവിപ്പിക്കുന്നത്, പക്ഷേ പലപ്പോഴും ആ കർഷകന്റെ സ്വന്തം ജീവിതം തന്നെ സുരക്ഷിതമല്ല. കൃഷിയെ ക്ഷേമപദ്ധതികളുടെ വിഷയമായി മാത്രം കാണാതെ ഉൽപ്പാദനക്ഷമവും ആദായകരവുമായ മേഖലയായി മാറ്റാനുള്ള ദീർഘകാല നയങ്ങൾ അനിവാര്യമാണ്.

വിലക്കയറ്റം മറ്റൊരു യാഥാർഥ്യമാണ്. പണപ്പെരുപ്പം സാമ്പത്തിക ശാസ്ത്രത്തിലെ ഒരു ആശയം മാത്രമല്ല; സാധാരണ കുടുംബത്തിന്റെ അടുക്കളയിൽ അനുഭവപ്പെടുന്ന യാഥാർഥ്യമാണ്. ഭക്ഷ്യവസ്തുക്കളുടെ വില ഉയരുമ്പോൾ, മരുന്നുകളുടെ ചെലവ് വർധിക്കുമ്പോൾ, വിദ്യാഭ്യാസം ചെലവേറിയതാകുമ്പോൾ ആദ്യം തകരുന്നത് കുടുംബങ്ങളുടെ സാമ്പത്തിക സന്തുലിതാവസ്ഥയാണ്. വളർച്ചയുടെ കണക്കുകൾ ഉയരുമ്പോഴും ജീവിതച്ചെലവ് നിയന്ത്രണാതീതമാകുന്ന അവസ്ഥ ഒരു സമൂഹത്തെ അസന്തുഷ്ടമാക്കും.

സമ്പത്തിന്റെ വിതരണം ഇന്ത്യയിലെ ഏറ്റവും ഗൗരവമുള്ള ചർച്ചകളിലൊന്നാണ്. സാമ്പത്തിക വളർച്ചയുടെ വലിയൊരു വിഹിതം സമൂഹത്തിലെ ചെറിയൊരു വിഭാഗത്തിന്റെ കൈകളിൽ കേന്ദ്രീകരിക്കപ്പെടുമ്പോൾ അസമത്വം വർധിക്കുന്നു. അസമത്വം എന്നത് വെറും വരുമാന വ്യത്യാസമല്ല; അവസരങ്ങളുടെ അസമത്വം കൂടിയാണ്. നല്ല വിദ്യാഭ്യാസം, മികച്ച ആരോഗ്യം, ഗുണമേന്മയുള്ള തൊഴിൽ, സുരക്ഷിതമായ ജീവിതം ഇവയിലേക്കുള്ള പ്രവേശനം സാമ്പത്തിക നിലയെ ആശ്രയിച്ചാകുമ്പോൾ സാമൂഹിക നീതി ദുർബലമാകുന്നു.

ഇന്ത്യൻ ഭരണഘടനയുടെ ആമുഖം സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി എല്ലാ പൗരന്മാർക്കും ഉറപ്പുനൽകുമെന്ന് പ്രഖ്യാപിക്കുന്നു. ഭരണനിർദ്ദേശക തത്വങ്ങൾ സമ്പത്തിന്റെ കേന്ദ്രീകരണം കുറയ്ക്കാനും പൊതുക്ഷേമം ഉറപ്പാക്കാനുമുള്ള ദിശയാണ് കാണിച്ചുതരുന്നത്. എന്നാൽ യാഥാർഥ്യത്തിൽ ആ ലക്ഷ്യങ്ങൾ പൂർണമായി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് ഭരണഘടനയുടെ പരാജയമല്ല; മറിച്ച് ഭരണഘടനയുടെ ആത്മാവിനെ നയരൂപീകരണത്തിലും ഭരണനിർവഹണത്തിലും പൂർണമായി പ്രതിഫലിപ്പിക്കാൻ സമൂഹത്തിനും ഭരണകൂടങ്ങൾക്കും കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം.

ഇന്ന് വികസനം പലപ്പോഴും വലിയ പദ്ധതികളുടെ എണ്ണത്തിൽ അളക്കപ്പെടുന്നു. എന്നാൽ ഒരു രാജ്യം വികസിതമാകുന്നത് പാലങ്ങൾ കൊണ്ടുമാത്രമല്ല; മനുഷ്യർക്കിടയിൽ വിശ്വാസത്തിന്റെ പാലങ്ങൾ നിർമ്മിക്കുമ്പോഴാണ്. റോഡുകൾ നിർമ്മിക്കുന്നത് പ്രധാനമാണ്; അതുപോലെ തന്നെ സ്കൂളുകളും ആശുപത്രികളും ഗവേഷണ കേന്ദ്രങ്ങളും പൊതുഗ്രന്ഥശാലകളും ശക്തിപ്പെടുത്തുന്നതും അത്രത്തോളം പ്രധാനമാണ്.

ഡിജിറ്റൽ ഇന്ത്യ ഇന്ന് ലോകത്തിന് മാതൃകയാകുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എന്നാൽ ഡിജിറ്റൽ സൗകര്യങ്ങൾ എല്ലാവരിലേക്കും ഒരുപോലെ എത്തിയിട്ടില്ല. സാങ്കേതികവിദ്യ സമൂഹത്തിലെ അസമത്വം കുറയ്ക്കാനുള്ള ഉപാധിയാകണം; അത് പുതിയ അസമത്വങ്ങൾ സൃഷ്ടിക്കുന്ന സംവിധാനമാകരുത്. ഡിജിറ്റൽ വികസനത്തിന്റെ വിജയം ഇന്റർനെറ്റ് ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ മാത്രമല്ല; അത് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നുണ്ടോ എന്നതിലാണ്.

പരിസ്ഥിതിയും സമ്പദ്‌വ്യവസ്ഥയും തമ്മിലുള്ള ബന്ധം ഇന്ന് കൂടുതൽ പ്രസക്തമാണ്. പ്രകൃതിയെ നശിപ്പിച്ചുകൊള്ളുള്ള വികസനം ഒടുവിൽ മനുഷ്യനെയാണ് ദുർബലമാക്കുന്നത്. വനങ്ങൾ ഇല്ലാതാകുമ്പോൾ മഴയുടെ സ്വഭാവം മാറുന്നു; കാലാവസ്ഥ മാറുമ്പോൾ കൃഷി തകരുന്നു; കൃഷി തകരുമ്പോൾ ഗ്രാമീണ സമ്പദ്‌വ്യവസ്ഥ ദുർബലമാകുന്നു. അതുകൊണ്ട് സുസ്ഥിര വികസനം ഒരു പരിസ്ഥിതി മുദ്രാവാക്യം മാത്രമല്ല; അത് ദീർഘകാല സാമ്പത്തിക നയത്തിന്റെ അടിസ്ഥാനമാണ്.

ഇന്ത്യയുടെ ഫെഡറൽ സാമ്പത്തിക സംവിധാനവും പുതിയ വെല്ലുവിളികൾ നേരിടുന്നു. സംസ്ഥാനങ്ങളുടെ ധനകാര്യ സ്വാതന്ത്ര്യം, വികസന ആവശ്യങ്ങൾ, സാമൂഹിക മേഖലകളിലെ ചെലവുകൾ, കേന്ദ്ര–സംസ്ഥാന സഹകരണം എന്നിവ ശക്തിപ്പെടുത്തേത് കാലത്തിന്റെ ആവശ്യമാണ്. ശക്തമായ സംസ്ഥാനങ്ങളാണ് ശക്തമായ ഇന്ത്യയുടെ അടിത്തറ.

ഒരു സമൂഹത്തിന്റെ സാമ്പത്തിക ആരോഗ്യം മനസ്സിലാക്കാൻ ഓഹരി വിപണിയിലേക്കല്ല, ഒരു സർക്കാർ സ്കൂളിലേക്കും ഒരു പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്കും ഒരു കർഷകന്റെ വീട്ടിലേക്കും ഒരു തൊഴിലാളിയുടെ ജീവിതത്തിലേക്കും നോക്കിയാൽ മതി. അവിടെ പ്രതീക്ഷയുങ്കെിൽ സമ്പദ്‌വ്യവസ്ഥ ആരോഗ്യവാനാണ്. അവിടെ നിരാശയാണെങ്കിൽ വളർച്ചയുടെ കണക്കുകൾക്ക് വലിയ അർഥമില്ല.

സാമ്പത്തികശാസ്ത്രം ഒടുവിൽ മനുഷ്യനെക്കുറിച്ചുള്ള പഠനമാണ്. ആഡം സ്മിത്ത് മുതൽ അമർത്യ സെൻ വരെ നിരവധി സാമ്പത്തിക ചിന്തകർ നമ്മെ ഓർമ്മിപ്പിച്ച ഒരു സത്യമുവ്‌വിപണി പ്രധാനമാണ്, പക്ഷേ മനുഷ്യൻ അതിനേക്കാൾ പ്രധാനമാണ്. മനുഷ്യന്റെ അന്തസ്സും അവസരങ്ങളും വികസിപ്പിക്കുന്ന സമ്പദ്‌വ്യവസ്ഥയാണ് യഥാർഥത്തിൽ വിജയിക്കുന്നത്.

ഒരു അധ്യാപകനെന്ന നിലയിൽ എന്റെ പ്രതീക്ഷ വിമർശനത്തിൽ ഒതുങ്ങുന്നതല്ല. ഇന്ത്യയ്ക്ക് അതിശയകരമായ സാധ്യതകളുണ്ട്. യുവജനങ്ങളുടെ ഊർജം, സ്ത്രീകളുടെ വർധിച്ചുവരുന്ന സാമ്പത്തിക പങ്കാളിത്തം, ശാസ്ത്ര–സാങ്കേതിക രംഗത്തെ മുന്നേറ്റം, ചെറുകിട സംരംഭകരുടെ ആത്മവിശ്വാസം, ഗവേഷണ സാധ്യതകൾഇവയെല്ലാം ഇന്ത്യയുടെ ഭാവിയെ ശക്തിപ്പെടുത്താൻ കഴിവുള്ളവയാണ്. എന്നാൽ ഈ സാധ്യതകളെ യാഥാർഥ്യമാക്കണമെങ്കിൽ വികസനം ചിലരുടെ വിജയകഥയാകാതെ എല്ലാവരുടെയും ജീവിതാനുഭവമാകണം.

നമ്മുടെ കാലത്തിന്റെ ഏറ്റവും വലിയ ചോദ്യം ഇന്ത്യ എത്ര വേഗത്തിൽ വളരുന്നു എന്നതല്ല. ആ വളർച്ച മനുഷ്യനെ എത്രത്തോളം മാന്യമായി ജീവിക്കാൻ സഹായിക്കുന്നു എന്നതാണ്. വിശപ്പില്ലാത്ത കുട്ടികൾ, തൊഴിലുള്ള യുവാക്കൾ, ആത്മഹത്യ ചെയ്യാത്ത കർഷകർ, ചികിത്സ ലഭിക്കുന്ന രോഗികൾ, സമാധാനത്തോടെ ജീവിക്കുന്ന വാർധക്യംഇവയാണ് ഏതൊരു സാമ്പത്തിക നയത്തിന്റെയും യഥാർഥ വിജയസൂചികകൾ.

ചരിത്രം പല സാമ്രാജ്യങ്ങളുടെയും ഉയർച്ചയും തകർച്ചയും രേഖപ്പെടുത്തിയിട്ടു്. എന്നാൽ ജനങ്ങളുടെ ക്ഷേമത്തെ അവഗണിച്ച ഒരു സമ്പദ്‌വ്യവസ്ഥയും ദീർഘകാലം നിലനിന്നിട്ടില്ല. ഇന്ത്യയുടെ ഭാവി സുരക്ഷിതമാകണമെങ്കിൽ വളർച്ചയുടെ വേഗതയ്ക്കൊപ്പം നീതിയും സമത്വവും മാനവികതയും വളരണം.


അവസാനമായി ഒരു ചോദ്യം മാത്രം ബാക്കി നിൽക്കുന്നു: നാം വികസിത ഇന്ത്യയെ സ്വപ്നം കാണുകയാണോ, അതോ വികസനം അനുഭവിക്കുന്ന ഇന്ത്യയെയോ?

ഈ ചോദ്യത്തിനുള്ള ഉത്തരം സാമ്പത്തിക വിദഗ്ധരല്ല എഴുതേണ്ടത്; നമ്മുടെ നയങ്ങളും നമ്മുടെ സമൂഹവും ചേർന്നാണ് എഴുതേണ്ടത്. ആ ഉത്തരം മനുഷ്യന്റെ മുഖത്ത് ഒരു പുഞ്ചിരിയായി തെളിയുന്ന ദിവസം, അന്നായിരിക്കും ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ യഥാർഥ വിജയത്തിന്റെ പുതിയ അധ്യായം തുറക്കുന്നത്.





Muhammed Siraj K
Asst. Professor
Department of Economics



# Quantum Mechanics

## Where Intuition Breaks Down

In 2025, the world celebrated 100 years of quantum mechanics, one of the most revolutionary theories in modern science. Recognizing its significance, the United Nations observed the year as the International Year of Quantum Science and Technology.

Imagine throwing a ball at a wall and seeing it pass right through instead of bouncing back. In our everyday experience, that would seem impossible. We are used to a world where objects have fixed positions, events happen in a predictable way, and everything appears to follow common sense. However, when we look at the world of atoms and subatomic particles, these familiar ideas no longer hold true. This is the world described by quantum mechanics.

Quantum mechanics is the branch of physics that studies the behaviour of matter and energy at the atomic and subatomic level. It was developed during the early twentieth century by scientists such as Max Planck, Niels Bohr, Werner Heisenberg and Erwin Schrödinger. It came into existence because classical physics could not explain certain experimental observations like blackbody radiation and atomic spectra. Instead of making small changes to existing theories, quantum mechanics introduced a completely new way of understanding nature.

One of the first surprising ideas in quantum mechanics is wave-particle duality. We usually think of light as a wave and electrons as particles. But quantum mechanics tells us that both light and matter can behave as waves as well as particles. This strange behaviour is clearly seen in the famous double-slit experiment. When electrons are sent one by one through two narrow slits, they produce an interference pattern similar to waves. However, when they are detected, they appear as individual particles. This shows that nature does not always behave according to our everyday expectations.

One of the most interesting concepts in quantum mechanics is superposition. According to this idea, a quantum system can exist in more than one possible state at the same time until it is measured. Before measurement, the system is described by a wave function, which gives the probability of different outcomes rather than a single definite result. Although this idea may sound difficult to accept, many experiments have confirmed that it accurately describes the behaviour of particles at the quantum level.

The idea of superposition is often explained using Schrödinger's famous thought experiment, known as Schrödinger's Cat. In this example, a cat inside a closed box is considered to be both alive and dead until the box is opened and observed. Schrödinger proposed this thought experiment to show how unusual quantum ideas appear when applied to everyday objects. It was never meant to suggest that a real cat could exist in such a state. Instead, it highlights the difference between the microscopic quantum world and the macroscopic world we experience in daily life.

Another remarkable feature of quantum mechanics is quantum entanglement. When two particles become entangled, their properties become connected in such a way that measuring one particle immediately determines the state of the other, even if they are separated by a very large distance. This phenomenon was so surprising that Albert Einstein referred to it as "spooky action at a distance." Although it seemed difficult to believe at first, many experiments over the years have confirmed that quantum entanglement is a real phenomenon and one of the most fascinating aspects of modern physics.

The strange nature of quantum mechanics does not prevent it from being one of the most successful scientific theories ever developed. In fact, its predictions agree with experimental results to an extraordinary level of accuracy. More importantly, quantum mechanics forms the foundation of many technologies that we use every day. Devices such as transistors, semiconductors, lasers, LED lights, MRI scanners, atomic clocks and even the GPS navigation system depend on quantum principles. Without quantum mechanics, many of the technologies that have become an essential part of modern life would not exist.

Quantum mechanics has also changed the way scientists think about nature. Classical physics suggests that if we know everything about a system, we should be able to predict its future exactly. Quantum mechanics presents a different picture. Instead of giving definite answers, it provides the probabilities of different outcomes. This uncertainty is not caused by a lack of knowledge or imperfect instruments. Rather, it is a fundamental property of nature itself.

This teaches us an important lesson. Our intuition is based on the world we see around us, where objects are large and move according to familiar rules. It is therefore natural that our common sense struggles to understand the behaviour of atoms and subatomic particles. Science often progresses by questioning ideas that once seemed obvious, and quantum mechanics is perhaps the greatest example of this.

Niels Bohr, one of the pioneers of quantum theory, expressed this beautifully when he said,

"Anyone who is not shocked by quantum mechanics has not understood it."

As a student of physics, quantum mechanics reminds us that science is not just about finding answers but also about asking better questions. Even after a century, it continues to challenge our understanding and inspire us to explore the mysteries of the universe.



R Vigneshwer Ramesh
2nd B.Sc. Physics

# മാളം

മൂകമാം അന്തരീക്ഷത്തിലൂടെ ഞാനെൻ മാളത്തിലേക്ക്
യാത്ര തുടങ്ങി.
നേരം ഏറെ വൈകി. അന്തരീക്ഷം കറുപ്പിനാൽ മൂടപ്പെട്ടു.

ഇന്നാദ്യമായി അവശയായി കിടക്കും എൻ അമ്മക്കായി ഇര
തേടാൻ ഇറങ്ങിയത് ആണീ ഞാൻ.
ഇര തേടാൻ മാളത്തിൽ നിന്നിറങ്ങും മുൻപേ എൻ അമ്മ
എന്നോടായി പറഞ്ഞു

മകനേ നീ ഇനി സഞ്ചരിക്കാൻ പോകുന്നവഴികളിൽ ഒരുപാട്
ജീവജാലങ്ങളെ കാണും..
അതിൽ നാം അടങ്ങുന്ന വർഗത്തേക്കാൾ വിഷം ചീറ്റുന്നവർ
മനുഷ്യവർഗമാണെന്ന ചിന്ത നിന്നിൽ ഉണ്ടാവണം.


ഞാനെൻ മാളത്തിന് അടുത്തേക്ക് എത്തി .അപ്പോഴതാ
അതിന് മുന്നിൽ ഒരു മറയായൊരു മാളം!

ഇതെന്നേക്കാൾ വലിയൊരു ഉരഗം സൃഷ്ടിച്ചതോ...?
അല്ലെങ്കിൽ അമ്മ പറഞ്ഞയാ വിഷം ചീറ്റുന്ന ജന്തുക്കൾ
സൃഷ്ടിച്ചതോ?

ഞാൻ എന്റെ ബന്ധുമിത്രാഥികൾ എവിടെ എന്ന ധാരണയാൽ
ചുറ്റും നോക്കി.

അപ്പോഴതാ ഒരു ജന പ്രതിനിധി ഉറക്കെ ചിരിച്ചോണ്ട്
പറയുന്നു,
ഇതാ ഈ നാട് കണ്ട ഏറ്റവും വലിയ വികസനം തുരങ്കപാത..

ആ നിമിഷം എനിക്കെൻ മാളം ചുരുങ്ങിയതായി തോന്നി...
ഞങ്ങളുടെ അകാലമോ ഈ ജന്തുക്കളുടെ നല്ലകാലം??



Shifa Sherin
1st BA History

പേര് ചോദിച്ചു,
**മനുഷ്യൻ** എന്ന് പറഞ്ഞു.

കുലം ചോദിച്ചു,
**ചിരി** എന്ന് പറഞ്ഞു.

ജാതി ചോദിച്ചു,
**മിണ്ടാതിരുന്നു.**

ആ മൗനത്തിന്
കത്തി മറുപടി പറഞ്ഞു.
രക്തം വീണ മണ്ണിൽ
ജാതി മുളയ്ക്കില്ല.
പിന്നെ എന്തിന്
വിദ്വേഷം നനയ്ക്കുന്നു?
**അമ്മയുടെ കണ്ണീരിന്**
**ജാതിയില്ല.**

**കുഞ്ഞിന്റെ വിശപ്പിന്**
**മതമില്ല.**
മരണത്തിന് മുന്നിൽ
നമ്മൾ ഒരേ മണ്ണ്.
അവനെ കൊന്നപ്പോൾ
ചത്തത് അവൻ മാത്രമല്ല,
നമ്മുടെ മനുഷ്യത്വം കൂടിയാണ്.

ഇനി ചോദിക്കരുത് അവൻ ആരെന്ന്.
ചോദിക്കൂ, നമ്മൾ ആരായി മാറുന്നു എന്ന്.
ജാതി തുലയട്ടെ....
**വർഗീയത തുലയട്ടെ..**
**മനുഷ്യൻ ജയിക്കട്ടെ**



Aleena O T
3rd BA History




Sharon Joy Prasad
Office Assistant


2007 April 3-ാം തിയ്യതി, എന്റെ 9-ാം വയസ്സിൽ ആണ് ഞാൻ ആദ്യമായി മലബാർ ക്രിസ്ത്യൻ കോളേജിൽ വരുന്നത്. അന്ന് അവിടെ കോളേജും, സസക്സ് ക്രിക്കറ്റ് അക്കാദമിയും സംയുക്തമായി നടത്തിയിരുന്ന ക്രിക്കറ്റ് കോച്ചിംഗ് ക്യാമ്പിൽ പങ്കെടുക്കാൻ ആണ് വന്നത്. ഒരു മാസം നീണ്ടുനിന്ന ക്യാമ്പ് ആയിരുന്നു അത്. ക്യാമ്പിൽ രാവിലെ 5.30-ന് കൊയിലാണ്ടിയിൽ നിന്നും ബസ്സിൽ അച്ഛന്റെ കൂടെ ആയിരുന്നു വരാറ്. ക്യാമ്പ് കഴിഞ്ഞതിനു ശേഷവും ആഴ്ചയിൽ 4-5 ദിവസം പ്രാക്ടീസ് ചെയ്യാൻ കോളേജിൽ വരുമായിരുന്നു. അന്ന് കോളേജിൽ പഠിച്ചുകൊിരുന്നവരൊക്കെ എന്നോടും അച്ഛനോടും ഒക്കെ എല്ലാവരും വളരെ നല്ല സ്നേഹത്തോടെ ആയിരുന്നു പെരുമാറിയിരുന്നത്. അതു കൊണ്ടുതന്നെ എനിക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല.

സന്തോഷ് കുമാർ . സി. എന്ന സാർ ആണ് എന്നെ ക്രിക്കറ്റ് പരിശീലിപ്പിച്ചത്. പരിശീലനത്തിന്റെ ഇടയിൽ എപ്പോഴോ ആണ് കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ Dept. Head ഹരിസാറിനെ പരിചയപ്പെടുന്നത്. സാറുമായുള്ള അടുപ്പം എന്റെ കളിയിൽ വളരെധികം ഗുണം ചെയ്തു. ഹരിസാറിന്റെ നിർദ്ദേശപ്രകാരം ആണ് ഞാൻ +2 കഴിഞ്ഞതിനു ശേഷം MCC യിൽ English Main Sports quota യിൽ ജോയിൻ ചെയ്തത്. എന്റെ കാര്യങ്ങൾ അറിയാവുന്ന English Dept. Teachers എല്ലാവരും എന്നോട് സഹകരിച്ചു. പ്രത്യേകിച്ച് നിനറ്റ് മാം. അതുകൊണ്ടുതന്നെ എന്റെ പഠനവും കുറച്ചു മുന്നോട്ടു പോവാൻ സാധിച്ചു.
2017-ൽ കോളേജിൽ പഠിക്കുന്ന സമയത്താണ് എനിക്ക് Under-19 India ലഭിക്കുന്നത്. അത് എന്റെ ജീവിതത്തിൽ വലിയൊരു അനുഭവമായി.

കോളേജിലെ എന്റെ പഠനകാലത്ത് വലിയ പ്രോത്സാഹനം തന്ന പ്രിൻസിപ്പാൾ ആണ് ഗോഡ്വിൻ സാർ. സാറിന്റെ കയ്യിൽ നിന്നും 2 തവണ ഉപഹാരം സ്വീകരിക്കാനും എനിക്ക് സാധിച്ചിട്ടുണ്ട്.
എന്റെ കളിയും Fitness-ഉം നന്നാക്കാൻ വേണ്ടി കോളേജിലെ Gym ഞാൻ ശരിക്കും ഉപയോഗിച്ചു. ഹരിസാർ അതിനൊക്കെ എല്ലാ സൗകര്യവും ചെയ്തു തന്നു.
അന്ന് എന്റെ കൂടെ കോളേജിൽ കളിച്ചിരുന്ന വൈശാഖ് കൃഷ്ണ ഇന്ന് കേരള ക്രിക്കറ്റ് ടീമിന്റെ Fitness Trainer ആണ്. ഇന്ത്യയിലെ അറിയപ്പെടുന്ന ഒരു Fitness Trainer ആണ് ഇപ്പോൾ. അവന്റെ വളർച്ചയിലും ഹരിസാറിന്റെ പങ്ക് വളരെ വലുതാണ്.

എനിക്ക് ക്ലാസ്സിൽ അധികം കയറാൻ സാധിച്ചിരുന്നില്ലെങ്കിലും കളികൾ ഇല്ലാത്ത ദിവസങ്ങളിൽ എല്ലാം കോളേജിൽ പ്രാക്ടീസ് ചെയ്യാൻ വരുമായിരുന്നു. എന്റെ പ്രാക്ടീസ് കാര്യങ്ങൾ നോക്കാൻ അച്ഛൻ എന്നും കൂടെ ഉണ്ടാവും.
ക്രിക്കറ്റ് ആണ് എന്റെ ജീവിതത്തിൽ എല്ലാം. അതിന് എന്റെ കോളേജ് ഒരുക്കിത്തന്ന സൗകര്യവും പ്രോത്സാഹനവും ഒരിക്കലും മറക്കില്ല.
ഇപ്പോൾ ഞാൻ കേരള ക്രിക്കറ്റ് ടീമിന്റെ ഓപ്പണറും, നായകനും ആണ്.
India Team ൽ കളിക്കണം എന്നാണ് എന്റെ സ്വപ്നം. India-A team വരെ കളിക്കാൻ സാധിച്ചു. ഇനിയും മുന്നോട്ട് പോവാനുണ്ട്. നിങ്ങളുടെ പ്രാർത്ഥനയും പ്രോത്സാഹനവും എന്നും വേണം. അതിനുവേണ്ടിയുള്ള കഠിന പരിശീലനത്തിൽ ആണ്. അന്ന് ഞാൻ കോളേജിൽ Practice ചെയ്തിരുന്ന സ്ഥലം ഇപ്പോൾ Library Building ആണ്. അതുകാണുമ്പോൾ ചെറിയ സങ്കടം തോന്നും. പക്ഷെ ഇപ്പോൾ അതിനേക്കാൾ വലിയ സൗകര്യം കോളേജിൽ ഉണ്ടാക്കിയതിൽ വലിയ സന്തോഷം.
എന്റെ കൂട്ടുകാരോട് എനിക്ക് പറയാനുള്ളത്, നിങ്ങൾക്ക് ഇഷ്ടമുള്ള മേഖലയിൽ വലിയ സ്വപ്നങ്ങളുമായി കഷ്ടപ്പെടാൻ തയ്യാറാവുക. ജീവിത വിജയം തീർച്ചയായും നിങ്ങളെ തേടി എത്തും.

നന്ദി,
രോഹൻ കുന്നുമ്മൽ



# Freedom on Paper,
## Oppression in Reality

"Freedom

is not merely the absence of chains; it is the presence of dignity, equality, and the ability to live without fear."

Every democratic nation proudly proclaims that its citizens are free... Constitutions promise equality before the law, freedom of speech, freedom of religion, the right to education, and the right to live with dignity... These rights are carefully written on paper, protected by legal systems, and celebrated on national holidays.. Yet, for millions of people, freedom remains an idea rather than an experience... Between the words printed in constitutions and the lives people actually lead lies a painful reality, a reality where oppression continues to exist in countless visible and invisible forms...

Freedom on paper does not always translate into freedom in everyday life... A person may legally have the right to speak, yet remain silent out of fear of ridicule, discrimination, or social exclusion.. A child may have the right to education, yet poverty forces them to work instead of attending school..A woman may have equal rights under the law, but still face harassment, unequal opportunities, and violence..Laws can guarantee freedom, but they cannot automatically eliminate prejudice, inequality, or injustice...



One of the greatest contradictions of modern society is that while equality is guaranteed, privilege often determines opportunity... People born into poverty must fight battles that others never encounter..Access to quality education, healthcare, employment, and justice is not always equal.. In many cases, wealth, social status, gender, caste, ethnicity, or geographical location continue to shape a person's future more than their talent or determination...

Freedom of expression is another right that exists both as an ideal and a challenge... In theory, everyone has the right to express opinions.. In practice, many people hesitate because they fear criticism, social isolation, online abuse, or professional consequences.. The fear of being judged often becomes a form of self-censorship.. When people silence themselves to avoid punishment or rejection, freedom loses much of its meaning...

The digital age has created another paradox.. Technology has given people platforms to share ideas, connect with others, and access information like never before... At the same time, it has introduced cyberbullying, misinformation, hate campaigns, and constant surveillance.. Social media promises a voice for everyone, but many users experience harassment simply for expressing their identities or opinions... Freedom exists with a hidden cost...

Perhaps the most painful form of oppression is the one that becomes normal... Discrimination, unfair treatment, unrealistic beauty standards, gender stereotypes, academic pressure, and economic inequality are often accepted as ordinary parts of life.. Because they are familiar, people stop questioning them... Society begins to mistake endurance for acceptance, allowing oppression to survive behind the appearance of normality..

History reminds us that rights written on paper were achieved only because ordinary people challenged injustice... Every movement for equality, civil rights, women's rights, labour rights, and social justice began with individuals who refused to accept oppression as inevitable... Their courage transformed legal promises into lived realities... Yet their work remains unfinished..



# Freedom

is not measured by the words printed in a constitution but by whether every person can live with dignity, safety, and equal opportunity.. A society cannot call itself truly free if some citizens continue to live in fear, discrimination, hunger, or silence while others enjoy every privilege... **Real freedom** reaches beyond legislation , it lives in classrooms where every child is welcomed, in workplaces where merit is respected, in homes free from violence, and in communities where diversity is celebrated instead of feared...

As students and future citizens, we inherit not only the freedoms won by previous generations but also the responsibility to protect and expand them... **Our duty is not simply to celebrate freedom** during national events but to question injustice wherever it exists.. Every time we speak against discrimination, support someone whose voice has been ignored, or challenge an unfair system, we help transform freedom from words on paper into reality...

A nation becomes truly free not when it writes beautiful laws, but when every citizen, regardless of identity or background, experiences those laws in everyday life... Until then, freedom will remain on paper, while oppression continues in reality…



Parvati Aarichal Kalarikkal
2nd M.Sc Mathematics

# WHEN QUESTIONS BECOME CRIMES



Arya Sivadasan
3rd BA History

They stitched a flag
and forgot the thread.
They held up colours
and forgot the hands
that bled to weave them.
Then they built a dictionary.
On one page
they wrote:
Nationalist
the one who loves the nation.
But who is the nation?
Is it marble halls
where echoes applaud themselves?
Is it a chair
a seal
a speech
a throne that mistakes itself
for the soil beneath it?
Or is it the child
who carries a schoolbag
heavier than tomorrow?
The mother
counting borrowed coins.
The worker
whose palms remember
every brick
the city forgets.
The student
who asks,
"Why?"
Somewhere,
someone crossed out
the old definition.
They whispered
"Questions are dangerous."
"Silence is loyalty."
"Agreement is patriotism."
But democracy
has never spoken
in a single voice.
It was born
from arguments,
fed by disagreement,
kept alive
by those who refused
to mistake obedience
for love.
Tell me

If a mirror
shows a wound,
Is the mirror
against the body?
If a lighthouse
warns of rocks,
Is the light
against the sea?
If a citizen
asks for justice,
Is the question
against the nation?
or against
its unanswered promises?
And then I wonder
Who truly
is an anti national?
Is it the one
who asks the nation
to become kinder?
Or the one
who asks it
to stop listening?
Is it the voice
that demands answers
or the silence
that fears them?
Can love of a country
exist without truth?
Can patriotism
survive without accountability?
Can a Constitution
breathe
where questions
are taught to whisper?
Perhaps
an anti national
is not the one
who unsettles power,
but the one
who unsettles justice.
Not the one
who reveals a crack,
but the one
who paints over it
and calls it perfect.
Not the one
who holds up a mirror,
but the one
who shatters every mirror
for telling the truth.

Perhaps
the opposite
of nationalism
is not dissent.
Perhaps
it is indifference
to hungry children,
to broken classrooms,
to forgotten villages,
to promises
left to gather dust,
to truth
left unanswered,
to justice
left waiting,
to hope
left behind.
A nation
is not a slogan
to be repeated.
It is a promise
renewed
every single day.
A flag
cannot feed the hungry.
An anthem
cannot educate a child.
A salute
cannot replace accountability.
And love
love for a nation
is measured
not by how loudly
we praise it,
but by how fiercely
we refuse
to abandon its people.
So before you
teach me
the meaning
of nationalism,
ask yourself

Who are the real anti nationals?

# The Proud Me

I was at the age of twelve when they told my name is where I should dwell
But this was not my dream
and all l want is to scream.
They gave me a piece of candle and told it symbolises peace that I need to handle,
But I preferred a sword which they told I can't afford.
I am ready for the fights to achieve my lights
all I want is to make me proud in front of the people who engraved me in the crowd
Yes and yes I won the fight which I know it was in my insight,
all I made is myself proud
for the people who loved me in the crowd.
Now I have the sword that they told I can't afford,
I am proud that I'm born
as a girl who now wears a crown.



Sreeprabha M
3rd B.Sc. Chemistry



Now I'm sure of the inner flame that I'm ready to fame
because now I can achieve my dream and can stop my inner screams.
I'm proud of myself
because I, the girl who taught myself that the flowers can be engraved
but not to adorne the grave.
Yes now I can sing, I can dance because I've got my chance I am proud that I achieved the thing that every girl once think.
The day they accepted me was the day when I became a bee who loves the honey
and causes a smile similar to a bunny.
I proved and im proud of myself
because I'm the girl who taught me that the flower can be engraved
and not to adorne the grave.

# പെൺ സ്വാതന്ത്ര്യം



'സ്വാതന്ത്ര്യം' എന്ത് മനോഹരമായ വാക്ക്!
പക്ഷെ,
'പെൺ സ്വാതന്ത്ര്യം' അതിന് ഈ പറഞ്ഞ മനോഹാരിത ഉണ്ടോ...?
ഉണ്ടെന്നായിരിക്കും പലരുടെയും വാദം.

പക്ഷെ,
അത് അറിയണമെങ്കിൽ ഒരു പെണ്ണിനോട് തന്നെ ചോദിക്കണം.
അത് ചോദിക്കുമ്പോൾ അവളുടെ മുഖത്ത് ഒരു ചിരി കാണാം.

ചുണ്ടിൽ മാത്രം ഒതുങ്ങിയ ഒരു
'പുഞ്ചിരി'.... കാരണം ഒരു പെണ്ണായി പിറന്നു എന്നത് കൊണ്ട് മാത്രം
അവൾക്ക് നിഷേധിക്കപ്പെട്ട ഒന്നായിരുന്നു 'സ്വാതന്ത്ര്യം'.

പൊട്ടിച്ചിരികളും ഉറക്കെയുള്ള സംസാരവും അവളെന്നപെണ്ണ്
എന്ന് ചുവന്നു ഒഴിവാക്കിയപ്പോൾ നിഷേധിക്കപ്പെട്ടു.

അവസാനം നാലുപേർക്ക് മുന്നിൽ അവളെ അണിയിച്ചൊരുക്കി
അവർ അവൾക്ക് വിലയും നിശ്ചയിച്ചു:
' സ്ത്രീധനം ' ആ ധനത്തിന്റെ കൊലക്കയറിൽ
അവൾ ഞെരിഞ്ഞമർന്നു.



Vismaya K T
1st BA Malayalam

# UNION REPORT

**Respected principal, chief guest, manager and teachers and my dear fellow students.**

Students at MCC have embraced the banner of the struggles that transformed campuses into fountains of creativity and gave wings to students' dreams.

In the Union Council meeting held in the presence of the Principal, Dr. Biju Joseph was selected as the Staff Advisor.
Akhil R. Krishnan was appointed as the Staff Editor from the Physics Department.
Dr. Suresh Puthenparambil was appointed as the Cultural incharge from the Malayalam Department.
Saigeetha was appointed as the Cultural incharge from the English Department.

The swearing-in ceremony for the college union office bearers for the 2025-26 academic year was held at Gundert Hall on October 21; the office bearers assumed their duties after taking the oath administered by Dr. Biju Joseph in the presence of the Principal. A promotional event for the movie Night Rides was also conducted in conjunction with the ceremony.
* Events held included Retro Day on December 21, Christmas celebrations on dec 23th, and the union inauguration on January 6th, college arts off stage programmes on January 13-14 & on stage programmes on 29-30 , ethnic day &valentines day on feb 10,annual sports meet on feb 11 ,In connection with this, Indrans and his team arrived as chief guests to promote the movie 'Asan. Ifthar and mehfil night on march 5 , college day on march 17 ,holi celebration on March 23
Department association inaugurations are conducted on various days from January 27 to February 6.
*The B-Zone Arts Festival was held at MES College, Kunnamangalam, from February 12 to 16. MCC secured fifth place with a total of 69 points and also won awards for Best Actress, Best Actor, and Best Play.

# നന്ദി

"Article 19" എന്നത് കേവലം ഒരു പ്രസിദ്ധീകരണം മാത്രമല്ല, മറിച്ച് ഒരു ജനതയുടെ ആവശ്യങ്ങൾക്ക് നേരെ കണ്ണടച്ച ഭരണകൂടങ്ങൾക്കും അന്ധമായ വ്യവസ്ഥിതികൾക്കും എതിരായ ഒരു പറ്റം വിദ്യാർഥികളുടെ പ്രതിഷേധം കൂടിയാണ്.ഈ മാഗസിന് പിന്നിൽ കഴിഞ്ഞ ഒരു വർഷത്തെ അധ്വാനത്തിന്റെ വിയർപ്പിന്റെയും കണ്ണീരിന്റെയും ഇടകലർന്ന ഗന്ധമുണ്ട്. പ്രതികരണ ശേഷിയുള്ള തലമുറയെ വളർത്തിയെടുക്കുന്നതിനു പകരം നിശബ്ദരായ ഒരു പറ്റം അടിമകളെ വളർത്തിയെടുക്കാൻ ശ്രമിക്കുന്ന ഈ കെട്ടകാലത്തിൽ, ജ്വലിക്കുന്ന യുവത്വത്തിന്റെ നാവാകാൻ ഒരു പരിധി വരെ സാധിച്ചു എന്നത് തന്നെയാണ് ഈ മാഗസിന്റെ ഏറ്റവും വലിയ വിജയമായി ഞങ്ങൾ കണക്കാക്കുന്നതും. ഈ എളിയ ശ്രമത്തിൽ തുടക്കംമുതൽ ഒടുക്കം വരെ കൂടെയോടിയ മാഗസിൻ കമ്മിറ്റി അംഗങ്ങൾക്കും, ഒപ്പം നിന്ന മാതാപിതാക്കൾക്കും, അധ്യാപകർക്കും, പ്രിയ സുഹൃത്തുക്കൾക്കും സർവോപരി ഇങ്ങനെയൊരവസരം തന്ന വിദ്യാർഥികൾക്കും ഒരായിരം നന്ദി. ഈ താളുകൾ വായനക്കാരുടെ മനസ്സിൽ പ്രതിഷേധത്തിന്റെ തീ കൊളുത്താനിടവരുത്തട്ടെ.

*Sreekarthik Nambiar*



# PG & UG BATCHES

# 2025-26


MSc. Physics


MA Economics


M.Sc. Chemistry


MA Malayalam


MCJ


B.Vo


M.Sc. Zoology


M.Sc. Mathematics


MA Econometrics


MA History


MA English



**Third BBA**



**Third B.Com Finance**



**Third BA Economics**



**Third B.Sc. Chemistry**



**Third BA English**



**Third BSc. Physics**



**Third BA Malayalam**



**Third BA History**



**Third B.Sc. Mathematics**



**B.Com CA**



**Third B.Sc. Zoology**

## Calicut University inter College Boxing Championship



**Kiran Raj U**
Gold Medal
3rd B.Com CA



**Muhsin Junga**
Gold Medal
3rd B.Com Finance



**Shezin**
Gold Medal
B.Sc Zoology



**Abhiroop CV**
Bronze Medal
2nd BA MALAYALAM



**Minhaj**
Bronze Medal
3rd B.Com CA

## Calicut University weight lifting Championship



**Muhammed Shamil NP**
Gold Medal
3rd B.Com Finance



**Swadhin Suresh**
Gold Medal
3rd B.Sc Mathematics



**Muhammed Shamil KP**
Silver Medal
2nd BA History



**Roshan**
Bronze Medal
2nd BA Economics

## Wushu



**Abhilash CP**
Bronze Medal
3rd BA History



**Abhinav NP**
Bronze Medal
2nd B.Sc Mathematics

## Taekwondo Championship



**Pooja M S**
M.Sc Zoology
Poomsae Pair -3rd , Poomsae Individual - 3rd
Kyorugi -2nd, under 62kg 2nd

## Calicut University Kickboxing Championship



**Anandhu NS**
Bronze Medal
B.Com CA

## Calicut University Karate Championship



**Abhinand Tharammal**
2nd B.Sc Physics
Bronze Medal

## Urumippayattu



**Aswin T**
3rd BA Economics
Silver medal

## Arm Wrestling



**Muhammed Afsal TS**
2nd BBA
Silver Medal

## Table Tennis



**Anamika M**
1st B.Com Finance
Silver Medal

## Kalarippayattu



**Vinayak V**
3rd BA Economics
Valum paricha-3rd
Urumi paricha-1st
Urumi veedhal-2nd
High kick -2nd



**Vivek S**
3rd B.Sc Mathematics
Urumi Veedhal Gold Medal

# OUR STUDENTS OUR PRIDE

## UNIVERSITY RANKS

### 1st Rank

**Akhila V. S.**
(M.A. Malayalam)

**Muhammed Imran K.**
(M.A. Econometrics)

**Sruthi N. M.**
(B.A. Economics)

### 2nd & 3rd Ranks

**Asvinta P.**
(M.A. Econometrics)

**Fasna N.**
(M.A. Econometrics)

**Sreehari S.**
(M.A. Malayalam)

**Ganga S. Nair**
(B.Sc. Zoology)

## UGC-CSIR NET / JRF

ACHIEVERS

**Naveena E.**
AIR 81

**Fathah M. L.**
AIR 138
in Zoological Sciences

**Lijajith A. L.**
AIR 154

## IIT-JAM

QUALIFICATION

**Sourav V. V.**
AIR 1158 in Physics and gained admission to IIT Patna

## N.S.S

ACHIEVEMENTS

**Amina Dansha E.P.**
Represented Kerala at the "Ek Bharath Shresht Bharath" National youth Exchange Programme in Haryana

**Dilruba K.T.**
Attended national integration Camp held at Savithri Bhai Phule University Pune Maharashtra from February 11th to 18th.

## N.C.C

ACHIEVEMENTS

| | |
|---|---|
| **Fathimajumana C** | AINSC 2025 AT INS SHIVAJI LONAVALA, MAHARASHTRA |
| **SGT Meghna P** | from 3rd BSc Mathematics – attended the SNIC Srinagar. |
| **LCPL Disa Dinesh** | from 3rd BA History – attended the Ek Bharat Shreshtha Bharat Camp Kerala. |
| **CPL Haripriya P** | from 3rd BA Economics – attended OTA Attachment Camp at Chennai. |
| **UO Yamuna K K** | from 3rd BA English – attended the Ek Bharat Shreshtha Bharat Camp Gujarat. |
| **CDT Malavika R S** | from 2nd BSc Chemistry – attended the SNIC Jaisalmer. |
| **LCPL Neha Biju** | from 2nd BA History – attended Army Attachment Camp at Pangode Military Camp. |
| **CDT Nanditha N K** | from 1st BA Malayalam – attended the Adventure Camp at MRC Wellington. |


AVARDA
skyford

# MCCians









IDBI BANK
Bank Aisa Dost Jaisa
Promoted by Govt. of India & LIC of India
സുഹൃത്തിനെപ്പോലൊരു ബാങ്ക്
CELEBRATING 60
നിക്ഷേപങ്ങൾക്ക് പലിശ
7.05% വരെ
8.8%
7.75%
EDUCATION LOAN
AT ATTRACTIVE RATES
Maximum value for gold
in minimum time.
Get quick Gold Loans from
IDBI Bank at low interest rates (8.9%*)
Faster processing
Low interest rate
Higher loan amount
For more details Please Contact our Branch:
IDBI Bank, Ground Floor, City Plaza, YMCA Cross Road, Kozhikode - 673 001
Ph: 7736935572, 7012634494


RAJENDRA HOSPITAL
(A Unit of Dr. Balram Healthcare Pvt. Ltd.)
Living our values everyday
Estd. 1940
CELEBRATING
85TH
ANNIVERSARY
Departments
General Surgery
Laparoscopic (Key Hole) Surgery
Gynecology & Obstetrics
Rajendra IVF - (Opening Shortly)
Pediatrics & Neonatology
Nuclear Medicine
General Medicine
Diabetology
Cardiology OP
ENT
Dermatology
Dental
Orthopedics
Clinical Psychology
Urology
Gastroenterology
Physiotherapy
Plastic Surgery
Laser treatment for
Piles & Varicose vein
Balan K Nair Road, Ashokapuram, Kozhikode -01
0495 2766214, 0495 2766302



ഒരു ഡിസൈനർ എന്ന നിലയിൽ, **ആർട്ടിക്കിൾ 19**–ന്റെ ഉള്ളടക്കം വളരെ പ്രസക്തവും ചിന്തിപ്പിക്കുന്നതുമാണ്. സമകാലിക സമൂഹത്തോടും നമ്മുടെ ദൈനംദിന ജീവിതത്തോടും നേരിട്ട് ബന്ധപ്പെടുന്ന വിഷയങ്ങളെ ലളിതവും ശ്രദ്ധേയവുമായ രീതിയിൽ അവതരിപ്പിക്കുന്നതാണ് ഈ ലേഖനത്തിന്റെ പ്രത്യേകത. ഉള്ളടക്കത്തിന്റെ പ്രാധാന്യവും ആശയത്തിന്റെ ശക്തിയും വായനക്കാരിലേക്ക് വ്യക്തമായി എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡിസൈൻ സമീപനം രൂപപ്പെടുത്തിയത്. ചിത്രങ്ങൾ, ടൈപ്പോഗ്രഫി, നിറങ്ങൾ, സ്പേസിംഗ്, പേജ് ലേഔട്ട് എന്നിവ ശ്രദ്ധാപൂർവം ക്രമീകരിച്ച്, ഉള്ളടക്കത്തെ മറികടക്കാതെ അതിനെ കൂടുതൽ ആകർഷകവും വായനാസൗഹൃദവും ഓർമ്മയിൽ നിൽക്കുന്നതുമായ അനുഭവമാക്കാൻ ശ്രമിച്ചു.

Article 19ന്റെ ദൃശ്യാവിഷ്കാരത്തിന്റെ ഭാഗമാകാൻ അവസരം നൽകിയ എഡിറ്റോറിയൽ ബോർഡിനോട്  ടീമിന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. സമകാലിക പ്രസക്തിയുള്ള ഈ ലേഖനം കൂടുതൽ ആകർഷകവും ഫലപ്രദവുമായ രീതിയിൽ വായനക്കാരിലേക്ക് എത്തിക്കാനുള്ള ഈ അവസരം ഞങ്ങൾക്ക് ഏറെ സന്തോഷവും അഭിമാനവും നൽകുന്നു. ലേഖനത്തിന്റെ ആശയവും ഉള്ളടക്കവും അതിന്റെ പ്രാധാന്യവും ദൃശ്യഭാഷയിലൂടെ പകർന്നുനൽകുക എന്ന ലക്ഷ്യത്തോടെയാണ് ഡിസൈൻ ഒരുക്കിയത്. ഈ സൃഷ്ടിപരമായ യാത്രയിൽ ഞങ്ങളെ വിശ്വസിക്കുകയും പിന്തുണയ്ക്കുകയും ചെയ്ത എഡിറ്റോറിയൽ ബോർഡിനും, ഞങ്ങളുടെ ഡിസൈൻ ശ്രദ്ധയോടെ കാണുകയും ഈ ലേഖനം വായിക്കുകയും ചെയ്യുന്ന ഓരോ വായനക്കാരനും 4DSpaces.in ടീമിന്റെ ആത്മാർത്ഥമായ നന്ദി. നിങ്ങളുടെ പിന്തുണയും വിലമതിപ്പുമാണ് ഞങ്ങളുടെ സൃഷ്ടിപരമായ യാത്രയ്ക്ക് കൂടുതൽ പ്രചോദനമാകുന്നത്.

Team 4DSpaces.in


SSC MALAYALI
NO. 1 INSTITUTE FOR
SSC RRB EXAMS
കേന്ദ്രസർക്കാർ ജോലി
ഇനി ഒരു സ്വപ്നമല്ല
SAFDAR HASHMI
(FOUNDER & DIRECTOR)
EX - CBI, GST INSPECTOR
CGL KERALA RANK 01
SSC CHSL
KERALA RANK 1
CLAUDIA MATHEW
250+ ACHIEVERS
SECURED CENTRAL GOVERNMENT JOBS
SSC CGL
KERALA RANK 3
MUHAMMED SALIH T
SSC CGL
KERALA RANK 4
LAVANYA S
SSC CGL
KERALA RANK 5
SHINOY P
SSC CGL
KERALA RANK 8
ABHIJITH PRAMOD
SSC CGL
KERALA RANK 9
ROHIT JOSE
and many more
REAL STUDENTS. REAL RESULTS
INSTAGRAM
YOUR GOVERNMENT JOB
JOURNEY STARTS HERE
WHATSAPP
CONTACT
+91 9037 401 501
LOCATION
5TH FLOOR, HOLIDAY CITY CENTER, BANK RD,
MAVOOR ROAD JUNCTION, TAZHEKKOD,
KOZHIKODE, KERALA 673001
WEBSITE
WWW.SSCMALAYALI.COM